രാഘവീരവിജയം.

വടക്കുംകൂർ.

രഘുവീരവിജയം.

(ഒന്നാംഭാഗം)

ഗ്രന്ഥകർത്താവ്,

വടക്കുംകൂർ രാജരാജവർമ്മരാജാ.

കമലാലയാപ്രിൻറിംഗ് വർക്കസ്, ആൻറ്
ബുക്ക്ഡിപ്പോ,— തിരുവനന്തപുരം.

കമലാലയമുദ്രാലയം,
തിരുവനന്തപുരം.

1108.

Price Annas 12.] [വില ൧൨ അണ.

മുഖവുര.

രഘുവീരവിജയം കവനകൌമുദിമാസികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു കാവ്യമാകുന്നു. രാഘവാഭ്യുദയം മുഴുവൻ കവനകൌമുദിയിൽ പ്രസിദ്ധപ്പെടുത്തിയതിനു ശേഷമാണു് ഈ കാവ്യം രചിച്ചതു്. വിശ്വാമിത്രന്റെ യാഗരക്ഷ മുതൽ പരശുരാമവിജയംവരെയുള്ള രാമായണ കഥാംശം രാഘവാഭ്യുദയത്തിലും, അഭിഷേകാരംഭം മുതൽ ചിത്രകൂടപ്രാപ്തിവരെയുള്ളതു് രഘുവീരവിജയത്തിലും അടങ്ങിയിരിക്കുന്നു. രാഘവാഭ്യുദയത്തിൽ അവസാനിപ്പിച്ചിരിക്കുന്നതിനു മേൽ ഉള്ള കഥാഭാഗം ആണു് ഈ കാവ്യത്തിൽ അടങ്ങിയിരിക്കുന്നതെങ്കിലും, ഈ കാവ്യങ്ങൾ രണ്ടും രണ്ടു തന്നെ എന്നാണു് എന്റെ സങ്കല്പം.

കവനകൌമുദിയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിൽനിന്നു് അല്പമായ ചില ഭേദഗതികൾ, ഈ സന്ദർഭത്തിൽ, രഘുവീരവിജയത്തിൽ ചെയ്തിട്ടുണ്ടു്. ഒന്നാംഭാഗത്തിലെ ഇതിവൃത്തം ഒരു ശുഭസ്ഥാനത്തിൽ വച്ചു് അവസാനിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പത്താംസർഗ്ഗത്തിന്റെ ഒടുവിൽ സാരമായ ഒരു വ്യത്യാസം വരുത്തിയിട്ടുണ്ടു്. കഥാവസ്തുരചനയിൽ അല്പമായ ചില ഭേദഗതികൾ സന്ദർഭാനുസരണം വേറെയും ചെയ്തിട്ടുണ്ടെന്നു കാണാവുന്നതാണു്.

രാഘവാഭ്യുദയം എന്നപോലെ രഘുവീരവിജയവും സംസ്കൃതമഹാകാവ്യപ്രസ്ഥാനത്തെ കഴിയുന്നതും അനുസരിച്ചു രചിച്ചിട്ടുള്ള ഒരു കാവ്യമാകുന്നു. ഭാഷയിലുള്ള മഹാകാവ്യശാഖയ്ക്കു വേണ്ടുവോളവും വിശാലതയും അഭിവൃദ്ധിയും ഉണ്ടായി, സംസ്കൃതത്തിലുള്ള ആ ശാഖയുടെ സാദൃശ്യം ലഭിക്കുന്നതായാൽ, കൈരളീപദ്യസാഹിത്യത്തിനു് അതു ശ്രേയസ്കരമാകുമെന്നുള്ള ദൃഢമായ വിശ്വാസമാണു് ഈ കാവ്യരചനയ്ക്കു് എന്നെ പ്രധാനമായി പ്രേരിപ്പിച്ചതു്. ഈ കാവ്യങ്ങളിൽ സംസ്കൃതമഹാകാവ്യങ്ങളിലെ അംശങ്ങളെ യഥോചിതം

പല സന്ദർഭങ്ങളിലും ഞാൻ അനുകരിച്ചിട്ടുണ്ട്. ഈ കാവ്യം ഒന്നാംസർഗ്ഗത്തിൽ ചെയ്തിട്ടുള്ള സാഹിത്യവിചാരം, ശ്രീകണ്ഠചരിതം ശിവലീലാർണ്ണവം മുതലായ മഹാകാവ്യങ്ങളിലെ ആരംഭത്തിലുള്ള സർഗ്ഗങ്ങളുടെ അനുകരണമാകുന്നു. ഇതുപോലെ അനുകരിച്ചിട്ടുള്ള ഭാഗങ്ങൾ വേറെയും ഉണ്ട്. ഈ കാവ്യരചനയ്ക്ക് എന്നെ പ്രേരിപ്പിച്ച മറെറാരു പ്രധാനസംഗതി ഭഗവാൻ ശ്രീരാമചന്ദ്രനിൽ ഉള്ള ഭക്തിയാണെന്നുള്ള വാസ്തവംകൂടി ഇവിടെ പറയേണ്ടിയിരിക്കുന്നു. ഭാഷാപദ്യസാഹിത്യത്തിന് മുൻപു പറഞ്ഞ വിധമുള്ള ഒരു അഭിവൃദ്ധി അല്പമെങ്കിലും സമ്പാദിച്ചു കൊടുക്കുവാൻ എന്റെ ഈ കാവ്യങ്ങൾക്കു സാധിച്ചാൽ എനിക്ക് അത്യന്തം കൃതാർത്ഥതയ്ക്ക് അവകാശമുണ്ട്; ഇല്ലെങ്കിൽ ഭഗവാൻ ശ്രീരാമചന്ദ്രന്റെ ചരിതത്തെ വർണ്ണിക്കുന്നതു നിമിത്തമുള്ള ഒരു മാഹാത്മ്യമെങ്കിലും എന്റെ കാവ്യങ്ങൾക്ക് ഉണ്ടാകാതിരിക്കുവാൻ ഇടയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ദിലീപൻ മുതൽ ദശരഥൻവരെയുള്ള സൂര്യവംശരാജാക്കന്മാരെ രണ്ടും മൂന്നും സർഗ്ഗങ്ങളിൽ വർണ്ണിച്ചിരിക്കുന്നു. ഭഗവാന്റെ അവതാരം, ലീല എന്നിവയെക്കുറിച്ചുള്ള ഏററവും ചുരുങ്ങിയ ഒരു വർണ്ണനം മൂന്നാംസർഗ്ഗത്തിന്റെ ഒടുവിൽ കൊടുത്തിട്ടുണ്ട്. നാലാംസർഗ്ഗത്തിൽ കഥാവസ്തുവിന്റെ പ്രധാനഭാഗം ആരംഭിക്കുന്നു.

രാഘവാഭ്യുദയം എന്നപോലെ രഘുവീരവിജയം രചിക്കുന്ന കാര്യത്തിലും, സഹൃദയന്മാരായ പല സ്നേഹിതന്മാരും എന്നെ പ്രോത്സാഹിപ്പിച്ചിട്ടുണ്ടെന്നുള്ള വസ്തുത കൃതജ്ഞതയോടുകൂടി പ്രസ്താവിച്ചുകൊള്ളുന്നു. അവരിൽ അഗ്രഗണ്യൻ സൽകവിവര്യനും സഹൃദയാഗ്രേസരനും ആയ (കവനകൗമുദി പത്രാധിപർ) ശ്രീമാൻ പി. വി. കൃഷ്ണവാരിയർ അവർകളാകുന്നു. ഞാൻ അശ്രദ്ധനും അലസനും ആയിഭവിച്ചിട്ടുള്ളപ്പോളെല്ലാം, ഈ മാന്യസുഹൃത്തിൽനിന്ന് എനിക്കു നിരുപമമായ പ്രോത്സാഹശക്തി ലഭിച്ചിട്ടുണ്ടെന്നുള്ള വാസ്തവം മറക്ക

ത്തക്കതല്ല. ഈ സന്ദർഭത്തിൽ, ശ്രീമാൻ കൃഷ്ണവാരിയരവർകളോട്ട് എനിയ്ക്കുള്ള കൃതജ്ഞത വാചാമഗോചരം എന്നു മാത്രമേ പറയുവാനുള്ളു.

ശ്രീരാമദേവന്റെ അനുഗ്രഹത്താൽ അചിരേണ രഘുവീരവിജയത്തിന്റെ രണ്ടാംഭാഗവും പ്രസിദ്ധപ്പെടുത്തുവാൻ സാധിയ്ക്കുമെന്നു വിശ്വസിയ്ക്കുന്നു.

ഈ കാവ്യത്തിന്റെ മുദ്രണം സശ്രദ്ധം ഭംഗിയായി നിർവ്വഹിച്ച 'കമലാലയ' പ്രവൎത്തകന്മാരോട്ട് എനിയ്ക്കുള്ള അകൈതവമായ കൃതജ്ഞതയും ഇവിടെ സാദരം പ്രകാശിപ്പിച്ചുകൊള്ളുന്നു.

൧൧൦൯ ചിങ്ങം ൨൨, എന്ന്,
പേരാമ്പ്ര, ഗ്രന്ഥകർത്താവ്
വടക്കേമലയാളം. വടക്കുംകൂർ രാജരാജവൎമ്മരാജാ.

വിഷയാനുക്രമണിക.

രഘുവീരവിജയം.

ഒന്നാം സൎഗ്ഗം.

൧

ചാരുപ്രകാശമരശ പൂണ്ടുമെടുത്തു ചാട്ടും
ചെറ്റും നിശാചരപതംഗകുലം പൊരിച്ചും
കാരുണ്യതൈലകലിതമായ് രഘുവീരനാമം
പേറും ജഗൽഭവനദീപിക വെന്നിടുന്നു.

൨

മന്നായതിൽ പ്രഥിതമാം കവനാഗമത്തെ-
യൊന്നാമതായി വെളിവാക്കിയ യോഗിവൎയ്യൻ
ഇന്നാമിലിവ്യകവി രാമകഥാപ്രസംഗ-
സന്നാഹിയാമിവനനുഗ്രഹമേകിടേണം.

൩

ആൎക്കുള്ള വാക്കഖിലശാസ്ത്രവുമാദരിച്ചു-
പാൎക്കുന്നു, ഭാരതകഥാമൃതസിന്ധുവാരാം,
ഓൎക്കുമ്പൊഴും വിശദഗുണവാമുനിവൎയ്യനെന്റെ-
നേൎക്കേറെ നൽകൃപ പൊഴിക്കുകിൽ ഞാൻ കൃതാൎത്ഥൻ.

൪

ഉന്നിദ്രമായ കവിമാലയിൽ മിന്നിടുന്ന-
പൊന്നിൻപതക്കമതിരറ്റ ഗുണത്തിനാലെ
മന്നിങ്കലാഢ്യത പെരുത്ത ഗുണാഢ്യനെന്നു-
മെന്നിൽ സ്വവാക്പരിമളത്തെ വളൎത്തിടേണം.

൫

ഭാസൻ പ്രസന്നകവിതാംഗനതന്റെ മന്ദ-
ഹാസത്തൊടൊത്തു വിലസും ശുചിവാക്കു വാഴ്ത്തോൻ
നൈസൎഗ്ഗികോജ്ജ്വലിതരൂപകധന്യനേറ്റ-
മാസക്തമാക്കണമെനിക്കു കവിതാപവിത്രം.

൩

ശ്രീമേരുനാഗമണിദീപിക സർവ്വവിദ്യാ-
വാമേശിതാവു പുളകോത്സവദോക്തിശാലി
ക്ഷേമേന്ദ്രനന്യനൊരു സത്യവതീസുതൻ വാക്-
ക്ഷേമേച്ഛുവാകിന നമുക്കു സദാവലംബം.

൪

അന്യർക്കു ദുർല്ലഭതരം ഗിരിരാജകന്യാ-
സ്തന്യം ഭുജിച്ചു കവിമൌലിപദം ഭജിച്ചോൻ,
ദൈന്യം പെടാതെ നിഗമോക്തപഥം തെളിച്ച-
ധന്യൻ സദാ ദ്രവിഡനാം ശിശുവാശ്രയം മേ.

൫

കാമാക്ഷിതൻ കരുണകൊണ്ടു കവിതാലക്ഷ്മീ-
പ്രേമാർദ്രസൽസുഖസന്മദജന്മഭൂവായ്
ശ്രീമാഢ്യരാം കവികൾതൻശിഖയിൽ തിളങ്ങും-
പൂമാല മൂകനിഹ മൂകത മാററണം മേ.

൬

ലോകം വിശിഷ്ടസുഖരിക്തമെതിൻമിടുക്കാൽ
നാകത്തെയും തൃണസമം നിരസിക്കുമാറായ്
ആകല്പമാക്കവനഭൂവിനു സൃഷ്ടികർത്താ-
വേകട്ടെ മേ ഗിരിജയും ഗുരു കാളിദാസൻ.

൭

ആരിബ്ഭവത്തിനു കൃതിപ്രകരേണ ഭൂതി-
ഭൂരിതാമേകി നവമാബ്ഭവഭൂതി വന്ദ്യൻ
പാരിൽബ്ഭവാബ്ധ്യുത്ഥഭൂതിയെ വെന്ന കീർത്തി
പേറിജ്ജയിപ്പു ഹൃദി തല്പദമോർത്തിടുന്നേൻ.

൮

അന്തഃപ്രകാശിതരസാവഹമായ്, സമർത്ഥാൽ-
ച്ചന്തം തികഞ്ഞധികചിത്രിതവർണ്ണമാർന്നും,
കാന്തം വിളങ്ങുമൊരു ഭാരവിമേഘമെൻെറ
താന്തം മനസ്സിനു കുളുർമ്മ വളർത്തിടേണം.

൨൧

ആശാന്തസഞ്ചിതയശോനിധി മാഘനേററ-
മാശ്ശാരദാപ്തിയിലുമററു രസം സശബ്ദം
ധീശാലി പെയ്ത ബുധലോകശിഖിസ്ഥ ശോക-
മേശാതെ നിത്യനടനോത്സവമേകിടുന്നു.

൨൨

സാമർത്ഥ്യമുജ്ജ്വലരസം പദപുഷ്ടി ചിന്താ-
സാമഗ്ര്യമപ്രതിമമപ്രതിമാതിമാവം
ഇത്ഥമനർഘഗുണപങ്ക്തി തെളിഞ്ഞു മിന്നും-
ശ്രീമങ്ഖകന്റെ കവിതയ്ക്കതിരേതുമില്ല.

൨൩

വൈകല്യമററ നിഗമാന്തപഥം തെളിച്ചോ-
നാകമ്പിതാഹിതമതാചലജാലമൂലൻ,
പാകപ്രസാദരസസുന്ദരവാഗ്വിഭൂതി-
യ്ക്കേകം വിഹാരമഹി ശങ്കരയോഗി വെൽവൂ.

൨൪

ശീർഷം കലുഷമുഖവാഗ്‌ദ്ധരികൊണ്ടു രോമ-
ഹർഷം തരും മഹിതനൈഷധഗാഥയായി
ഹർഷൻ, സരസ്വതി രസാൽ തനിയേ ധൃതാത്തോൽ-
കർഷം പുണർന്ന കവിരാട്ടു നമുക്കു ദൈവം.

൨൫

ബാണൻ സുബന്ധു കവിരാജനനന്തഭട്ട-
നാണത്തമുള്ള കവികൾക്കിവർ മുൻപരല്ലോ
ക്ഷീണം പെടാതെ കൃതിജാലവശേന വാണീ-
പ്രാണപ്രമോദവരിവത്തുഴി മയക്കിടുന്നോർ.

൨൬

എൻനീണ്ട പാപഫലമദ്ഭുതമെത്ര കഷ്ടം!
ഞാൻ നീലകണ്ഠകവിദീക്ഷിതരെ മറന്നോൻ;
സന്നീരജാതമധുസോദരസൂക്തിയാൽ ഭ്ര-
വെന്നീടുമസ്സുകവി മറെറാരു കാളിദാസൻ.

൧൮

സാരാലനന്തഗുണശയ്യ കലൎന്ന തത്വ–
ക്ഷീരാബ്ധിയിൽ കവിതയാം രമയൊത്തു നിത്യം
പേരാളിടും വിബുധസേവിതനായ്‌ ലസിപ്പോ–
നാരാജിതൻ കവി മുരാരി മുരാരിതന്നെ.

൧൯

നാരായണീയമുഖകാവ്യശതങ്ങൾ മാധ്വീ–
ധാരാവിലാസരുചിരങ്ങൾ രചിച്ചു ഭക്തൻ,
നാരായണാഖ്യകവി ഭട്ടതിരിയ്ക്കു ഒപ്പ–
മാരാണൊരാൾ കരുതുകിൽ ഭുവനത്തിലുള്ളു.

൨൦

സാരം സദാപി മൃദുകോമളമായ വീണാ–
നാദത്തിനേകമുചിതധ്വനിഭംഗി തിങ്ങി
മോദം ബുധൎക്കരുളിടും കവി രാമപാണി–
വാദന്റെ കാല്പ്പൊടികളാർ മുടിയിൽ ധരിക്കാ?

൨൧

എണ്ണം പെടാത്ത ഗുണപുഷ്ടിനിമിത്തമാക്കും
കണ്ണിന്നും കരളിനും കുളിരേകിടുന്നോർ
കണ്ണശ്ശനും പുനരുമാറ്റൂരു തുഞ്ചനും മേൽ
പൂൎണ്ണപ്രമോദരസമേകണമേ കണം മേ.

൨൨

ഉള്ളിൽത്തരംഗതതിപോൽ വരുമാശയങ്ങൾ
തള്ളിത്തകൎത്തു ഫലിതങ്ങൾ നിറച്ചിണക്കി
തുള്ളിയ്ക്കുമാരെയുമതിൻപടി തുള്ളൽ തീൎത്തു–
കൊള്ളിച്ച കുഞ്ചനിഹ, കിഞ്ചനമേ സഹായം.

൨൩

പണ്ടുള്ള പണ്ഡിതർ നടന്ന വഴിയ്ക്കു പോകാൻ
വേണ്ടുന്ന കോപ്പുകളിലൊന്നുമിണങ്ങിടാതെ
തണ്ടുള്ളിലേറവുമിയന്ന വൃഥാഭിമാനം–
കൊണ്ടുള്ള ചാപലമിതാ കൃതി ഞാൻ ചമപ്പൂ.

൨൪

ആനയ്ക്കു തുല്യമെതിരായ് നിജ വക്ത്രമണ്ണാൻ
ദീനൻ പൊളിയ്ക്കുവതിനേററമൊരുങ്ങിടുമ്പോൾ
ഞാനദ്യ പൂകിടുമൊരിക്കവിസാഹസത്തെ-
ജ്ഞാനാംപെടും ബുധജനങ്ങൾ പൊറുത്തിടട്ടേ!

൨൫

ഞാനെങ്ങു ശുഷ്കമതി ദിവ്യജനൈകഗമ്യ-
മാനന്ദഹേതു കവിതാപഥസൌഖ്യമെങ്ങോ
ശ്രീനന്ദനത്തിലിയലും പുതുപാരിജാത-
മെങ്ങെങ്ങു ഹന്ത! ഹതകൂപഗമെങ്ങു ഭേകം?

൨൬

നോക്കുന്നതിക്കിലഖിലം ഖലർ, ദോഷമേററം
വായ്ക്കുന്നതെൻമൊഴി, മഹാവിദുഷൈകസേവ്യം
പ്രോൽകൃഷ്ടകാവ്യപഥ,മത്ര ഞാനി,തൊക്കെ-
യോർക്കവെയെന്മതി കിടന്നുപിടച്ചിടുന്നു.

൨൭

ഹാലാഹലത്തിനമൃതത്വമിയററിടുന്നോർ,
ചേലാളിടുന്നൊരമൃതം വിഷമാക്കി വച്ചോർ,
ലീലാവശാൽ ഖലജനങ്ങളിലെന്തൊരിന്ദ്ര-
ജാലാത്മനിഷ്ഠവിഭവം ഭുവി നമ്മൾ കാൺമൂ.

൨൮

മുൻപുള്ളതൊക്കയുമബദ്ധമനർത്ഥമെന്ന-
താൻ പുത്തനായ് ച്ചിലതു കണ്ടുപിടിച്ചമട്ടിൽ
വീമ്പും പൊറാത്തഖിലമിട്ടടിയേമറിയ്ക്കാൻ
നോൻപുററു നോററു മരുവുന്നു സദാ ഖലന്മാർ.

൨൯

വല്ലാത്തയന്ന് പുതുമല്ലമേ,മർത്ഥമൊട്ടു-
മില്ലാത്തവൈരനില പൂർവ്വമതത്തൊടെല്ലാം,
പല്ലായ് പുരാതനരെയോർപ്പൊരു വൃത്തി,യെന്നി-
തെല്ലാം പെരുംഖലരിൽ നാം നിയമേന കാൺമൂ.

൧൦

മന്നിൽ ഖലക്കുള്ള വാഗ്ഗരവൈഭവത്തിൻ-
മുന്നിൽ ഭുജങ്ഗവിഷശക്തിയതെത്ര തുച്ഛം!
ഉന്നിദ്രമന്ത്രവിവിധൌഷധസമ്പ്രയോഗാൽ
കുന്നിക്കുമഹിഗരളം ശമിയാത്തതല്ലോ.

൧൧

ഉൾത്തിക്കുകൊണ്ടു നവകാവ്യശരീരമാകെ-
ക്കുത്തിപ്പിളർന്നു പല പുസ്തകരന്ധ്രമെല്ലാം
ഹൃത്തിൽ പെരുത്ത രുചിയോടലമാസ്വദിച്ചു
തത്തിക്കളിപ്പതിനു സക്തർ സദാ ഖലന്മാർ.

൧൨

താനങ്ങു കണ്ണുകളടച്ചു ഗുണവ്രജത്തിൽ
മൌനത്തൊടേ, ചെറിയദോഷമുയർന്നുകാണ്മാൻ
ജ്ഞാനം സുദിവ്യതരമാർന്ന,ഥ യോഗവും പൂ-
ണ്ടാനന്ദമാളുമിവരെന്തൊരു യോഗിമാരോ.

൧൩

ഉച്ചാവചാംഗലകരാം ഖലരിൽ കരംഭീ-
വാച്ചാത്തകാന്തി കവിതാപ്രമദമാർ ത്യജിപ്പോൻ?
തച്ചാന്തി ചേർപ്പൊരു പിശാചിനെയോർത്തു ഭീത്യാ
നൽച്ചാരു ചന്ദ്രികയെയാർ നിശി സന്ത്യജിക്കും.

൧൪

ധൂർത്തുള്ള ദുഷ്ടഖലകിൽ കുറവെന്നുവന്നാൽ
സത്തുക്കൾതൻമഹിമയാർ വകവെച്ചിടുന്നു?
ഉത്തുംഗവൃക്ഷനിരതൻനിഴൽ പൂജചെയ്വാൻ
കത്തും കടുത്തവെയിലാർക്കുപകാരമല്ല.

൧൫

തൻപൂർവ്വർ പോയ വഴിയിൽ ബഹുഭക്തി,യന്യർ-
തൻപൂച്ഛവിദ്യകളിലുള്ളിളകായ്ക തെല്ലും,
സമ്പൂതമാസ്തികത, താഴ്മ, നയം പൊരുത്തം-
ക്കാമ്പുകളിതൊക്കെയുമുയർന്നിടുവോർ ബുധന്മാർ.

൰൬

അത്യല്പമായ ഗുണവും ബഹുവായ്ഗ്രഹിപ്പോ-
രത്യക്തഹൃദ്ദയർ, പരോന്നതിയിൽ പ്രിയന്മാർ,
അത്യന്തമുജ്ജ്വലതരാശയ,രെന്നുമാത്ര-
കൃതജ്ഞർ, സജ്ജനകുലത്തിന്റെ തപഃഫലങ്ങൾ.

൰൭

സാരസ്വതത്തിന്റെ സാരമറിഞ്ഞു സൌഖ്യ-
പാരം ഗമിപ്പതിനു തക്ക വിശിഷ്ടപുണ്യം
പേറുന്ന സത്തർ നരകോടിയിലൊന്നരണ്ടു-
പേര,ത്രമാത്രമതു ദുർല്ലഭമാം ജഗത്തിൽ.

൰൮

ഭാരങ്ങൾ പാരിനിതരങ്ങൾ, ഹിതത്തൊടന്ത-
സ്സാരം പെറും മഹിതവിദ്യയതൊന്നുമാത്രം
സാരസ്വതം; രസവശാലതു സേവചെയ്വോ-
നാരമ്മഹാസുകൃതിതാൻ കൃതകൃത്യനെന്നും.

൰൯

ധർമ്മങ്ങളിൽ സുദൃഢമാം രതിചേർത്തു, തത്ത്വ-
മർമ്മങ്ങൾ കാട്ടി,യിഹ ശാശ്വതസൌഖ്യമേകി,
നൈർമ്മല്യമോടു പലമാതിരി നന്മ മേന്മേൽ
നമ്മൾക്കു ചേർപ്പതിനു സാഹിതിതാൻ സമർത്ഥം.

൨൰

സത്സാഹിതീകല കളഞ്ഞു സുഖം ലഭിപ്പാൻ
നിസ്സാരമന്യപഥമേതൊരുവൻ ഭജിപ്പൂ
അസ്സാധു,നന്ദിനിയെ വിട്ടിഹ പാൽ കറപ്പാൻ
ഭിസ്സായ പേക്കഴുതയെദ്ദൃഢമാശ്രയിപ്പോൻ.

൨൧

നില്ക്കുന്ന വൃക്ഷനിര ജന്തുകുലം ശ്വസിപ്പൂ
പോകുന്ന കാളകൾ പശുക്കൾ ഭുജംഗമങ്ങൾ;
നൽകല്യകാവ്യസുമഗന്ധമറിഞ്ഞിടാത്ത-
മൂക്കുള്ള ക്രൂരരിവർക്കു സഗോത്രർ തന്നേ.

൪൨

ധ്വാന്തത്തിലുന്നതശിഖം മണിദീപ,മാന്തി-
ക്ലാന്തം മനസ്സിനരുചിൽസുഖഹർഷവർഷം,
സ്വാന്തപ്രിയം തരുവതിന്ന വിലാസിനീമു-
ഖത്തെന്നതല്ല കാവ്യകല നമ്മുടെ ജീവിതത്തിൽ.

൪൩

സൽകാവ്യനന്ദനവനം കലരാതിരിക്കിൽ
മൃകാവുമല്ല മുഴുവൻ മരുതന്നെ ലോകം;
വാക്കായ ദേവിയുടെ യൌവനസൂനഗന്ധ-
ഭാക്കാം വിലാസമധു വിളഞ്ഞതിൽ സ്വാദിപ്പോർ.

൪൪

വാക്കേററവും രുചിരമാകണ,മർത്ഥമേറ്റി-
ട്ടുക്കേറണം ധ്വനി മനോഹരമായിടേണം,
അക്കേട്ടുപാടരുതു, ശാസ്ത്രമതത്തൊടെല്ലാ-
മൊക്കേണമെത്ര വിഷമം സുകവിത്വമാർഗ്ഗം.

൪൫

രീതിക്കു മെച്ചമരുളും ചിലരൌത്സതത്തിൽ
പ്രീതിപ്പെടും ചില,രലങ്കൃതി നോക്കമന്യർ,
കാതിൽ കുളൂർമയരുളും മൃദുരമ്യശബ്ദ-
രീതിക്കു മേന്മ പറയും ചിലർ പണ്ഡിതന്മാർ.

൪൬

വേണുന്നതാണു യമകാദി, വിചിത്രമാർഗ്ഗം-
കൊണ്ടും ഗുണങ്ങൾ കവിതയ്ക്കു ഭവിക്കുമേററം;
പണ്ടുള്ള സൽകവികൾ ചിത്രകലയ്ക്കു മെച്ചം
കണ്ടുൾപ്രിയാലതു വരിച്ചതു യുക്തമല്ലോ.

൪൭

സാരാർത്ഥപുഷ്ടി മതി ശബ്ദമഗണ്യമെന്ന-
ല്ലോരാമതം രസികരാരുമുരയ്ക്കയില്ല;
ധാരാളമായ് സുഭഗരായ തനൂജരാലു-
മാരാമയല്ലിതികളുള്ള സുഗാത്രിതന്നെ.

൧൭

തെല്ലും രസത്തിനു വിഘാതമണച്ചിടാത്ത-
നല്ലർത്ഥവും രുചിരശബ്ദവുമൊന്നുപോലെ
ഇല്ലെങ്കിലാക്കവിത നോക്കി രസിച്ചിടുന്നോർ
പുല്ലും ഭുജിച്ചു ജഠരത്തെ നിറയ്ക്കുമല്ലോ.

൧൮

കേരങ്ങളെന്നപോലെ രസികലോകശിരസ്സിലുൾക്കം-
വാക്യം, വപുഃപുളകമേകിടുമർത്ഥവാദ്യവും,
ഒക്കുന്ന നൽകവിതയിൽ പരമാത്മശക്തി
നില്ക്കുന്നിതൊന്നു മറകിൽ ക്ഷതി പാതി പാരം.

൧൯

ഭൂതിയ്ക്കു പുഷ്ടിയരുളുന്ന സുവർണ്ണഭാസ്സിൽ
പ്രീതിപ്പെടാതെ നിജരീതിയെ മാത്രമോർത്ത്
സ്ഫീതം ഭജിപ്പവർ ദരിദ്രർ; ഗതാർത്ഥരത്ന-
ജ്യോതിഷ്കരാകുമവരോ കവിരാജരാജർ.

൨൦

സ്വാദഞ്ചിതം ചൊരികയുന്നതധർമ്മയുക്ത-
മാമർമ്മശുദ്ധി, കവിതയ്ക്കു മഹത്വമൂലം;
മോദപ്രദം ഗുണഗണങ്ങളിനു തന്വിയാളിൽ
ശ്രീദം സതീത്വരുചിരവ്രതനിഷ്ഠപോലെ.

൨൧

ഏറെപ്പഠിച്ചു പുരാതനകാവ്യതത്വ-
സാരം ഗ്രഹിച്ചു ബഹുലോകമതങ്ങൾ നോക്കി
സാരസ്യമുള്ള ധിഷണാബലമേറുവോർക്കു
പാരം മഹാകവനമാർഗ്ഗമധീനമെന്നും.

൨൨

ആവിഷ്ടരാന്ധ്യധനതുല്യവിബോധമില്ലാ-
താർ വിഡ്ഢി കാവ്യകലയിൽ സതതം ശ്രമിപ്പോൻ,
ദീവട്ടിയെന്നിയെ മഹാനഗരാന്തമാർഗ്ഗ-
ഭൂവിൽ കടന്നു നിശി നൂനമവൻ ഭ്രമിക്കും.

൪൩

തുച്ഛം ജഡപ്രകൃതിവർണ്ണന,മാത്മതത്ത്വം
മെച്ചം, ജഡത്തെ ഹൃദി ചേതനവിട്ടു ദൂരെ
ഉച്ചത്തിലോർപ്പവർ, കഴമ്പകലെക്കളഞ്ഞു
കച്ചുള്ള തൊണ്ടിനധികം വില വച്ചിടുന്നോർ.

൪൪

വ്യുല്പത്തിയെന്നു പറയുന്നൊരിരുമ്പുചട്ട
മേല്പുറെയിട്ടു ധിഷണായുധവും വഹിക്കിൽ
നാല്പുറമാവകവിതാസമരാങ്കണത്തി-
ലുല്പന്നമാമവനദഭ്രജയാനുഷംഗം.

൪൫

ചിത്രം രസപ്രദമലങ്കൃതി ഭാവനൈക-
പാത്രം വിശേഷതരകല്പനയെന്നിതെല്ലാം
എത്രയ്ക്കുമാത്രമുളവാം കൃതിയിൽ സചേത-
സ്സത്രയ്ക്കു കൌതുകമതിൽ ദൃഢമാവഹിക്കും.

൪൬

സാരസ്യമുള്ള സദലങ്കൃതിയിൽ കുറച്ചു-
വൈരള്യമേൽക്കിലനലങ്കൃതിയായ കാവ്യം,
സാരജ്ഞരിൽ കുളിർമ സദ്രസമോടു ചേർത്തു
ധീരഞ്ജനം തുടരുകില്ലതപല്യമേറ്റം.

൪൭

തത്തദ്രസോചിതമലങ്കൃതി ചേർന്നു ചാരു-
വൃത്തം കലർന്നു രസജീവിതരമ്യമായി
നൃത്യൽധ്വനിപ്രസരയാകിയ കാവ്യലക്ഷ്മി
ചിത്തത്തിലേതവനു ചിത്സുഖമേകയില്ല.

൪൮

സ്ഥാനത്തിലല്ലലമലങ്കൃതിയെന്നുവന്നാൽ
നൂനം കൃതിയ്ക്കധികദൂഷണമുത്ഭവിയ്ക്കും;
പീനസ്തനത്തിലണികുണ്ഡലവും ചെവിക്ക-
ള്ളാനം ലസദ്വലയവും വനിതയ്ക്കുപോലെ.

൩൦

നൽക്കാമ്പു ചേൎന്ന സുഭഗം പ്രതിഭാവിലാസ-
മേൽക്കാത്ത മൎത്ത്യനരികത്തു വരുന്ന കാണ്കിൽ
സൽക്കാവ്യകാമിനി കവാടമടച്ചു തെല്ലും
നോക്കാതെ ഷണ്ഡനവനെന്നു വെടിഞ്ഞിടുന്നു.

൩൧

ഉൽകൃഷ്ടകാവ്യനികരത്തെ വെടിഞ്ഞു ശുഷ്ക-
തൎക്കത്തിനായ് പ്രചുരവിദ്യ പഠിച്ചിടുന്നോൻ,
തക്കത്തിവൃക്ഷഫലമണിനികരത്തെ വിട്ടു
കക്കയ്ക്കുവേണ്ടിയലയാഴിയിൽ മുങ്ങുമല്ലോ.

൩൨

പാകാൎത്ഥരീതി രസകല്പനയിങ്കലോരോ-
മേകാഗ്ര്യവൃത്തി ഏറി സാത്ത്വികതത്ത്വബോധം
ധീകാളിടും പരപദപ്രിയമാളിയോൎത്താൽ
ശ്രീകാവ്യകൃത്തുമൊരുയോഗിയുമൊപ്പമത്രേ.

൩൩

ചേതസ്സിലെന്നുമതിവിസ്തൃതിയോടു ചാരു-
പൂതസ്വഭാവമരുളിത്തെളിവേറമേകി,
ആതങ്കഗന്ധമറിയാത്തൊരവസ്ഥ, കാവ്യ-
വ്രാതം കൊടുക്കുമെന്നതിശ്രമമേതൊരാൾക്കും.

൩൪

സത്യം മറയ്ക്കു,മധികം കളവോതു,മെന്ന-
ല്ലത്യന്തവക്രതരകല്പനയാവഹിക്കും,
സ്തുത്യൎഹമെങ്കിലുമഹോ കവിലോകസൃഷ്ടി-
രീത്യുല്ലതയ്ക്കു കുറവില്ലതു ലോകഭിന്നം.

൩൫

സൽകാവ്യകൃത്തിനുടെ തൂലികതന്റെ തേജ-
സ്സേൽക്കാൻ തുനിഞ്ഞിടുകിലോ മരുഭൂമി നാകം,
പാഴ്ക്കാടു നന്ദനവനം, ഭുവി ഭീരു ധീര-
നാൎക്കാവിശിഷ്ടസ്തുതിയന്യനു കിട്ടിടുന്നു.

൬

വൈശ്രൂപ്യമേററവുമിയന്നൊരു ഗ്രന്ഥനാരി
ചാതുര്യലസൽസുഭഗസുന്ദരഗാത്രിയാകും,
മൈത്ര്യുഗ്രധാടിവരമാം പദമാണു, കാവ്യ-
ഗൂഢാഢ്യവൈഭവവിശേഷമനന്യസിദ്ധം.

൭

പാഴ്ക്കല്ലുഭിത്തികൾ സുവർണ്ണമയങ്ങളല്ലേ,
പോക്കററ തെണ്ടികൾ കുബേരരു,മോർ പൂർണ്ണർ
രാക്കന്നൊരാളെങ്ങു നിശയില്ല മണീമഹസ്സാ-
ലാ,ലഗ്ര്യകാവ്യഭുവനസ്ഥിതിയെത്ര ചിത്രം!

൮

ആകല്പമസ്തമഹിമാസ്പദമായ കാവ്യ-
ലോകത്തിനുള്ള നിലയേതുമറിഞ്ഞിടാതെ,
ആകുന്നതെന്തു കവിതയ്ക്കിവനദ്യമിപ്പൂ
മൂകൻ മഹാസദസി വാദകലയ്ക്കുപോലെ.

൯

കർത്തവ്യവാഞ്ഛ വളരെ മൂത്തു യഥാർത്ഥമായ-
ഭദ്രസ്വഭാവമറിയാതെ ജളാശയൻ ഞാൻ
ക്ഷുദ്രപ്രഭുക്കളെ വൃഥാ സ്തുതിചെയ്തു കഷ്ടം!
സദ്വൃത്തവാണിയിലലം മലിനത്വമേകി.

൰

ആ വാണിതന്റെ തനു ഞാനിഹ വന്ദ്യരാമ-
ദേവാഗ്ര്യവൃത്തസുധയാൽ കഴുകി പ്രകാമം
ദൈവാൽ പവിത്രതരമാക്കുവതിന്നു ഭക്തി-
ശ്രീവാസ്സൊടേ വിശദമേത്യ സമുദ്യമിപ്പൂ.

൰൧

ശ്രീരാമവൃത്തമിഹ പൂർവ്വഗുരുക്കൾ പോയ-
പേരാളുമാവഴിയെ വന്ദനചെയ്തു ഭക്ത്യാ
നേരായ്ക്കഥിയ്ക്കുമിവനോർക്കിലെന്തു ഭീതി-
ഭാരാതിസംഭ്രമമുദഞ്ചുവകാശമുള്ളൂ.

൧൨

ഗൌരീ പുരീ ഗിരി ഝരീ ധരി മാരി ഭൂരി–
ഭൂരീതി വാരിയിവ വൎണ്ണനചെയ്യലം മേ
സ്ഫാരീഭവിച്ചതിനി ഞാൻ ഭഗവൽപ്രശംസാ–
പാരീണതാപരിചയാൽ ചെറുതാക്കിടുന്നേൻ.

൧൩

രാമന്റെ ചാരുചരിതം കവിവൎയ്യർ പൂൎവ്വർ
സാമൎത്ഥ്യമോടു പലിയം വിരചിച്ചിരിക്കും താൻ
ആ മഞ്ജുവൃത്തമഹിതാംബുധിയിൽ കടന്നാ–
നാമജ്ജനത്തിന കൊതിപ്പു മദീയചിത്തം.

൧൪

ഏതീശചരണാബ്ജമൊരറിയാതെതന്നെ–
യോതീടിലും സപദി ദുൎദ്ധിയർ ലോകർകൂടി
ഹാ! തീവ്രപാപനിരയററ വിശിഷ്ടപുണ്യ–
ഭൂതിയവൈഭവവശംഗതരായ്ഭവിപ്പൂ.

൧൫

ആ രാമനെക്കരളതിൽ കരുതുമ്പൊളൊന്നു–
പോരായ്മയേല്ക്കുകിലുമിന്നതിധീരനീ ഞാൻ;
ഘോരാഘസംഹതി തുലഞ്ഞതിലും വിശുദ്ധി–
ചേരാനിതിൽപ്പരമൊരൌഷധമന്യമുണ്ടോ,

൧൬

സൎവ്വസ്വമൎത്ഥ്യമയമെന്നിവ മൻപപേത–
ഗൎവ്വം രചിച്ച ലഹരീത്രയയുക്തമായ് ഞാൻ
ചാൎവ്വൎത്ഥമഞ്ജരിയൊടേ കലിതാത്തഭക്തി–
പൂൎവ്വം തവാംബ! പദി കൈരളി! കാഴ്ചവെച്ചേൻ.

൧൭

ഞാനിന്ന വീരവിജയം രഘുവംശ്യപൂൎവ്വം
മാനിച്ചു തീൎത്തു തവ കാൽക്കലണച്ചിടുന്നേൻ;
നീ നിൎഭരം കൃപയൊടൊത്തിതിനെ ഗ്രഹിച്ചു
മേനിയ്ക്കു ചാൎത്തിടണമാത്മജവത്സലതയാൽ.

൯൮

മററുററ കാവ്യകനകാനഘഭൂഷണൌഘം
മററുള്ള നിൻതനുജർ നിൻപദി കാഴ്ചവെച്ചു
കററാംപൊട്ടും വികൃതപിച്ചളമാല ശുദ്ധി-
പററുന്ന നിൻകഴലിൽ വെച്ചു വിലജ്ജനായ്ഞാൻ.

൯൯

എന്നിന്ദയോടുപഹസിയ്ക്കുകിലും ഖലന്മാ,-
രെന്നിക്കൃതിക്കൊട്ടു സന്തർ പുകഴ്ത്തിയാലും
എന്നിഷ്ടദേവരഘുപുംഗവകീർത്തനത്തിൽ
വന്നിഷ്ടയുള്ളതണവും കുറയാത്തതാം മേ.

൧൦൦

വശ്യാത്മേന്ദ്രിയയോഗിചാതകകലാ-
പൂർണ്ണാബ്ദനൻ രാഘവൻ,
പശ്യാമാംബുദകാന്തിജാലവിജയ-
ശ്രീമച്ചാപപ്രശോഭിതൻ,
ദൃശ്യാമോദതടില്ലസത്തനുമഹാ-
സ്സമ്പന്നനെൻഹൃത്തതിൽ
ദൃശ്യാഭോഗമിയന്നമന്ദമയമു-
രോല്ലാസമേകീടണം.

ശ്രീമദ്വ്യാഘ്രപുരസ്ഥമാകിന വടക്കും-
കൂർകുലത്തിൽ ധൃത-
ക്ഷേമം വാച്ചു ജനിച്ചു ഭൂപനൊരുവൻ
തദ്രാജരാജാഹ്വയൻ
രാമൻതൻകഥയായ വീരവിജയം-
കാവ്യത്തിനൊക്കെരളീ-
പ്രേമത്തോടു രചിപ്പതിൽ പ്രഥമമാം-
സർഗ്ഗം സമാപ്തം ശുഭം.

ഒന്നാംസർഗ്ഗം സമാപ്തം.

രണ്ടാം സർഗ്ഗം.

൧

സനാതനം ബ്രഹ്മമിതെന്നു മേന്മേ-
ലനാദിയാം വാക്കവനെസ്തുതിപ്പൂ,
ദിനാധിപൻ സർവ്വജഗൽപ്രദീപം
ഘനാരിനാമാബ്ജഭഗവാൻ ജയിപ്പൂ.

൨

മുരാരിതന്നാഭിജലജനേത്രമെന്നു
പുരാതനന്മാർ പറയുന്നൊരർക്കൻ
ചരാചരങ്ങൾക്കകമേ തിളങ്ങും-
പരാത്മചൈതന്യകലാകൃതിയല്ലോ.

൩

തെക്കും വടക്കും തിരിയാതെയാന്ധ്യം-
മുക്കുന്ന ലോകത്തെ യദംശുജാലം
മേൽക്കാറവുതൻകാന്തി വിശിഷ്ടമാക്കി-
വയ്ക്കുന്നു, തദ്ദേവനെയാർ നമിക്കാ?

൪

അനന്തരശ്ശ്യാമലമാശ്രയിച്ചി-
ട്ടുനർഘനാമീ ഹരി വിസ്ഫുരിക്കെ
മനസ്സിലാഹ്ലാദഭരാൽ ഖഗൌഘ-
മനർഗ്ഗളം തൽസ്തവമാചരിപ്പൂ.

൫

തമസ്സമുദ്രത്തിൽ നിമഗ്നമായ-
ഭൂമണ്ഡലം പൊക്കിയെടുപ്പതിങ്കൽ
സമഗ്രമായാദിവരാഹലീലാ-
ക്രമം വഹിക്കുന്നു ദിനാധിനാഥൻ.

൬

നാനാപ്രകാരം രമണീയമായ-
വാനാകെ യത്സന്നിധിയില്ലയെങ്കിൽ
പീനാന്ധ്യരക്ഷോവശനാന്തരാള-
ലീനാന്തമായേകതയോടു കാണ്മൂ.

൧

തമസ്സിനാലേ കലിയിൽ കണ്ണകി-
ക്ഷമയ്ക്കകം ബോധവിഹീനമാകെ
സമസ്തവന്ദ്യൻ ഹരി ലോകധർമ്മം
സമുദ്ധരിക്കുന്നു നിജാവതാരാൽ.

൨

സ്വൈരം വിഭാതോദയവേലയിങ്കൽ
പൌരന്ദരീദേവി നിജാലയത്തിൽ
സ്ഫാരപ്രഭം വച്ചൊരു ദീപമാമീ-
ന്നൂതസ്ഫുരന്മണ്ഡലമർക്കൻ നൂനം.

൩

ചിരം പ്രതാപം പൈതകം പതങ്ഗേ-
ശ്വരൻ ജയിക്കുന്നതു കണ്ടിടുമ്പോൾ
പരന്നുലൂകവ്രജമോടിയെങ്ങും
കരഞ്ഞു മായുന്നു മഹീതലത്തിൽ.

൪

നിദ്രാസമുദ്രത്തിൽ നിമഗ്നമായി
മുദ്രാവിഹീനാത്തിപെട്ടുംജനത്തിൽ
ഉദ്രാന്തബോധം ഉണർവെന്നപോലെ
ചിദ്രാജിതൻ ശ്രീരവി ചേർത്തിടുന്നു.

൫

നേരം ക്ഷണംകൊണ്ടുലകം വിഴുങ്ങു-
മോരമ്മഹാകാലരെ ലക്ഷലക്ഷം
സ്വരപ്പുലീലാശകലേന തീർക്കാ-
നാരന്യനോർത്താലൊരു ശക്തനുള്ളു?

൬

ദിനത്തിനീശൻ ഭഗവാനതിച്ചാ-
സ്വനവ്യഭാസ്സാലുലകം തെളിയ്ക്കും
സ്വനപ്രഭാവച്ഛിജരമ്യമായ്‌വ-
ന്നനന്തശോഭാകമനന്തമെങ്ങും.

൰൩

നിർവ്വാണലക്ഷ്മീകനകാബ്ജഹംസം
പൂർവ്വാചലശ്രേഷ്ഠശിരഃകിരീടം
സർവ്വാഗമാവേദ്യരഹസ്യതത്ത്വം
ഗീർവ്വാണവന്ദ്യൻ വിജയിപ്പൂ ദേവൻ.

൰൪

ശ്രീരമ്യമാമിക്കനകപ്രദീപ-
മാരഞ്ജിതം വാനിലെരിഞ്ഞുകാൺകെ
ഘോരം തമസ്സാം ശലഭാളിതൻസം-
ഹാരം ഭവിക്കുന്നു തദന്തികത്തിൽ.

൰൫

പ്രശാന്തരാം യോഗികൾതന്റെ ദൈവം,
കൃശാംഗിമാർതൻവിരഹോപദേശി,
നിശാപിശാചീകുലമന്ത്രവാദി,
വിശാലപാഥോജകുടുംബബന്ധു,

൰൬

ആകാശകാന്താരമൃഗാധിനാഥൻ,
നാകാപഗോല്ലാസിനവാരവിന്ദം,
പാകാഹിതാശാംഗനഭൂഷ, ചക്ര-
വാകാങ്ഗനാപൂർവ്വതപഃഫലൌഘം,

൰൭

മഹസ്സിനെല്ലാമവിനാശകോശം,
ഗ്രഹവ്രജത്തിന്നു കുലാധിനാഥൻ,
അഹസ്സഹസ്രൌഘവിധാനശില്പി,-
യഹസ്കരൻ ദൈവതമീശ്വരാക്ഷം.

൰൮

ആ വന്ദ്യനാകും ഭഗവാൻ ദിനേശ-
ദേവന്റെ നല്പാവനമാം കുലത്തിൽ
ഭൂവല്ലഭക്തതമനായ് പ്രതാപ-
ഭൂവദ്ദിലീപാഭിധനുത്ഭവിച്ചാൻ.

൧൯

ഗോരക്ഷണം ചെയ്തിതുമട്ടിലും താൻ
സാരം പ്രജാക്ഷേമമശ്രമം ലഭിച്ചോൻ
ഭൂരഞ്ജനൈകവ്രതനാമവൻ്റെ
പേരന്നു വാനത്തുമുയർന്നുനിന്നു.

൨൦

ധരാധവാലാന്തരശോഭിയാം തൽ-
പരാക്രമത്തെത്തസ്ത്രമകേന സേകം
വരാങ്ഗനാഭാരനിപീഡയാലു-
മരാതിനാരീനയനങ്ങൾ ചെയ്തു.

൨൧

ഏകോനമാകുന്ന ശതം മഖം നി-
ർവ്വ്യാകോദ്ഗമമചെയ്തഥ വാസവന്നും
ഭീകോപമുള്ളുകമവൻ്റെ ചക്ഷുർ-
ഭ്രൂകോണലീലയ്ക്കധീനമേതോ.

൨൨

ഭൂരിപ്രജാക്ഷാമമഹീരുഹത്തിൻ-
വേരിന്നു വാൾ വയ്ക്കുമവൻ്റെ ദാനം
ദാരിദ്ര്യശോകാഹതമാം ജനത്തെ-
പ്പാരിൽ കുബേരൻ്റെ നിലയ്ക്കിണക്കി.

൨൩

യൽക്കാലഭോഗീന്ദ്രകരാളമായ് വ-
ന്നൂക്കാളിടും വാളുറവിട്ടുകാൺകെ
നില്ക്കാതെയന്യനരേന്ദ്രർ പോലും
ധീക്കാകവേ സംഭ്രമമോടുഴന്നാർ.

൨൪

പ്രാഗത്ഭ്യമുൾക്കൊണ്ടുലകം ഭരിച്ച്,
യാഗത്തിനാൽദ്ദേവഹിതം വളർത്തി,
ത്യാഗവ്രതൻ ഭൂപതി കീർത്തിസൂന-
സൌഗന്ധ്യസമ്പത്തു പരത്തി പാരിൽ.

൨൫

അവൻെറ ഭൂപാലനചാതുര്യത്തി-
യെവർക്കുമാനന്ദിനിയാകമൂലം
നവം നവം കാമമിയന്നു ലോകർ
ജവം പ്രമോദാബ്ധിയിൽ മഗ്നരായാർ.

൨൬

പുത്രൻ തദീയൻ നിജഗോത്രലക്ഷ്മീ-
ഗാത്രത്തെ മിന്നിച്ചു മണിപ്പതക്കം
ചിത്രം പിറന്നാനനല്പപ്രതാപ-
പാത്രം രഘുശ്രേഷ്ഠതരാഭിധാനൻ.

൨൭

നാലാമതാമാശ്രമമാട്ടിലീശ-
നാലാദരാൽ ഭൂഷിതമായ്‌ ബ്‌ഭവിക്കെ
ഭൂ ലോകമൊട്ടും കാക്കുവതിന്നു ഹൃദ്യ-
ശീലാഢ്യനാകും രഘുവുദ്യമിച്ചാൻ.

൨൮

ആണത്തമെന്നുള്ളതിതിൻവിധത്തി-
ലാണെന്നു കാണിക്കുമവൻെറ വീര്യം
ബാണവ്രണാൽച്ചിഹ്നിതമാമുരസ്സിൻ-
ക്ഷീണത്തിനാൽ ചൊല്ലി മഹേന്ദ്രനന്നാൾ.

൨൯

വൃത്രാരിവക്ഷസ്സ്ഥലഭിത്തിയിൽ തൻ-
ഗോത്രാധിപൻ തൻശരതൂലികാഗ്രാൽ
ചിത്രാഭരാഭോവാജചലവൃത്തചിത്രം
തത്രാദ്യമായ്‌ ത്താനെഴുതിപ്പഠിച്ചാൻ.

൩൦

വംശപ്രതിഷ്ഠാപകനായ,രാതി-
വംശപ്ലുടാരണ്യഹുതാശനായി
സ്വാംശം കരം ലോകരൊടേറ്റു ധർമ്മ-
ഭ്രംശം വരാതാബ്ധ്യന്തമൂഴി കാത്താൻ,

൩൧

കേളിയുള്ള പോരാളുമവന്റെ ഞാണിൻ-
മൂളിച്ചയിൽതന്നെ നടുങ്ങിടുന്നോർ
പാളിപ്പിടിച്ചദ്രിഗുഹോദരത്തിൽ
മേളിച്ചു തദ്വൈരികൾ പോക്കി കാലം.

൩൨

ബലീയസാമഗ്ര്യഗനായ്ജയിക്കാ-
ദിലീപസന്താനമവൻ നയത്താൽ
കുലീനരാം പൂർവ്വരെയും കവിഞ്ഞാ-
സ്വലീനതേജസ്സിൽ വിളക്കി വിശ്വം.

൩൩

നൈത്യക്കളുടും രിപുവിൻബലത്തെ-
സ്സൌവർണ്ണനാംചൈദ്യസൂയനും പ്രതാപാൽ
വണ്ടൂര് കാളിപ്പുരിഭൂപർതന്റെ-
പൊന്മുടിയിൽച്ചേർത്തിതവൻ സ്വപാദം.

൩൪

ഭ്രാജൽഭുജപ്രൌഢബലോത്തരമാക-
മോജസ്സിനാലപ്പനൊടൊത്ത ഭൂപൻ
ബീജംകണക്കങ്കുരമെന്ന തത്വം
നൈജം പ്രതാപസ്ഥിതികൊണ്ടു കാട്ടി.

൩൫

വൈരീശ്വരന്മാർ നൃപനാലുള്ള ജൈത്ര-
ഭേരീരവാൽ കമ്പിതചിത്തരായി
ദൂരീകൃതശ്രീയൊടു കാട്ടുകേറി-
ബ്ഭൂരീഭശോകത്തൊടു പോക്കി കാലം.

൩൬

ഏകാതപത്രത്തിനതാഴെയാബ്ഭ്രൂ-
പാകാഹിതൻ ലോകമടക്കിവാഴ്കെ
തീകാളുമന്യക്ഷിതിപാനലാവ-
ശോകാതപം മാഞ്ഞു മറഞ്ഞിതെങ്ങും.

൩൭

പ്രമത്തമാമിന്ദ്രിയവർഗ്ഗമാകെ-
ഗ്ഗമത്തിനാൽ വൻവശിയെന്നപോലെ
സമർത്ഥനാകും നൃവരൻ നയത്താൽ
ക്രമത്തൊടേ കീഴിലടക്കി ലോകം.

൩൮

സനാഥമായ് സാധുജനം സമസ്തം,
സനാതനം സാർത്ഥ്യമായി ധർമ്മം,
വിനാശമുൾക്കൊണ്ടു കൃതഘ്നർ, ഭൂപ-
നനാമയം നാടു ഭരിച്ചകാലം.

൩൯

പൊൻകങ്കണപ്രൗഢിയെ വിട്ടു നീണ്ട-
കൈക്കുള്ള ദാനത്തിനെയാനൃപാലൻ
അക്രൂരതാപോജ്ജ്വലസാരമേറ്റം
പ്രോൽകൃഷ്ടമാം ഭൂഷണമായ് വരിച്ചാൻ.

൪൦

ഭോഗത്തിനായല്ല ധനാർജ്ജനം ത-
ത്ത്യാഗത്തിനാണെന്ന വിശിഷ്ടതത്ത്വം
പ്രാഗത്ഭ്യമോടൂഴി ജയിച്ചനേക-
യാഗങ്ങളാലെ തെളിയിച്ചു ഭൂപൻ.

൪൧

ഭുവിദോർവീര്യേണ ജയിച്ചു ഭൂതി-
ത്താവിക്കുബേരശ്രുതി പൂണ്ട മന്നൻ
ശ്രീവിശ്വജിത്തായ മഖം നടത്തി-
ട്ടാവിത്തദാനവ്രതമാചരിച്ചാൻ.

൪൨

ഭൂമണ്ഡലം വെന്നു ലഭിച്ച വിത്ത-
സ്തോമം വ്യയംചെയ്തു മഖത്തിലെല്ലാം
ക്ഷാമത്തിനാൽ മൃന്മയപാത്രശേഷ-
ധാമൻ സ്വഭാവോന്നതിയന്നു കാട്ടി.

൪൩

ഭൂവിന്റെ കോണാക്കിളകുന്നാകാശത്തിൽ
ദീവിഷ്ഠഹൃത്തിന്ദ്രനാമാവഹിപ്പൂ
ആ വിബുധവൈരിപ്രജനാമവന്നാ-
ള്ളോവിതലം സർവ്വമധീനമല്ലോ.

൪൪

ഭൂവേശ്മവിഭ്രാജിതദീപമായി,-
ദ്ദേവേന്ദ്രസിംഹാസനഭാഗഭാക്കായ്,
ശ്രീവേറിടാതാനൃപനൂഴി കാക്ക-
മാവേലയിൽ സുസ്ഥിതമായി ധർമ്മം.

൪൫

മുൻപാദരാൽ ദിവ്യർ പിതാക്കൾ ശാസ്ത്ര-
ക്കാമ്പാക്കവേ കണ്ട മഹാരഥന്മാർ
താൻ പാട്ടിലായ് വെട്ടിയൊരാവഴിക്കു-
താൻ പാളിടാതന്നൃവരൻ നടന്നാൻ.

൪൬

പങ്കത്തിനെങ്ങും നിലയില്ല ധർമ്മാ-
തങ്കത്തിനാം വന്ന നിരാസ്പദത്വം.
തൻകണ്ണിനാലേ വഴിയിൽ കിടക്കും-
പൊൻകട്ടയും നോക്കുകയില്ലൊരാളും.

൪൭

മനോരഥത്തോടും മിഴിമാക്ക രാവിൽ-
ത്താനേ നടക്കാം വഴിയേ യഥേഷ്ടം
മാനേ ഭവിക്കില്ലിടിവാനൃപന്റെ
ദീനേതരം ശാസനയാം നിമിത്തം.

൪൮

എന്നോട്ട രാജാവിനു കൂറ്റമിഷ്ടാ-
മെന്നോക്കിമേതാളുമതിൻവിധത്തിൽ
മന്നോർവരൻ ചാരുനയം കലർന്ന
ഭിന്നോഗ്രതാപം ഭുവനം ഭരിച്ചാൻ.

൪൯

ആൎക്കും വിഷാദം കലരാതെ മറ്റി-
ലാക്കംഭിനീട്ടുന്നു ധരാതലത്തെ
കാക്കുന്ന കാലത്തിലനീതിതൻപേർ-
കേൾക്കുന്നതിന്നും കഴിയാതെയായി.

൫൦

വ്യോമാപഗാതീരലതാഗൃഹത്തിൽ
വൈമാനികസ്ത്രീജനപങ്ക്തിയിന്നും
ആ മാന്യഭൂപന്റെ യശോവിലാസം
പ്രേമാർദ്രചേതസ്സൊടു പാടിടുന്നു.

൫൧

പീനാനനാഭോജ്ജ്വലജൃംഭണത്താൽ
സേനാനിയെത്താഴ്ത്തിട്ടമരേന്ദ്രപാലൻ
ഈ നാട്ടകത്തിൽ സ്വജയധ്വജത്തെ-
ശ്ശ്രീനാട്ടി മേന്മേൽ ചിരമുല്ലസിച്ചാൻ.

൫൨

ദ്വിജാതിപൂജാരതനാമവന്നു-
ന്നജാഖ്യനാമേകസുതൻ പിറന്നാൻ,
ജലജാപഹം ശ്രീചതുരാസ്യഭാസ്സാൽ
ദ്വിജാദിയുക്ത്വമവൻ വളർത്തി,

൫൩

ശ്രീനന്ദനോദ്യാനവിഹാരസക്ത-
നാനന്ദമന്നാൾ രഘുവാവഹിക്കെ
താനപ്പുസിംഹാസനനാഥനായി-
ബ്ഭൂ നന്ദയോടേറെയജൻ ഭരിച്ചാൻ.

൫൪

അജൻ ബലാലന്നിതരക്ഷിതീന്ദ്ര-
വ്രജങ്ങളിൽ സിംഹതപൂണ്ടു വാഴ്കെ
വ്രജൽക്ഷയം വൈരിനൃപാലകന്മാ-
രജതമൂർക്കൊണ്ടലിതവന്റെ മുൻപിൽ.

൯൫

പുരാതനശ്രീഗുരുപാദപത്മ-
പരാഗധാരാപടലാഭമായി
ചിരാൽവിളങ്ങും വഴിയേ നടന്നു
ധരാധവൻ ഭക്തിവശൻ ചരിച്ചാൻ.

൯൬

യുവാവവൻ വൃദ്ധപദാബ്ജസേവാ-
നിവാരിതാഹങ്കൃതിവൃത്തചിത്തൻ
ദിവാനിശം സദ്ഗുണപ്രതാപ-
നിവാസഭൂവായ് സുചിരം ജയിച്ചാൻ.

൯൭

ശരത്തിനാലും നിജവാളിനാലും
പരക്ഷമാനായകർ പൂകമർത്ഥം
സ്ഫുരന്നിജഭ്രൂചലനത്തിനാൽ ഭൂ-
വരൻ ജയം കെല്പോടു നേടിവന്നു.

൯൮

പൊരാന്നു, വിദ്വാനരികൾക്കശേഷം
വാരാശിയായ് തീർന്നവന്റെ ചിത്തം
സാരാൽ സ്ഫുരത്താം ഗുണരത്നപങ്ക്തി-
ക്കാരാദ്ധ്യമാമാകരമായ്ഭവിച്ചു.

൯൯

ഭൂഹാരമുക്താമണിയിൽബ്ഭയത്താ-
ലാഹാരവും വിട്ടഥ ശത്രുഭൂപർ
ഹാഹാരവം പൂണ്ടു വനത്തിലെത്തി
മഹാരഥന്മാർ നിവസിച്ചുവന്നു.

൱

കാലന്ത്യഭൂപാലകർ തൻശിരസ്സി-
ന്മേലർപ്പണംചെയ്തു ജയധ്വജൌഘം
സ്ഥൂലപ്രഭാവത്തൊടിണക്കി, വീര്യ-
കാലംബമിക്ഷ്വാകുകുലപ്രദീപം.

൰൫

അംഗങ്ങളെക്കണ്ടു വനത്തിലും താ-
നജന്റെ പേരിൻസ്മൃതിവന്നാമന്ദം
തജ്ജസ്തു ലാകാരം മതിയോടു ശത്രു-
വ്രജം മഹാസ്പദത പൂകി വാണു.

൰൬

അമർത്ത്യവിദ്വേഷികളന്നൃപന്റെ
സമസ്തവന്ദ്യാങ്ഘ്രിധ കേറക്കിലേ താൻ
നമത്പതാകാഞ്ചലരായ് പതുങ്ങി-
ഭ്രമത്തൊടേ മുറവുമൊളിച്ചിടുന്നു.

൰൭

ഔന്നത്യമെന്നുള്ളതു താഴ്മയാലേ
ചൊന്നർത്ഥകാർശ്യത്തെ വഹിച്ചു ദാനാൽ,
വൻനന്മയോടേ ജനരഞ്ജനാച്ചെ-
യ്തന്നൃപൻ പൂർവ്വരെയും ജയിച്ചാൻ.

൰൮

കുലത്തിലെപ്പൂർവ്വനടപ്പിനൊട്ടു-
മുലച്ചിലേകാതെ ജനത്തെയെല്ലാം
നിലയ്ക്കു നിർത്തീടുമവന്റെ ബാഹു-
ബലത്തെയിന്നും സുജനം സ്തുതിപ്പൂ.

൰൯

സുക്ഷത്രവംശോത്ഭവരാം പരക്ഷ
നക്ഷത്രഭാവം നിജമുൻപിലേകി
രൂക്ഷപ്രതാപേന ഖരാംശുവായി-
ത്താൻ ക്ഷത്ര്യപോതം വിജയിച്ചു ഭൂപൻ.

൨൰

സ്വഭാവഗംഭീരനവന്റെ വക്ത്രം
ശുഭാവഹം ചെററരുണാഭമാകിൽ,
വിഭാതകാലം അരാതിവംശ-
വിഭാവരിക്കപ്പൊഴതിൽ ഭവിപ്പൂ.

൯൭

ദയാമരന്ദത്തിനു പാത്രമായി-
ശ്രിയാതിരമ്യൻ നൃവരൻ സദാപി
നയാൽ തദർത്ഥിമപിജപാദഭക്തിയിങ്കൽ
പ്രിയാനുഷക്തരെത്ത വളർത്തിവന്നു.

൯൮

വൻതാഴ്മയുള്ളോൻ പരമോന്നതാത്മാ,-
വെന്താകിലും ക്ഷോഭമിയന്നിടാത്തോൻ,
ശാന്താശയൻ നിർമ്മലപ്രശ്രയാഢ്യൻ,
യന്താവവൻ നിസ്തുലനായ് വിളങ്ങി.

൯൯

അദീനമാമുക്തിമഹാപദത്തിൽ
സുദീർഘമാതിഥ്യമജൻ വരിക്കെ,
തദീയനാട്ടുഭക്തിരതൻ തനൂജൻ
സമീഡിതൻ ഭൂമിപനായ് ഭവിച്ചാൻ.

൱

വശഗതബഹുസേനാപ്രൗഢികൈക്കൊണ്ടു ദിവ്യൻ
ദശരഥനൃപനന്നാം ദിഗ്ജയം ചെയ്തമട്ടാം
വിശദനവജയശ്രീലാളിതൻ തൽപ്രതാപ-
പ്രശമിതജനതാപൻ കാത്തു ലോകത്തെയെല്ലാം.

ശ്രീമദ്വ്യാഘ്രാലയപുരസ്ഥമാകിന വട-
ക്കുംകൂർ കുലത്തിൽ ധൃത-
ക്ഷേമം വാഴ്ച ജനിച്ച കഥന നൃപൻ
തദ്രാജരാജാഹ്വയൻ
രാമൻതൻകൃതിയായ വീരവിജയം
കാവ്യത്തിനെക്കൈരളീ-
പ്രേമത്തോടു രചിപ്പതിൽ പരിണതം
സർഗ്ഗം ദ്വിതീയം ശുഭം.

രണ്ടാംസർഗ്ഗം സമാപ്തം.

മൂന്നാം സർഗ്ഗം.

൧

ജന്മകാപഥകഥാനഭിജ്ഞമാം-
മന്മഥാപഥമജൻ വ്രജിക്കവേ
തന്മനോഹരതരാസനാം ജഗൽ-
സമ്മതൻ തദനു പൂകി തത്സുതൻ.

൨

പൂർവ്വരാജസമകീർത്തിവിസ്തരാം-
പൂർവ്വരാജവരർതൻപദത്തിനെ,
ഉർവ്വരാതിമഥനാതിദക്ഷനാ-
മുർവ്വരാപതി തിളക്കി കാന്തിയാൽ.

൩

ആകുലീകൃതവിപക്ഷനായ് സ്വഹ-
സ്താകമാന്യപതിയായ നാഥനാൽ,
ഭൂകുടുംബമധികം സനാഥമായ്,
ശ്രീ കലുക്കമിയലാതെ പൂണ്ടുതേ.

൪

സ്വീയമാന്യവരനാതപത്രജ-
ച്ഛായയാൽ കുളിരിളയ്ക്കു ചേർക്കവേ
ആയതാർത്തിയൊടു പൂട്ടുനീറുമാ-
ക്കായമാർന്നിതരിവൃന്ദമെങ്ങുമേ.

൫

സ്വാന്തസംസ്ഥിതഗുണാൽ പിതാക്കളെ-
ത്താൻ തികച്ചതിശയിച്ചുമാ നൃപൻ
കാന്തമാം തിരിയിൽ നിന്നെരിച്ചവൻ-
പന്തമെന്നവിധമാർന്നു നേടിനാൻ.

൬

ഗീഷ്പതിയ്ക്കുടയ വൈരത്തിനെ—
ദ്ദുഷ്ടമാക്കുമതിരററ ധീബലാൽ
ഗോഷ്പദീകൃതവിപക്ഷസിന്ധുവായ്
നിഷ്പരാജയമവൻ വിളങ്ങിനാൻ.

൭

കല്പനയ്ക്കെതിരിൽ നില്പവർക്ക് വൻ—
കല്പകാലകലിതാനലാഭനായ്,
നല്പറിവ്വുടയ ധാർമ്മികർക്ക് പൊൻ—
കല്പഭൂരുഹവുമായി മന്നവൻ.

൮

ഭ്രൂലവോച്ചലനലീലയാൽ നൃപൻ
പാലനക്രിയ നയാൽ നടത്തവേ,
കാലു ധർമ്മമിദ്ദയിങ്കലിപ്പുപോൽ
നാലുമൻപിനൊടു വച്ചു നിശ്ചലം.

൯

വൈരിവർഗ്ഗപുരലക്ഷലക്ഷമാ—
ബ്ഭൂരിവീര്യശിഖിയിൽ പൊരിച്ചു താൻ
പാരിലാത്രിപുരദാഹകാരിയാം—
ഗൌരിതൻപതിയെ വെന്നു ഭൂധവൻ.

൧൦

മന്നവന്റെ ഭുജമാദ്ദ്രുമത്തിലു—
ല്പന്നമാം നവയശസ്സുമങ്ങളെ
അഷ്ട ദിക്കുകൾ വതംസമായ് വഹി—
ച്ചുന്നതപ്രീതിയെ നേടി മോടിയിൽ.

൧൧

തൽക്കരപ്രകടശക്തി വേനലോ—
ടൊക്കുമെന്നതു യഥാർത്ഥമെത്രയും,
വായ്ക്കുമാരിപുവധൂമുഖപത്രക—
ശ്രീയ്ക്കുണക്കമതു ചെയ്തു കാൺമു നാം,

൱൨

സ്വൈരമന്യവരവീര്യലക്ഷ്മിതൻ–
ഗൌരസുന്ദരവിഹാസകന്ദളം
ക്രൂരമാമരിപുരം പൊരിച്ചു വെൺ–
ക്ഷാരമായ്ക്കളവിൽ മിന്നി മന്നതിൽ.

൱൩

നൈജദാനവിഭവങ്ങൾകൊണ്ടു വി–
ഭ്രാജമാനനവനേകരാജനായ്,
ഭൂ ജയിക്കവെയനേകരായ്ത്തദാ–
രാജരാജതുലകിങ്കലെങ്ങുമേ.

൱൪

വൃത്രജിത്സമനനേകഭൂപർതൻ–
ഛത്രപാളി കളയാത്ത ചൂടവൻ,
ചിത്രമേകകുടകൊണ്ടകറ്റി ദൃങ്–
മാത്രകമ്പനപലായിതാഹിതൻ.

൱൫

വൃഷ്ടദാനജലമായ്ദ്വിജവ്രജാ–
വിഷ്ടമാകിയ നൃപാലകദ്വിപം,
വിഷ്ടപേധിതദരിദ്രതാവിപൽ–
പുഷ്ടശോകവനിയുന്മഥിച്ചുതേ.

൱൬

ഒത്തിണങ്ങിയധികം വിശാലമാം–
ഹൃത്തിലന്നു പതിനെട്ടു വിദ്യകൾ,
ആത്തകൌതുകരസാൽ രമിച്ചു ഭൂ–
ഭൃത്തിനുന്നതമണച്ചു വൈഭവം.

൱൭

ആശയാഭ്യുദിതമായ വിക്രമാ–
ലാശയാകെ വിജയിക്കവേ നൃപൻ
ആശയാർത്തിയൊടഥാടവീശിലാ–
ശ്രയാകൃതികളായി വൈരികൾ.

൧൮

ധീശമോദിതബലൻ നൃപൻ, ജഗൽ-
ക്ലേശമോചനമണച്ചു വാഴവേ
കാശമോടിട്ടമവന്റെ കീർത്തിയാ-
ലാശ മോടിയെ വഹിച്ചു നിർഭരം.

൧൯

മുൻപുജന്മസ്മരണകൊണ്ടുതന്നെ വൻ-
വെൻപുലാളിയവർ ശത്രുഭൂമിപർ,
വൻപുകൊണ്ടരിയ സിംഹമന്നൃപൻ-
തൻപദത്തെ നിരൂപിപ്പതെങ്ങനേ.

൨൦

സൈപരമാടി, മുഖപുഷ്കരത്തിലാ-
ശ്ശാരദാതുലവിലാസമെങ്കിലും,
ധീരമാമതു ഘനപ്രവൃദ്ധഗം-
ഭീരതയ്ക്കിടിമയായതത്ഭുതം.

൨൧

എത്ര തെറവുടയ ശത്രുവും നമി-
ച്ചാത്തതാപമൊട്ട കാൽ പിടിയ്ക്കുകിൽ,
ധീ ത്തുലോമഥ തെളിഞ്ഞു താമസി-
യ്ക്കാതുടൻ നൃപനഭീഷ്ടമേകിടും.

൨൨

ചാരർ ദൂരഗതരും ഗ്രഹിച്ചിടാ-
ത്തോരവസ്ഥകൾ നിജാസനസ്ഥിതൻ,
പാരമക്ഷികൾ തുറന്നിടാതെ താൻ
ധീരനേത്രമറിയും നിഗ്ഗൂഢമായ്.

൨൩

എന്തവന്റെ ഗഹനം ഹൃദന്തരവും
ജ്ഞാതമാം നൃപനൊരൊററനോക്കിനാൽ;
ധീ തദീയമറിയിയ്ക്കയില്ല വേ-
ണ്ടാതെയന്യനെയതുല്യവൈഭവൻ.

൧൪

കാമകോടികളെയുന്നതപ്രഭാ-
ധാമമായ തനുവാൽ ജയിച്ചവൻ,
കാമനേകനെയെരിച്ച ദേവനെ-
ക്കാമമെന്നപഹസിച്ച സൌഭഗാൻ.

൧൫

വൈരമേററ ഭഗവാൻ ത്രിനേത്രനിൽ
ഭീരുവായ് സപദി മാഞ്ഞ മന്മഥൻ,
സാരശാസ്ത്രനയനാം ശതം ശതം
പേറുമാനൃപനെ വെൽവതെങ്ങനേ.

൧൬

ഫുല്ലമാം നൃവരകീർത്തിഭാസ്സിനാൽ
പുല്ലതായി നിതരാം നിശാകരൻ;
അല്ലയെങ്കിൽ ഹരിണാധിവാസമേൽ-
ക്കില്ലവങ്കലിതു സിദ്ധമല്ലയോ.

൧൭

സൌമനസ്യനടതാണ്ഡവക്രിയാ-
ധാമമായ മുഖമുജ്ജ്വലാക്ഷികം,
ഹേമകോമളകവാടധാടിതൻ-
ശ്രീ മഥിച്ചിടുമുരസ്സുമംസവും.

൧൮

തപിട്ടപൊന്ന തരു, നീണ്ടുതാണ്ടു കാൽ-
മുട്ടുതൊട്ടവ മഹാഭുജങ്ങളും,
ഒട്ടുപൊക്കമൊടൊത്ത വർണ്ണവും,
പെട്ടു മിന്നി നൃവരന്റെ വിഗ്രഹം.

൧൯

നോട്ടമെന്നതണുകൊണ്ടരാതിയിൽ
കോട്ടമേകിടുമവന്റെ നാടതിൽ
കോട്ട കൊത്തളമിതൊക്കവേ ഫലം
കെട്ടലങ്കരണമാത്രയുക്തമായ്.

൩൦

വൎണ്ണസങ്കരകഥാവകാശമാ-
വൎണ്ണനീയരുചിചിത്രകങ്ങളിൽ;
കീൎണ്ണമായി പതിതത്വമെന്നതോ
ജീൎണ്ണപത്രതതിയിങ്കലും തദാ.

൩൧

ഭൂരിവൃദ്ധചപലാനവൎത്തനം
കാറിനത്തിനു, ജലാധിപത്യമോ
വാരിധിക്കു, നിജവൃത്തഹാനിയെ-
പ്പേറിയന്നു സിതപക്ഷചന്ദ്രനും.

൩൨

തന്നകത്തുമതുപോൽ പുറത്തുമു-
ള്ളന്നരേന്ദ്രനയനങ്ങളും തുല്യമായ്
ഉന്നതശ്രുതിപഥാനുഷക്തിയായ്-
ത്തന്നെ കണ്ടിതു സമസ്തതത്വവും.

൩൩

ആയിരം തലകൾകൊണ്ടനന്തനൊ-
ന്നായിളക്കമൊടു താങ്ങുമൂഴിയെ,
സ്ഥായിയോടൊരു കരത്തിനാലുറ-
പ്പായിണക്കമൊടു പൂണ്ടിതാമഹാൻ.

൩൪

പോർക്കളപ്രഥിതയാഗശാലയിൽ
ഗോക്കളാക്കി രിപുസിംഹവീരരെ,
അൎക്കവംശമണി തദ്വിജാവലി-
ക്കെല്ലാകെ മൃഷ്ടമഥ നൽകി ഭക്ഷണം.

൩൫

ഏകശാസനനവന്റെ താഴെയാ-
ലോകമാകെ നിലനിൽക്കിലും തദാ,
സ്തോകവും പെരുമയില്ല തന്നിലെ-
ന്നാകലയ്യു നയശാലി മേവിനാൻ.

൧൬

തന്നയേന നിയതേന്ദ്രിയൻ നൃപൻ,
തന്നെ വെന്നു ശമവിത്തനാഢ്യമായ്,
പിന്നെയന്യഭരണാർത്ഥമെന്നു മു-
ത്താർന്നു കാട്ടി കലുഷത്വമെന്നിയേ.

൧൭

താലികെട്ടിയമുതൽക്കിളയ്ക്കു പൊൻ-
വേലിയായി വെളിവോടു നിന്നു താൻ
പാലിതപ്രജനവൻ വസിപ്പുനാം
മാലിനുള്ള കഥ കേട്ടിടാതെയായ്.

൧൮

വീരയോദ്ധൃജനലക്ഷപൂർണ്ണയാ-
യോരയോദ്ധ്യയിൽ വസിച്ചു ഭൂമിപൻ
പാരടക്കി വിധിപോൽ ഭരിച്ചുനാം
പൌരർ വിണ്ണവരെ വെന്നു സൌഭഗാൽ.

൧൯

ദേവനം വനമണഞ്ഞതു, ദേവസം-
സേവനം മഹിതവംശവൃത്തിയും
പാവനം പരിലസിച്ചു, ഭൂതലാ-
ധാവനം സപദി ചെയ്തു ദുർവ്വിധി.

൨൦

മാനവർക്കു സകലം സുവർഷവും
വേനലും സമുചിതം ഭവിക്കയാൽ
ദീനമില്ല, കൃഷിദോഷമില്ല, ഭൂ
വാനതിൻനില വഹിച്ചിതെങ്ങുമേ.

൨൧

യാമിനീചരമയാമവേലയിൽ
കാമിനീകചതമം വെടിഞ്ഞുടൻ
ഭൂമിനീരജദിവാകരൻ ജഗൽ-
സ്വാമി നീക്കമിയലാതെണീററിടും.

൪൨

വൃദ്ധരായ്ഗ്ഗുണമദമാലിയാൽ പരം
സിദ്ധരായ് വശികളായ മന്ത്രികൾ,
ബദ്ധരാജപദഭക്തി കൈവല്യ–
ന്നദ്ധരാധവസദസ്സിൽ മേവിനാർ.

൪൩

മന്നവൻ ധിഷണയാൽ തനിയ്ക്കുതാൻ–
പോന്നവൻ വിഭവശാലിയെങ്കിലും
അന്നു വൃദ്ധരൊട്ടു ചിന്തചെയ്തിടാ–
തൊന്നുമേ തുടങ്ങുകില്ലൊരിയ്ക്കലും.

൪൪

പാവനശ്രുതിപഥൈകപാന്ഥനാ–
മാവരിഷ്ഠമതിയാൽ പ്രവർത്തിതം
സാവധാനനയമാംവഴിയ്ക്കു താ–
നേവനും ഭുവി ചരിച്ചു നിശ്ചലം.

൪൫

ഏററവും മൃദുതരസ്വഭാവനാ–
ല്ലൂററ കർക്കശനുമല്ലീതിൻവിധം
കററമററവഴി മദ്ധ്യമം വരി–
ച്ചുററമെന്നിയെ വിളങ്ങി മന്നവൻ.

൪൬

ആയമുള്ള ബഹുകോശകങ്ങളു–
ണ്ടായതങ്ങളതുലങ്ങളെങ്കിലും,
സ്വീയമാം ചെലവു ചെയ്കയില്ല തെ–
ല്ലായതിന്നതിയറിയാതെ ഭൂപതി.

൪൭

ഗൗരവേണ ഗുരുവൃദ്ധർ ചൊല്ലിടും–
സാരമാകുമുപദേശപങ്ക്തിയിൽ
സ്ഫാരകൗതുകമിയന്ന തത്പരമാം–
നീതിയിങ്കൽ കരകണ്ടു മന്നവൻ.

൪൮

വൻത്രികാലമറിയും വിശിഷ്ടരാം-
മന്ത്രിമാരുടെ സദസ്സിൽ വാണുതാൻ
യന്ത്രിതേന്ദ്രിയബലൻ പ്രഭാവവാൻ
മന്ത്രിതാർത്ഥഗതി നേടി വാണമകൾ.

൪൯

നാലുപുത്രർ നൃപനാശവിച്ചു ധീ-
യാലുമുന്നതഗുണങ്ങളാലുമേ
പാലുവെന്ന പുതുകീർത്തിയന്നു പാർ-
മേലുയർത്തിയവർ പുണ്യരാശികൾ.

൫൦

തപ്പലോടു കടലാഴെ നീന്തുവോൻ
കപ്പലിൽ പിടി ലഭിക്കിലെന്നപോൽ,
കഷ്ടപ്പെന്ന മരുവിൽച്ചരിക്കുവോൻ
കല്പവൃക്ഷനിഴൽ കാൺകിലെന്നപോൽ,

൫൧

വൻവിശപ്പൊടു വലഞ്ഞിടുന്നവൻ
കൈവശത്തിലമൃതം ലഭിച്ചപോൽ,
ദൈവവശ്യരവർ നാലു പുത്രരാൽ
ഭാവതുഷ്ടിയെ വഹിച്ചു ഭൂപതി.

൫൨

രാമലക്ഷ്മണർ, തഥാവിധം ഗുണ-
സ്തോമമുററ ഭരതൻ, രിപുഘ്നനും
ഭൂമഹേന്ദ്രഗൃഹഭൂഷണങ്ങളായ്
പ്രേമഹേതുക്കൾ വളർന്നിതേവരും.

൫൩

മുൻപു നട്ട സുകൃതദ്രുവിങ്കലെ-
ക്കൊമ്പു കാളിയ ഫലങ്ങളെന്നപോൽ
പൂമ്പുകൾപ്പൊലിമ പൂണ്ട മക്കളാ-
ത്തമ്പുരാനലകം പുത്തനാക്കിനാർ.

൫൭

മക്കൾതൻകളികൾ കണ്ടു കൌതുക-
പ്പാൽക്കടൽക്കടിയിൽ വീണു മഗ്നനായ്
വായ്ക്കുമന്യകഥ വിസ്മരിച്ചുതാൻ
മിയ്ക്കനേരവുമിരിയ്ക്കുമദ്രിപൻ.

൫൮

കിങ്കിണീഘണഘണാരവത്തൊടേ
പങ്കിലാഗ്ര്യവരങ്കണങ്ങളിൽ
ശങ്കിയാതെ വിഹരിച്ചു ഭൂമിഭൃൽ-
പ്പൊൻകിടാങ്ങൾ ഹൃദി ചേർത്തു കൌതുകം.

൫൯

നെഞ്ചിലാർദ്രത വളർത്തിടും നവം-
പുഞ്ചിരിപ്പുതുനിലാവു പെയ്യുവർ
കൊഞ്ചിയങ്ങനെയൊരോന്നുരയ്ക്കവേ
താൻ ചിരം സുഖരസത്തു മുഴുകിനാൻ.

൬൦

മുത്തുകൊണ്ടു തടവും തുരങ്ഗവും
തീർത്തു ഹർഷമൊടതിൽക്കരേറിയും,
ഒത്തുചേർന്നു രണമാടിയും മഹീ-
ഭൃത്തുതൻസുതർ കളിച്ചു തങ്ങളിൽ.

൬൧

ഓടിവന്നു മടിയിങ്കലേറിയും,
ചാടി വേഗമകലത്തു മാറിയും,
പേടിവിട്ടു പൊടി മേൽപരത്തിയും
തേടി കൌതുകമിളാധവാത്മജർ.

൬൨

പ്രീതിയോടു തെളിവാറു പദ്യമൊ-
ട്ടോതിയും, വിവിധഗോഷ്ഠി, കാട്ടിയും
ഭീതിവിട്ടഥ തകർത്തുമുന്നത-
ശ്രീ,തിളങ്ങുമവർ ചെയ്ത ലീലകൾ.

൱

മാനിയായ മുനിയായൊരാറം മഖം
താനിരുന്ന വിധിപോലെ ചെയ്തിടും,
ഹാനിവിട്ടതിനെ നോക്കമന്യന-
ന്നീ നിലയ്ക്കവർ കളിച്ചു തങ്ങളിൽ.

൱൧

തേവരമ്പലവുമാനയും കളി-
പ്പാവയും മണലിനാൽ ചമച്ചവർ
സേവയൊത്തു മഹനീയമുത്സവം
കൈവളർത്തി വിഹരിച്ചുമേവതും.

൱൨

ഹേതുവിട്ടു കരയും ക്ഷണം, ക്ഷണം
കൌതുകത്തൊടു ചിരിക്കുമുച്ചമായ്,
ഏതു ചേഷ്ടയുമടക്കമൊട്ടുമി-
ല്ലാതുലച്ചിലൊടു ചെയ്യുമിപ്പപോൽ.

൱൩

തന്നഴിഞ്ഞ മുടി കെട്ടിവയ്ക്കുകിൽ
ഭിന്നമാക്ക,മതുപോൽ കളിക്കുകിൽ
ചെന്നു വൻപൊടിയിൽ വീഴു,മേവമാ-
പ്പൊന്നുകുട്ടികൾ വിചേഷ്ട കാട്ടിനാർ.

൱൪

'ധീ വണക്കമിയലാതെ കേഴിലോ
രാവണന്നിഹ പിടിച്ചു നൽകിടും'
ഏവമോതിടവെയപ്പുനമ്മമാർ
ഭാവഭേദമണു പൂകിയില്ലവർ.

൱൫

നാലുപേർക്കൊരുമിച്ചുതാൻ മഹീ-
പാലനങ്കമടിയിൽ കരേറണം
ലീലയോടതിനു മുൻപിലോടിടും
മേലണഞ്ഞഥ വഴക്കടിച്ചിടും.

൯൬

'അച്ഛനെത്തൊട്ടവതാരു മുൻപിലെ'—
ന്നാച്ഛരിച്ചവർ മിട്ടുകൊടൊപ്പമായ്
ഉച്ചലന്മൃദലനൂപുരാരവം
കൊച്ചർ പാതിരിട്ടമിഴയ്ക്കും വീണിടും.

൯൭

ഹേമഭൂഷണമണിഞ്ഞുടുത്തു നൽ—
ക്ഷൌമമുജ്ജ്വലസുമങ്ങൾ ചാർത്തിയും,
സൌമനസ്യമൊടു ലീലചെയ്യുമാ—
കോമളാംഗർ നൃപനേകിയുത്സവം.

൯൮

ഭൂഷണങ്ങൾ ഭവനത്തിനാകെയ—
ങ്ങോഷധീശമുഖർ ബാലർ മാത്രമാം;
ശേഷമേതു വിഭവൌഘവും തമ—
സ്തോഷമല്ലതരമില്ല നിർണ്ണയം.

൯൯

പുത്തനായ കളികൊണ്ടവരെന്നും
ചിത്തനാഥികളിളക്കമൊറവർ
ഒത്തനാമയകഥം വസിയ്ക്കയാ—
പ്പുത്തനാള പരിവൃഢമായ് പരം.

൱

ക്ഷാത്രധർമ്മമഹനീയലക്ഷ്മിതൻ—
ജൈത്രനിർമ്മലമണീപതാകകൾ
പുത്രജാലർ വളൎന്നു ഭൂമിഭൃ—
ന്നേത്രനൂതനരസായനായിതർ.

൱൧

കാലമൊട്ടു കഴിയുന്നതോറുമാ—
ബ്ബാലർതൻശിശുതവിട്ടു മേൽക്കുമേൽ
ലീലയിൽ പ്രിയമകന്നപൂർവ്വമാം—
ശീലശുദ്ധിയെ വഹിച്ചിതേവരും.

൨൧

വിട്ടു കേളികളിലേ ഭ്രമം, കളി-
പ്പാട്ടമൊക്കെയകലത്തു തള്ളിനാർ;
പട്ടപോലെ മൃദുശീലമാർന്നിതും-
തട്ടു സത്ഗുണവൃദ്ധിയേൽക്കയാൽ.

൨൨

മക്കളിൽ സതതവും പിതാവുതൻ-
പക്കലുള്ള സുഗുണൌഘമൊക്കയും
മേൽക്കുമേലതിശയിച്ചു തങ്ങളിൽ
തിക്കലാറു സുചിരം കൃതാർത്ഥമായ്.

൨൩

അമ്മമാരോ ജനകനോ വയസ്സിനാൽ
മേന്മയുള്ളിതരരോ വിളിയ്ക്കുകിൽ
നന്മയേറുമവരാദരത്തൊടും
താഴ്മയോടുമരികത്തുചെന്നിടും.

൨൪

കോപമില്ല കപടപ്രകാരമാ-
സ്താപവേലയിലുമോക്കയില്ലവർ
പാപകർമ്മരതിയില്ല, തെല്ലുമേ
ഭൂപപുത്രർ നിവസിച്ചിതീവിധം.

൨൫

ശീലശുദ്ധിമുതലാം ഗുണങ്ങളാൽ
നാലുമക്കളിലുമാദ്യനാദ്യനായ്
ലാലസിച്ചു, സകലാഗമങ്ങൾതൻ-
മൂലതത്ത്വപഠനായ രാഘവൻ.

൨൬

മൂന്നു സോദരരൊടും ഹൃദീഷ്ടമു-
ണ്ടൊന്നുപോലെ ജനയിത്രിമാരൊടും;
അന്നു തന്നനുജരും തഥാവിധം-
തന്നെയോർത്തിതവനെസ്സമസ്തരും.

൯൮

വാഴ്കൂണാച്ചു കരത്താർ, പിതാവുതൻ—
കാല്ക്കൽനിൽക്കുമവനേത്തുനേരവും;
വാഴ വല്ലതുമരയ്ക്കിലപ്പൊഴ്
കേൾക്കുമായതധികാദരത്തൊടും.

൯൯

ദേവലോകമതിലേയ്ക്കു പോരിനോ,
ഉപവനത്തിൽ മൃഗയാരസത്തിനോ,
പോയ്‌വരാൻ നൃപതി താമസിക്കിലോ
വേവലാതിയധികം വഹിച്ചിടും.

൱

കാലമിങ്ങനെ യഥാക്രമം മറി—
ബാലപുത്രർ വിനയിഷ്ഠ വിജ്ഞരായ്
ശ്രീലമാകിന ഗൃഹസ്ഥവൃത്തിയിൽ—
ക്കാലണച്ചു കൃതമൈഥിലപ്രിയർ.

൱൧

പൂതരാഗപരിപുഷ്ടി കാട്ടിടും—
കാന്തരാക്ഷികളൊടൊത്തു നിത്യവും
പ്രീതരായ് സകലധർമ്മവൃത്തി തെ—
റ്റാതെ രാജസുതർ വാണു സർവ്വദാ.

൱൨

ചൂതസായകന കായകാന്തിയാൽ
പ്രേതസാമ്യമുളവാക്കുവോരവർ
ജാതസാദരബലാനുകൂലമാം—
ചേതസാ സഹ നയിച്ചു യൗവനം.

വൃത്ത

ഉചിതതരുണിമാരാൽദ്ദാരസൌഭാഗ്യമാളും–
രുചിരർ തനയരോടും ചേർന്നിവണ്ണം മഹീന്ദ്രൻ,
ക്വചിദപി വിജയശ്രീപ്രേമഭങ്ഗാപ്തിയെന്യേ
സുചിരമധിവസിച്ചാൻ നിശ്ചലാഭോഗശാലീ.

ശ്രീമദ്വ്യാഘ്രാലയപുരസ്ഥമാകിന വട–
ക്കുർ കുലത്തിൽ ധൃത–
ക്ഷേമം വാച്ചു ജനിച്ചു ഭൂപനൊരുവൻ
തദ്രാജരാജാഹ്വയൻ,
രാമൻതൻകഥയായ വീരവിജയം–
കാവ്യത്തിനെക്കൈരളീ–
പ്രേമത്തോടു രചിപ്പതിൽ പരിണതം
സർഗ്ഗം തൃതീയം ശുഭം.

മൂന്നാംസർഗ്ഗം സമാപ്തം.

നാലാം സൎഗ്ഗം.

൧

മിക്കായതിൽ തെളിവു ചേൎന്നൊരുതൻകരത്തി-
ന്നൂക്കാകെയങ്ങിനെ കുറഞ്ഞു കുറഞ്ഞു മന്ദം
ധീശ്ശ്രാ വനാന്തഗമനാശ വഹിച്ചു ഭൂപ-
നക്കാലമന്തിയിലെയൎക്കനുതുല്യനായി.

൨

ദാരങ്ങൾ മക്കൾ വിഭവങ്ങളിതൊക്കെയത്ര-
സാരങ്ങളല്ല ചപലങ്ങൾ ബലങ്ങളെന്നായ്,
സ്വൈരം തപസ്സിന്നു നിനച്ചതിനുള്ള പൂൎവ്വ-
മാരംഭമാൎന്നിതു വിരക്തിവശൻ മഹീശൻ.

൩

അന്നാളൊരിക്കൽ നിജമന്ത്രികളേയുമപ്പോൾ-
തന്നാട്ടുകാരെയുമടുക്കൽ വിളിച്ചുനിൎത്തി
മന്നാളുവോൻ നിജമനസ്സിൽ വളൎന്ന വാഞ്ഛ-
യൊന്നാകെയിങ്ങനെ പറഞ്ഞിടുവാൻ മുതിൎന്നാൻ:

൪

ഭൂഭാരമേറ്റു ഞാനിതുവരെക്കു വഹിച്ചു, തങ്കിൻ-
പങ്കേല്പുവാനിടയൊരാരംഭമണച്ചിടാതെ;
എൻകാലമിപ്പൊഴുതു വാൎദ്ധകം പൂണ്ടു; മേലിൽ
ഞാൻകോലുമായ് വനമണഞ്ഞിടുവാൻ വഹിപ്പൂ.

൫

വൈവസ്വതാദ്യർ മമ വന്ദ്യപിതാക്കൾ തൃക്കാൽ-
പൂവൎണ്ണകാന്തിയൊടണച്ച വഴിക്കുതന്നേ,
ദൈവം കനിഞ്ഞതലമന്ത്രഗുണമേകകൊണ്ടു,
കാൽ വച്ചു ഞാൻ വിജയമോടു നടന്നുവന്നു.

൬

ആവിഷ്പ്രമോദമൊടു ഞാനിഹ വാണകാലം
ദ്യോവിങ്കലൊട്ടസുരപീഡ വളൎന്നതില്ല,
ഗോവിപ്രഹിംസയൊരുവൻ നിനച്ചതില്ല,
ഭൂവിങ്കലാഗമപഥം വിചലിച്ചതില്ല.

൭

ഭാവം ദുഷിച്ചൊരുവനും പരനാരിയിൽ പോയ്-
കൈവച്ചതില്ല നിഗമത്തെ വെറുത്തുമില്ല,
ജീവൻ കൊതിച്ചുമൊരു യാചകനും ഹതാശൻ
വൈവശ്യമോടിവിടെ നിന്നു മടങ്ങിയില്ല.

൮

രോഗക്കിടക്കയിലൊരാളു കിടന്നതില്ല,
ഭോഗപ്രസക്തിയൊരു മർത്ത്യനെ വെന്നതില്ല,
രാഗത്തിൽ മുങ്ങിയൊരുവൻ കനയം തുടർന്നി-
ല്ലാഗസ്സു ഹൃത്തിലൊരുനാളും നിരൂപിച്ചുമില്ല.

൯

ആകസ്മികം മരണമില്ലൊരു മർത്ത്യനും തൻ-
കൈകാലുകൾക്കൊരു ചങ്ങല വീണതില്ല,
ആകാശചുംബിശിഖരമെൻ കടതന്റെ കീഴി-
ലാകാതെയില്ല ചെറുദേശവുമൂഴിയിങ്കൽ.

൧൦

ദുഷ്പ്രാഭവത്തൊടൊരുവൻ ധനവാഞ്ഛമൂലം
നിഷ്പ്രാണഭാവമിതരക്കു വരുത്തിയില്ല,
ദുഷ്പ്രാപമായ വഴി പോയതുമില്ലൊരുത്തൻ,
നിഷ്പ്രാതിഭൻ കവിയുമില്ലൊരുവൻ ജഗത്തിൽ.

൧൧

ജ്ഞാനോദയോജ്ജ്വലർ ഭേദവിധമോടിതൊന്നും
ഞാനോതിടേണ്ട പഴങ്കഥയല്ല നൂനം
മാനോഗ്രമെൻ കഥ ജനങ്ങൾ വെളിപ്പെടുത്തും,
കൈ നോക്കിടുന്നതിനു ദർപ്പണമെന്തിനാവോ.

൧൨

ഹൈമം കിരീടമിനി ഞാൻ മമ മൂത്തപുത്രൻ-
രാമന്റെ മൌലിയിലണച്ചിടുവാൻ കൊതിപ്പൂ;
പ്രേമം ശമപ്രവരവൃത്തിയിൽ വാച്ചൊരാത്മാ-
രാമന്റെ മട്ടിൽ മരുവേണ്ടൊരു കാലമായ് മേ.

൰൩

തെല്ലെങ്കിലും കുറവു ഭക്തിയിലെൻജനങ്ങൾ-
ക്കില്ലെന്നിലീനിലയിൽ ഞാനൊഴിയാതിരുന്നാൽ
ചൊല്ലും കുറുക്കു,മടവും തകരും, സ്വൈരംതാൻ-
നല്ലപ്പോൾ നിർത്തിടുക പാട്ടിതു ലോകരീതി.

൰൪

കായാൽ കനിഞ്ഞ കമനീയവനദ്രുമത്തിൻ-
ഛായാവിലാസചരിതോജ്ജ്വലിതങ്ങൾ ഭൃക്കൾ
മായാമലീമസീകരണക്ഷമങ്ങൾ
മായാതെയുള്ളവ മദീയഗൃഹങ്ങൾ മേലിൽ.

൰൫

സിംഹാസനം മമ കുശാവലി മേൽ വിപക്ഷ-
സംഹാരനിർവ്വഹണമിന്ദ്രിയനിഗ്രഹം താൻ
സ്വം ഹാരമോ വിമലരുദ്രാക്ഷമാല,
കിം ഹാനിയുള്ളൂ നവമീ ശമജീവിതത്തിൽ?

൰൬

ശാലദ്രുവാടികൾ മേ മണിമന്ദിരങ്ങൾ
ശീലത്തിനാൽ ശമികൾ താപസർ കൂട്ടുകാരും
ചോലയ്ക്കകത്തുടയ നൽ കുളിർനീർ കുടിക്കാൻ
പാല,ന്നമോ നവരയും വരിയും കിഴങ്ങും.

൰൭

രാമൻ മണീമയകിരീടമണിഞ്ഞു മേലിൽ
ഭൂമണ്ഡലത്തിനുടെ നാഥത പൂകിടട്ടേ,
കാമം ജടാമകുടമാൎന്ന വിശിഷ്ടയോഗ-
മാമന്ദമഹിയ്ക്കുടയ രക്ഷണമേററിടാം ഞാൻ.

൰൮

മേൽക്കാളിമാഭയൊടു പട്ടു ധരിച്ചു ചെങ്കോൽ
കൈയ്ക്കൊണ്ടു രാമനിനിയൂഴി ഭരിച്ചിടട്ടേ,
നൽക്കാവിവസ്ത്രവുമുടുത്തഥ യോഗദണ്ഡ-
മാക്കായി ഞാനടവിഭ്രമണം നടത്താം.

൯൯

പീനപ്രതാപദഹനനകലരാതിവാസ-
സ്ഥാനങ്ങൾ ശർമനിഹ ചുട്ടുപൊരിച്ചിടട്ടെ,
ഞാനെൻെറ കർമനിവഹങ്ങളെയാകെയുള്ളിൽ-
ജ്ഞാനപ്രചണ്ഡശിഖിയിങ്കലെരിച്ചിടാം മേൽ.

൱

തോളത്തുനിന്നവനിഭാരമെടുത്തു വീര്യം-
കാളുന്ന പുത്രനിലണച്ചതിനാഗ്രഹിപ്പൂ!
അതുമല്ല ഞാനിനിയുമീവിഷയങ്ങൾ കൊട്ടും-
താളത്തിനൊത്തപടി തുള്ളിടുവാൻ തരിമ്പും.

൱൧

എൻതാടിമീശകൾ നരച്ചു യമൻെറ ദൂതർ
പന്താടിടുന്നതിനടുക്കുവതിന്നു മുൻപേ
സന്താധിതാസകലസംസൃതിസാരമായ-
ശാന്താശ്രമം ശകലിതാഘമണഞ്ഞിടാം ഞാൻ.

൱൨

ശ്രീയാളിടും നവകളായവുമായ് കടന്ന
മായാമവാദമുതൽകൊണ്ടിടുമെൻസുതങ്കൽ
ശ്രീയാർന്നരാഗമൊടു മേലിൽ രമിച്ചു, വൃത്താൽ
സധീയാൽ പ്രജാസമുദയത്തെ വളർത്തിടട്ടെ.

൱൩

ഞങ്ങൾക്കിതാണു കുലധർമ്മമിതായമൊട്ടു-
മെങ്ങും പിഴച്ചുകഥ മുൻപറിവില്ലയല്ലോ
തങ്ങൾക്കു നൽപ്പരസുഖത്തിനിതൊന്നുതന്നെ
താങ്ങ,പ്പോൾ നാമിതിനെയെങ്ങിനെ മാററിവയ്ക്കും.”

൱൪

ഭ്രൂവല്ലരിക്കു മകുടീമണിയമ്മഹാത്മാ-
വേവം പറഞ്ഞു ചെറുതന്നഥ വിശ്രമിച്ചാൻ;
ദൈവം നിനച്ചിടുവതൊന്നു, നരൻെറ ചിത്ത-
ഭാവം പരം പലതുമിങ്ങനെ നമ്മൾ കാൺമൂ.

൨൫

മേളത്തൊടിസ്സകല തന്ത്രവിദഗ്ദ്ധരെന്നു
നീളപ്പുകഴ്പ്പുകൾ പരത്തിടുവോർ മഹാന്മാർ
നാളത്തെ——വേണ്ടതനടുത്തുവരും ക്ഷണത്തി-
ലാളുന്ന സംഭവവുമൊട്ടറിയുന്നതില്ല.

൨൬

നാട്ടാർ സമസ്തവുമിളാരമണന്റെ വാക്യം
കേട്ടാദരാൽ തലകുലുക്കി രസിച്ചിതന്നാൾ;
പട്ടാഭിഷേകമിഹ രാമനു വേണമെന്നാ-
യൊട്ടാജ്ജനങ്ങൾ ശരിവച്ചു സമ്മതിച്ചാർ.

൨൭

മൂന്നാലുനാഴികകൾകൊണ്ടഭിഷേകവാർത്ത-
മന്നാകെയങ്ങിനെ പരന്നുകഴിഞ്ഞു താനേ,
അന്നാളിൽ വേലയതടിച്ചു തടിച്ചുപായും-
മൂന്നാമവാരിധിയിലേതവനും പതിച്ചാൻ.

൨൮

ആക്കംഭിനീവലയമാസകലം പരന്നു
വായ്ക്കുന്ന വാർത്തയുലകൊന്നു പുതുക്കിയെങ്ങും;
ആക്കം നിജാത്മജനതാനഭിഷേകമാകി-
ലേല്ക്കുന്നപോലതുദിനം കുതുകം വളർന്നു.

൨൯

മന്നിൽപ്പെട്ടം മഹിതവാർത്തയതങ്ങു നാകം-
തന്നിൽക്കടന്നു പറയുന്നതിനെന്നപോലെ
പൊന്നിൻപതാകകൾ നഭോന്തമതിക്രമിച്ചു
മിന്നിത്തുടങ്ങി മിളിതാക്കശതപ്രഭങ്ങൾ.

൩൦

നൽക്കാഴ്ച കാണ്മതിനു പോരുക വേഗമെന്നു
ദിക്കാകെയുള്ളവരെയാർത്തു വിളിച്ചിടുംപോൽ
നിൽക്കാതെ പൊങ്ങിന പെരുമ്പറതൻ നിനാദ-
മക്കാലമങ്ങുലകിടം സകലം കലക്കി.

൩൧

കാമം വിവാഹമഖ നൂതനമാവഹിച്ചു-
വാമമെയ്യൂഴം വിമലമാകിന മേനിപോലെ
പൂമഞ്ജുമാല മുതലായ വിഭൂഷണത്തിൻ-
സ്തോമം ധരിച്ചലമയോദ്ധ്യ പരിഷ്കരിച്ചാൾ.

൩൨

ആരാവമോടു പടഹം ജനവൃന്ദമായ-
വാരാശിതൻവെളുത്തതരംഗശതങ്ങൾപോലെ
ആ രാജരാജപുരിയിൽ പുരുവാജിസംഘം
മാറാതെ വൻവഴികളിൽ സതതം ചരിച്ചു.

൩൩

പാടുന്നതാണിളകിടുന്നതുമേതരാക്കും-
കൂടുന്ന ഭാഗ്യനിലയെന്നരുളുന്നപോലെ
ആടുന്ന നല്ല കളർമാലകളോടടുത്തു-
പാടുന്ന ഭൃംഗനിവഹങ്ങളും കളിച്ചിതെങ്ങും.

൩൪

ഹേമപ്രദീപനിരയിൽ ഭയമാവഹിച്ചു
ഭൂമണ്ഡലത്തിൽ നിലവിട്ട തമസ്സശേഷം
ആ മന്ഥരക്കുടയ മാനസകന്ദരന്താൻ
ക്ഷേമം തഴയ്ക്കുമൊരു മന്ദിരമായ്‌വരിച്ചു.

൩൫

ദാനം പൊഴിച്ചലറിവൻപൊടു സഞ്ചരിക്കു-
മാനപ്പെരുംജലദപങ്ക്തിയതിന്നിടയ്ക്കായ്
സേനയ്ക്കുനാഥരുടെ പൊന്മണികഞ്ചുകൌഘ-
ശ്രീ നാമഹേന്ദ്രവരചാപമഹസ്സു ചാർത്തി.

൩൬

പട്ടാഭിഷേകമഹിതോത്സവസിന്ധുവിങ്കൽ-
പെട്ടാശ തിങ്ങിയിളയിങ്ങനെ മുങ്ങിടുമ്പോൾ
നാട്ടാരെ നാംകിടുകകൊണ്ടു സമസ്തതത്ത്വ-
ജ്ഞനാംവസിഷ്ഠമുനി രാമഗൃഹത്തിലെത്തി.

൩൭

ചൊല്ലാലെയല്ല മിഴിപോറിന ഗൌരവത്തിൻ-
തെല്ലാലെയന്നു ചെറുതും പണി തേടിടാതെ,
വല്ലാതെവന്നു വഴി തിക്കിന വൻജനത്തെ-
യെല്ലാം പരിഭ്രമമൊടേറാതകററിടുന്നോൻ,

൩൮

സ്വൈരം ഹൃദന്തവലഭീഷ്ടകരേ കളിഷ്ട-
മാരമ്യചിലചനിതതൻഹസിതങ്ങൾപോലെ
ചാരം പുരണ്ടധികവെൺമ പെറുന്ന കാന്തി-
പൂരത്തിനൊത്തവിലൊളമൊഴുക്കിടുന്നോൻ,

൩൯

ആകല്പമായ് മുടിയിലൊട്ടു പിരിച്ചു ചാർത്തും-
പാകസ്ഫുരൽക്കണിശാപിംഗജടാകലാപൻ,
നൌകസ്ഥരോടു ചെറുപക്ഷികലാത്തിനൊന്നു-
മോകസ്സുവാസസുഖജീവിതമേകിടുന്നോൻ,

൪൦

ക്രൂരം പ്രപഞ്ചവിഷയാഹി കടിച്ചു ജീവ-
സാരം തുലഞ്ഞവശമായ ജനത്തിലെല്ലാം
സാരസ്യതുന്ദിലദൃഗുൽഗളിതാനുകമ്പാ-
നീരത്തിനാൽ പുതിയ ജീവിതമേകിടുന്നോൻ,

൪൧

ധീയേവുമുന്നതഗുണങ്ങളെയങ്ങു ഭൂയോ-
ഭൂയോപി വക്ത്രകമലേന വെളിപ്പെടുത്തി
മായാപയാതകദനാദ്രിയടിച്ചുടച്ചു-
മായോഗബന്ധു കരതാരിൽ വഹിച്ചിടുന്നോൻ,

൪൨

നാനാവ്രതാചരണകാർശ്യവശം വപുസ്സിൽ
സ്ഥാനാത്തമാം സ്ഫടികമാലകൾതന്മഹസ്സാൽ
ജ്ഞാനാലലംകൃതി മെലിഞ്ഞുചമഞ്ഞ സത്താ-
വാനാണു താൻ വിമലനെന്നു തെളിച്ചിടുന്നോൻ,

൪൩

ഭൂവരാദികൾക്കുമധികം പരിപൂജ്യനായ-
സന്മാനനീയചരിതൻ മുനിയാം വസിഷ്ഠൻ,
തന്മാളികയ്ക്കരികിലെത്തുവതിന്നു മുൻപു-
താന്മാനമോടു നികടത്തിലണഞ്ഞു രാമൻ.

൪൪

ഭൂപാവലോകനമതിൻരുചിരാനനഭാവാൽ
പാപാനുബന്ധകഥ പാടിതമാക്കിടുന്നോൻ
ഭൂപാലപുത്രനൃഷിയെക്കൃതസർവ്വപൂജാ-
വ്യാപാരനായ്ത്തനു ഭക്തിവശൻ നമിച്ചാൻ.

൪൫

ചിച്ചഖലേതരമഹാസ്പൃഹണീയമേറും
മെച്ചംപെടുന്നൊരു മഹാമുനിതന്നടുക്കൽ
ഉച്ചസ്ഥസൽഗുണനവൻ നിലകൊണ്ടു, താഴ്-
വാച്ചുന്ന താതനുടെ മുൻപിലൊരാത്മജൻപോൽ.

൪൬

ആശാന്റെ മുൻപിലൊരു ശിഷ്യനതെന്നപോലെ,
ഭൂശാസിതാവിനരികിൽ പ്രജയെന്നപോലെ,
ശ്രീശാസ്ത്രിതൻനികടഭൂവിലൊരജ്ഞനെപ്പോ-
ലീശാനനുള്ള സവിധേ പടു നന്ദിപോലെ,

൪൭

ധന്യാഗമത്തിനരികിൽ സ്മൃതിയെന്നപോലെ,
സന്യാസിതന്നരികിലാഗ്ഗൃഹിയെന്നപോലെ,
സൈന്യാധിപന്റെ സവിധേ ഭടനെന്നപോലെ,
മാന്യാഗ്ര്യയോഗിയുടെ മുൻപിൽ വസിച്ചു രാമൻ.

൪൮

സന്താനശാഖിനിലപൂണ്ടു സമസ്തലോക-
സന്താപഹാരികഥനായ മഹാമുനീന്ദ്രൻ
ശാന്താശയൻ ദശരഥാഭിധനായ ലോക-
യന്താവു തന്നുടെ മനോരഥമോതിയേവം.

൪൯

“മന്നിൽ പരന്നിടുമപൂൎവ്വതരോത്സവത്തിൽ—
നിന്നിന്നു നിൻജനകനല്ല നവാഭിലാഷം
ഉന്നിദ്രകൌതുകകരം ഭുവി പണ്ഡിതൎക്ക—
മുന്നിന്നിടും സുമതി നിശ്ചരിയുന്നതല്ലോ.

൫൦

പൊന്നാൽ തിളങ്ങിന നൃപൻെറ മഹാകിരീടം
നിന്നാൽ കൃതാൎത്ഥത വഹിപ്പതിനല്ല കാലം
മുന്നാലുനാളിനകമാഗതമാം, ജഗത്തി—
ന്നുന്നായിനിന്നു ജയമേല്ക്കുക മേല്ക്കുമേൽ നീ.

൫൧

വൎമ്മം ധരിച്ചു പരമാത്മമമാശ്രയിച്ചു
ധൎമ്മം ചരിപ്പതിനു ധന്യതരൻ നൃപാലൻ
ശൎമ്മം പരം ഹൃദി ശമപ്രദമോൎത്തു ലോക—
കൎമ്മം ത്യജിപ്പതിനു കല്പിതനായിപോലും.

൫൨

ക്ഷേമം ജനത്തിനുളവാവതുളവാക്കുമാറു
വൈമല്യമോടുലകു കാക്കുകയെന്ന കാൎയ്യം
സാമൎത്ഥ്യമുള്ള മഹിതൎക്കുമസാദ്ധ്യമത്രേ,
ക്ഷൌരമതിനാൽ സ്ഫുരിതമല്ല നൃപൻെറ മാൎഗ്ഗം.

൫൩

പാട്ടിൽ പിടിച്ചു ചില മൂഢജനങ്ങളെത്താൻ
കൂട്ടിപ്പിതാവൊടു സംഘബലം വരുത്തി
രാട്ടിൽ പെരുത്തു കറ കൃത്രിമമായ്ച്ചമച്ചു
നാട്ടിൽ പരത്തുമഘരാശികളെങ്ങുമുണ്ടാം.

൫൪

മുന്നാലുപേരുടയ വീടു ഭരിപ്പതിന്നും
തന്നാൽ കഴിഞ്ഞിടുകയില്ലതുപോലെയുള്ളോർ
ഇന്നാടു കാക്കുമവനീശനു കുററമോതാൻ
മുന്നാളുനില്പതു നിനയ്ക്കുകിലെത്ര ചിത്രം!

൩൫

പൊററമ്മതൻതല പൊളിയ്ക്കിലുമാത്മജന്റെ-
തെററല്ലയെന്നു ജനമോതിടുമാവിധത്തിൽ
അററം പൊടാത്ത രുചിഭേദവശം ജഗത്തെ-
ക്കുററം വെടിഞ്ഞിഹ ഭരിയ്ക്ക ഞെരുക്കമൊക്കും.

൩൬

ദോഷങ്ങൾ വല്ലവരുമോതുകിലും ഹൃദന്ത-
ദ്വേഷം വഹിയ്ക്കരുതു നീയവരോടുമേററം
തോഷത്തൊടൊത്തറിക വാസ്തവമല്ലയെങ്കിൽ
വൈഷമ്യമാസ്സ്വധർമ്മഗതിയ്ക്കു പാരം.

൩൭

ഗോവിപ്രവംശപരിരക്ഷ കലാഗ്ര്യധാമ-
മാവിശമാക്കരുതു നിത്യമിതോർക്കവേണം
ഭൂവിന്നു സത്യനില താങ്ങലതാം തപസ്സും
കൈവിട്ടിടൊല്ലറിക നീതിപഥത്തെയും താൻ.

൩൮

നൈജാധികാരചപലാന്ധതയിൽ പതിച്ചു
രാജാവിനുള്ള ബഹുഭോഗരതത്തിൽ മുങ്ങി
നീ ജാഡ്യമേൽക്കരുതു; ദുഷ്ടസഭാപ്രസക്തി
ഭൂജാനികൾക്കു നരകത്തിനു മുഖ്യമാർഗ്ഗം.

൩൯

ആരോടുമൊട്ടമിതസേവ വഹിച്ചിടൊല്ല,
വൈരോദയാദികലുഷതാപവുമപ്രകാരം;
നേരോടു നൽസമത പൂകി വസിയ്ക്ക തത്താപം
വേരോടു കാഞ്ഞ ദ്രുമമെങ്കിലലം ഭേദിയ്ക്കും.

൪൰

നാട്ടിന്നു നാഥത ഹിതത്തൊടു നൽകിയാലും,
കാട്ടിൽ ഗമിപ്പതിനു കല്പനയേകിയാലും,
രാട്ടിങ്കൽ മുത്തുമുഖവൈരവുമേററിടാത്ത-
മട്ടിൽ പെടുന്ന സമവൃത്തി നിനക്കു സേവ്യം.

൰൫

നട്ടുച്ചയിങ്കലുമടയ്ക്കുക കണ്ണു, നിദ്ര-
തട്ടുമ്പൊഴും നിശി തുറക്കുക ദൃക്കു രണ്ടും;
ഒട്ടും സുഖസ്ഥിതി വരുത്തുവതല്ല കല്യൻ
രാട്ടുന്നയിയ്ക്കുമൊരു നീതിപഥം ജഗത്തിൽ.

൰൬

സന്മാനമാന്യ ജനകൻ സുതരെക്കണക്കെ
തന്നാലകററിയിട്ടുമാതിരി ലോകരെ നീ
എന്നായമററു തെളിവോടു ഭരിച്ചു സർവ്വ-
സന്മാന്യനായി വിജയിയ്ക്കുക മുഖ്യകീർത്തേ!

൰൭

രാമാ! വിവേകനില ചേതസി കൈവെടിഞ്ഞു
രാമാ ജനങ്ങളുടെ ദുർവ്വിധവാക്കു കേൾക്കിൽ
രാ മാറിടാതിഹ വിപന്നയമേല്പു മീശ-
രാമായവൽക്കളവററിതറിഞ്ഞിടേണം.

൰൮

ഭൂരിപ്രിയത്തൊടരികത്തു വസിച്ചു സേവ-
പൂരിച്ചൊളിച്ചു കസൃതിയ്ക്കു തിരിയ്ക്കുവോരെ
നേരിട്ടുനിന്നു പരിപീഡ വരുത്തിടുന്ന-
വൈരിവ്രജത്തിലധികം കരുതേണമുള്ളിൽ.

൰൯

സ്വാതന്ത്ര്യകാററലമനത്ഥകമായ് വിളിപ്പോ-
രാതങ്കമായികരം; തദീയഗതിസ്വഭാവം
ചേതസ്സിലെന്നുമടവോടറിയായ്കിൽ നിന്റെ
പോതയ്ക്കുകതവർ പെരുങ്കുഴി മാന്തുമല്ലോ."

൨൰

നേരായ് നരേന്ദ്രനയമാറ്റുനിശാന്തമസ്സിൽ
സൂരാംശുകന്ദളികൾതൻ കളികാട്ടുമക്തി
ശ്രീരാമനായ നിജശിഷ്യനൊടോതി മെല്ലെ-
യാരാധനീയചരിതൻ മുനി വിശ്രമിച്ചാൻ.

൯൭

ജാതപ്രമോദമവനീശപദം സ്വയം തൻ-
കൈതന്നിലെത്തിയതിലും പ്രിയമേറിടാതെ
താതൻ വനപ്രതി തപസ്സിനു പോവതോർത്തി-
ട്ടാതങ്കമാണവനു ചേതസി ചേർന്നതന്നാൾ.

൯൮

വൃദ്ധൻ പിതാവു ബഹുനാളിളവാണൊടൊക്കം
സിദ്ധന്റെമട്ടു മരുവുന്നതിനാശവയ്ക്കിൽ
സ്വധർമ്മമാമതിനെ വിട്ടിനിയും പ്രപഞ്ച-
ബദ്ധന്റെമാതിരി വസിപ്പതിനാരു ചൊല്ലും?

൯൯

ഏകത്ര താതവിരഹവ്യഥ ധർമ്മചിന്താ-
വൈകല്യഭീതിയപരത്ര മനസ്സിലേവം
ആകമ്പമപ്രചുരശക്തികൾ വാച്ചു പൃഥ്വീ-
പാകഭിദാത്മജനൊടൊക്കമിവണ്ണമോതി:

൱

"താതന്റെ കാലടികൾതൻപരിചര്യയെക്കാൾ
ഭ്രാതൻമതത്തിനൊരു മാധുരിയെന്തിരിപ്പൂ!
സ്വാതന്ത്ര്യമായതിനു പുത്രനു ജന്മസിദ്ധ-
മാതങ്കമോടതിനെയെങ്ങിനെ ഞാൻ ത്യജിക്കും.

൱൧

എന്നല്ലുനാം സ്വകൃതിതൻവിരഹാൽ പടർന്ന
വന്നന്തമററുയരുമിഴ്ച്ചിയരം തെല്ലു മാററാൻ
ഇന്നക്കിരീടമതിനുള്ളരുണപ്രകാശം-
ഛിന്നന്ന കല്ലുകളിലെന്തൊരു ശക്തി കാണ്മൂ.

൱൨

'നേത്യ'ാദിവാക്യനിരതൻകരകണ്ഠയോഗ്യ-
ഭൃത്യാദരത്തൊടമരും വിപിനത്തിൽ വാഴാൻ
ഭൃത്യാശയൻ ജനകനെങ്കിലതിങ്കലൊട്ടും-
മത്യാമയസ്ഥിതി പെടാത്തവനാണു രാമൻ.

൨൩

എന്നാൽ ത്വദീയചരണം സസുഖം തലോടാൻ
മുന്നായ്ഗ്ഗമിപ്പതിനു സമ്മതി മേ തരേണം;
ഇന്നായതാണടിയനിച്ഛ, കഴമ്പു വിട്ട-
മന്നാൾക്കുവേണമതിലെത്ര വിരക്തനീ ഞാൻ.''

൨൪

വൻതാതഭക്തി വെളിവാക്കിന വാക്കു പൃഥ്വീ-
കാന്താത്മജൻ വിമലനിങ്ങനെ ചൊന്നനേരം,
തൻതാടിമീശ ചെറുതൊന്നു തലോടി കണ്വാൻ
ശാന്താശയൻ മുനി ചിരിച്ചു പറഞ്ഞു പിന്നെ:

൨൫

"കാശാഗ്രഹിച്ചിട്ടകിലാത്മജനാകുമൽ വാള-
വീശാൻ സുതൻ മടിയില്ലുണവെന്നിരിയ്ക്കും
ക്ലേശാപ്തിവിട്ടരികിൽ വന്നൊരു ഭാഗ്യസതി-
ലാശാനബന്ധമിയലാതെതാരു നീ സമർത്ഥൻ.

൨൬

വെൺചാമരപ്രചുരദാസിനി രാജ്യലക്ഷ്മി
തൻചാരെ വന്നു വരണത്തിനു മാല നൾകെ,
നഞ്ചാണതെന്നു നിരൂപിച്ചു കരത്തുറച്ചു-
നെഞ്ചാണിന്നവൻ സപദി മൽപൊരു പിൻതിരിയ്ക്കും.

൨൭

ശ്രുത്വാന്തകമ്പയൊടു ശ്രുതലരക്ഷചെയ്യു
ജേതാവുമായ് ജനിതപുത്രനുമായ് ചിരം നാൾ
നീ താന്തിവിട്ടു മരുവേണമ യുവാവിവണ്ണ-
മോതാവതല്ല ചിതമററൊരു വൃദ്ധധർമ്മം.

൨൮

നിന്നാത്തവംശജർ വനത്തിനു പോവുകെന്ന-
തിന്നാദ്യമല്ല പലർ മുൻപിതു ചെയ്തിരിപ്പൂ;
എന്നാൽ സുതൻ ജനകനൊത്തു ഗമിച്ചതായി-
ട്ടിന്നാൾവരയ്ക്കുമറിവില്ലതിവൃദ്ധനാം മേ.

൬൯

തപോധർമ്മചിന്തയതളീടുവതെന്തു, ശാന്തൻ
വൃദ്ധൻ പിതാവിനിയുമിങ്ങനെതന്നെ മേലും
ബന്ധപ്രപഞ്ചാപദശൃംഖലനായ് കിടന്ന-
ന്നാധിയ്ക്കു ലോകർ പതിയാതമരേണമെന്നോ?

൭൰

അല്ലായ്കിലാഗ്രഹവശൻ നൃവരൻ യുവാവു
തെല്ലാത്മധർമ്മവരണാദ്യണമാറിടാതേതാൻ
വല്ലാതെ കാട്ടിലണയുന്നതിനോ; വനാന്ത-
മെല്ലാർക്കുമുള്ള സുഖവാസപദങ്ങളെന്നോ.

൭൰൧

പണ്ടുള്ള കൂട്ടർ കളധർമ്മമറിഞ്ഞ വന്ദ്യർ,
വേണ്ടുന്നതെന്തു കരുതാതെ വെടിഞ്ഞ മറ്റും
രണ്ടും വിശേഷതരമെന്നലകോട്ടു കേട്ടും-
കണ്ടും പഴക്കമുടയോർ പറയാൻ ഞെരുക്കം.

൭൰൨

എന്നും പിതാവിനരികത്തു വസിയ്ക്കുവാനോ
നിന്നുള്ളിലാഗ്രഹമതോർക്കിലതു ദുസ്സാദ്ധ്യം?
ഇന്നല്ലയെങ്കിലിനി നാളെയവൻ പരത്തിൽ-
ച്ചെന്നെത്തിയുന്നതസുഖത്തെ വരിച്ചിടേണ്ടോൻ.

൭൰൩

തൽക്കാലമുണ്ണതയീവിരഹം മനസ്സിൽ-
പ്പൂക്കാമയം സുദൃഢമുന്നതമേകിയാലും
മെൽക്കാര്യലക്ഷപരിപീഡിതനായ നിന്നിൽ
നിൽക്കാതെമായുമഴലിന്നിതു ലോകരീതി.

൭൰൪

മേചലിൽ പിതാവിനുടെ ശാസനമാദരിച്ചി-
ന്നാലിപ്പൂകാന്തിധവളീകൃതമാം കിരീടം
മൌലിയ്ക്കുചേർത്തു, നിജധർമ്മനിലയ്ക്കു നിന്നി-
പ്പാലിയ്ക്ക നീ ജനതയെജ്ജനിതാനുകമ്പം."

വൃ.

ചിത്തപ്രസാദകരമാമുനിയേവമോതി-
യാത്തപ്രിയം വിരതി തത്ര വഹിച്ചശേഷം
അത്തൽക്ക പാരമിടനാകിയ മാനസാന്ധ്യ-
ന്തം ശമിച്ചു തെളിവോടു വസിച്ചു രാമൻ.

വൃ. ന്ന

നാല്പിഷ്ടപ്രാഭവംകൊണ്ടുലകിന ഗുരുവാ-
മമ്മഹായോഗിയോടായ്
„കല്പിക്കുംപോലെയെല്ലാമടിയനു ഹിതം”മെ-
ന്നോതിയത്യാദരത്താൽ
തൃപ്തിതാൻ നിന്നു രാമൻ, പരസുഖവിജയ-
ശ്രീനവോദ്യാനദേശം
പുപ്പിക്കും ത്രുവസന്തം വസതിയഥ കൈ-
വിട്ടു മന്ദം മുനീന്ദ്രൻ.

ശ്രീമദ്വ്യാഘ്രപുരസ്ഥമാകിന വട-
ക്കുമ്പൂർ കുലത്തിൽ ധൃത-
ക്ഷേമം വാച്ചു ജനിച്ചു ഭൂപനൊരുവൻ
തദ്രാജരാജാഹ്വയൻ,
രാമൻതൻകഥയായ വീരവിജയം-
കാവ്യത്തിനെക്കൈരളീ-
പ്രേമത്തോടു രചിപ്പതിൽ പരിണതം
സർഗ്ഗം ചതുർത്ഥം ശുഭം.

നാലാം സർഗ്ഗം സമാപ്തം.

അഞ്ചാം സൎഗ്ഗം.

൧

ആ സാൎവ്വഭൌമവധു കേകയപുത്രി വാഴും,
പ്രാസാദരാജമണിഭൂമിയിലന്നൊരുന്നാൾ
ആസാദിതാഘനിധി മന്ഥര ചെന്നുചേൎന്നാൾ,
കാസാരഭൂവിലൊരു കാസരിയെന്നപോലെ.

൨

ഭവ്യാശയപ്രകൃതശാലിനി റാണി മേവും-
മവ്യാഭിരാമ്യമുയരും മണിമന്ദിരത്തിൽ
സവ്യാജമെത്തിയവളാഗമവിദ്യ മിന്നും-
ദിവ്യാശ്രമത്തിലൊരു ബൌദ്ധവധൂടിപോലെ.

൩

വൈകാതെ പാപവശയാമവൾ പുണ്യരാശ-
ദാകാരകാന്തി വിളയും ക്ഷിതിഭൎത്തൃതന്നെ
പേകാളുമാറു പിടിപെട്ടിതസൂയസത്തി-
ലാകാങ്ക്ഷപൂകിന പിശാചൊരു സാധ്വിയെപ്പോൽ.

൪

പാപിഷ്ഠകൎമ്മരത മന്ഥര മണ്ഡലം താ-
നാപിഷ്ടമാക്കിന മനോമലിനതമേല്പോൾ
പ്രാപിച്ചിതാമണിഗൃഹം, കളഹംസി മിന്നും-
വാപിയ്ക്കകം പെരിയ സൎപ്പിണിയെന്നപോലെ.

൫

ഒട്ടാകെ വക്രതരമാമുടലീശനേയും-
ക്കൂട്ടാക്കിടാത്ത നട നീണ്ടുകഴിഞ്ഞ നേത്രം
നാട്ടാരെയൊക്കവെ വെറുപ്പതിധാൎഷ്ട്യമെന്നീ-
മട്ടാൎന്നു മന്ഥര വിറച്ചു വിറച്ചു ചെന്നാൾ.

൬

തോക്കും പിടിച്ചു മണികഞ്ചുകമിട്ടു ഭീതി-
ചേൎക്കുന്ന ക്രൂരത മുഖത്തു വെളിപ്പെടുത്തി
നോക്കേറെ കൎക്കശതരം ഭടർ കാവൽ കാത്തു-
നില്ക്കുന്ന വാതലുകളാലതിദുൎഗ്ഗമായും,

൭

ജാലംഗതൻ മലയമാരുതനാം യുവാവിൻ-
ലീലാവിലാസവിഭവത്തിന കീഴടങ്ങി
മാലാന്തരാളികളിയററിന ഗന്ധവല്ലീ-
യാലോക്കമേ ദൃശി വിനോദമണപ്പതായും,

൮

വിസ്താരമുള്ള മുറിതന്നിലിണക്കിവച്ച-
പുസ്താവലീവിതതി യന്ത്രനയാൽ ചലിക്കെ
ഹസ്താൽ തെളിഞ്ഞ പനിനീർ നിപതിച്ചു, ശൈത്യ-
ശസ്താഭിരാമനവസൌരഭമേല്പതായും,

൯

സ്ഫാരാഭമായ മണിഭിത്തികളിൽ ചമച്ച-
പൌരാണികർഷിജനസച്ചരിതങ്ങളാലേ
ആരാകിലും ചെറുതു നോക്കുമവർക്കു തത്വ-
വാരാശിമജ്ജനസുഖത്തെ വളർപ്പതായും.

൰

'ധർമ്മപ്രമാണമഖിലം ശ്രുതിവാക്യ'മെന്നും,
'കർമ്മം വിശുദ്ധികരമാരണീയ'മെന്നും
തന്മഞ്ജുളസ്വനമൊടോത്ത് ശുകപങ്ക്തി പാടി-
പ്പൊന്നച്ചുകങ്ങളിലിരുന്നു കളിപ്പതായും.

൰൧

വൈവസ്വതൻമുതലതേവരെയുത്ഭവിച്ച-
ഭൂവല്ലഭക്ഷിതി ശ്രീശുഭസ്വരൂപം
ധീവന്ദ്യചിത്രമധിശാലനിർമ്മിതം ശ്രീ-
കൈവന്നിണങ്ങിയ വരാനനകൾ ചേർന്നതായും,

൰൨

താരങ്ങളും തരളമേഘവുമൊട്ടു താഴ്ന്നാ-
കാശത്തിലൂടെയനിശം ഗതിചെയ്വതായും
ഏറെത്തിളങ്ങിന മഹീശ്വരി തന്റെ ഹർമ്മ്യം
ക്രൂരസ്വഭാവയവരെന്നു കലക്കി പോകാൻ.

൩൩

വൈരസ്യവക്ത്രമൊടു മന്ഥര വന്നുടനേ—
നേരത്തിലുററു ഹൃദി സംഭ്രമസംശയങ്ങൾ
സ്ത്രീരത്നമാകുമവനീശ്വരി പൂകിലും താൻ
ധീരത്വമോടതു വെളിയ്ക്കവൾ കാട്ടിയില്ല.

൩൪

'കേട്ടില്ലയോ' കുസൃതി മന്ഥര ചൊല്ലി മന്ദം,
'നാട്ടിന്റെ കൃത്രിമതരങ്ങൾ പരിശ്രമങ്ങൾ;
നാട്ടിങ്കൽ മന്നനിനി രാമനൊരുക്കമെല്ലാം
കൂട്ടിക്കഴിഞ്ഞു—ഹത നീ കഥയെന്തറിഞ്ഞു.

൩൫

തീ വീണു നിൻമനസ്സുകം തിരിയെരിഞ്ഞിടുമ്പോൾ
നീ വീണവായന ഹിതാൽ തുടരുന്നു കഷ്ടം!
ഈ വീരപത്നിയുടെ മോടിയുടൻ കുറഞ്ഞു
ഭൂവീഥി മേലിനി നിനക്കവലംബമെന്താം.

൩൬

ഉമ്പാകെയററവനസൂയതയധികപ്രസക്ത—
ക്കമ്പായരാമനിതു ഞാനറിയുന്ന മുൻപേ
തൻപാട്ടിലായവനു ഭൂപതി കൂടിവന്നാ—
ലമ്പോ! കരഞ്ഞിനി സുരാ രസപാനമായി.

൩൭

ഏന്നോക്കുനോക്കുമഥ കൂനി നടക്കുമെന്ന—
ല്ലെന്നോ വിളിയ്ക്കുമനയദ്യതാട്ടു കൂനിയെന്നായ്
മുന്നേ ശിശുത്വമതിലിങ്ങനെ വാച്ച ധാർഷ്ട്യം
പിന്നേതുകാലവുമകന്നിടുവാൻ ഞെരുക്കം.

൩൮

സാരസ്യവേദി സകലാഗമതത്വസാര—
പാരജ്ഞതൻ നിയതധീ പടു വിദ്യുശാലി
ഭൂരഞ്ജനൈകരസികൻ ഗുരുവൃദ്ധഭക്തൻ
ധീരൻ ചിതൻ ഗുണരതൻ രതൻ ഹിതൻ മേ.

൮൯

മുന്നിൽ ജനിച്ചതവകാശിനിലയ്ക്കൊരാളു-
മുന്നിദമോർത്തിടുകയില്ല, ഗുണം പ്രമാണം;
വഹ്നിസ്സുരം രവി വിഷം പ്രഥമം പയോധി-
തന്നിൽ ജനിച്ചു ഫലമെന്തതെവൻ ഭുജിയ്ക്കും.

൯൦

ഇന്നേവരെബ്ഭരതനാണഭിഷേകമെന്നു-
തന്നേ നിനച്ചു മരുവീ ജനമാകെയെന്നാൽ
ഹീനോക്തനീതിവശനാം നൃവരന്റെ തന്ത്ര-
മെന്നോ കടപ്പുമുലകൊന്നു മറിച്ചുവല്ലോ.

൯൧

നിർഗ്ഗന്ധശുഷ്കസുമമാകിന രാമനെത്തൽ-
സ്വർഗ്ഗത്തിൽനിന്നവതരിച്ചൊരു ദേവനെന്നായ്
ഉദ്ഗീയന്നു നിരൂപിച്ചനയപ്രകാര-
മാർഗ്ഗം ചമച്ചവർ മഹീശനു സേവകന്മാർ.

൯൨

പുല്ലും മഹാമലയുമെന്നതുപോലെ, പാറ-
ക്കല്ലും വിശേഷരുചി ഹീരവുമെന്നപോലെ,
അല്ലും പെരുംപകലുമെന്നതുപോലെ, ഭേദം
ചൊല്ലുന്നു രാമഭരതർക്ക് ജനങ്ങളെല്ലാം.

൯൩

തോടും പയോനിധിയുമെന്നതുപോലെ, ശുഷ്ക-
മോടും പ്രതപ്തരുചി ഹേമവുമെന്നപോലെ,
കാടും നവം പുരവുമെന്നതുപോലെ, ഭേദം-
കൂടുന്നു രാമഭരതർക്കിതു കാണ്മതല്ലോ.

൯൪

രാമൻ സമസ്തകനയത്തിനുമൊക്കിലേക-
ധാമം മഹാരസികനെന്നു തെളിഞ്ഞിടുന്നോൻ,
സാമർത്ഥ്യമില്ല കഥയില്ലിവനോട് ലോകം
വൈമത്യമോടു മരുവുന്നതു കാരമാണോ.

൨൫

സ്വാന്താവഹം കുടിലഭാവമൊതുക്കി രാമൻ
വൻതാഴ്മയും സുനയവും കലരവോടു കാട്ടി
തൻതാതസന്നിധിയിൽ വാഴ്‌വതിനുള്ള ഹേതു-
വെന്താണതെന്നിഹ നമുക്കു തെളിഞ്ഞുവല്ലോ.

൨൬

കൌസല്യ ജാനകിയിവൾക്കൊരു ദാസിയായി-
വാസം നിനക്കു ചെറുതും ഹിതമല്ലയെങ്കിൽ
നീ സത്വവാൻ ഭരതനെ ക്ഷിതിനാഥനാക്കാൻ
ശ്വാസം നിലപ്പതുവരെപ്പണിചെയ്തിടേണം.

൨൭

നാടാകെ രക്ഷയിലിരിയ്ക്കണമെങ്കിൽ മേലിൽ-
ക്കാടാകണം സപദി രാമനു വാസഗേഹം,
കേടാക്കുമേകിന വിഷദ്രുമമേ വളർന്നാൽ
കോടാലിവച്ചതു മുറിപ്പതു ലോകരീതി.

൨൮

ഇമ്മന്നിലുള്ള മഹിളാജനമൊക്കെ മോശ-
മെന്നുണ്ടു ഞാനൊരുവൾതാൻ രസികത്തിയെന്നായ്
തന്മന്ദിരത്തിലവനാണൊരു 'ശഠ', ഭാവാ-
ലെമ്മച്ചി'യെന്നവർ കളിച്ചു തിളച്ചിടുന്നു.

൨൯

ഞാനഷ്ടാവക്രമുനിയാമിവനുള്ള ജായാ-
സ്ഥാനത്തിരിയ്ക്കുവതിനൊത്തവളാം വപുസ്സാൽ
ആ നൽസഖീജനമൊടേവമുരച്ചുനിന്നെൻ-
മാനംകെടുത്തിയവർ മുന്നമിതോർക്കവയ്യ.

൩൦

എന്നാണു കാലവളെടുത്തിവിടത്തിൽവച്ചു-
അന്നാൾമുതൽക്കിവിടെയുള്ള സുഖം തകർന്നു,
ഇന്നാപ്പിശാചിനെയുടൻ വഴിയിങ്കലാക്കാ-
തെന്നാത്തകോപമൊരുപോലുമടങ്ങുകില്ല.

൩൧

ലോകത്തിൽ ധരിപ്പോരു തുണിയുമിന്നുടിതില്ലാ-
താക്കിപ്പെരുംവഴിയിലേക്കവളെ വിടാതെ
ചാക്കില്ലെനിയ്ക്കു, കളിയും ചിരിയും തകർപ്പും
പോക്കിക്കിടന്നാം കദ്രുതിതൻനില ഞാൻ മറിയ്ക്കും.

൩൨

അമ്മാത്തു നിർസുതനെ വാണിടുവാനയച്ചു
പുമ്മാനതിയല്പതിലുമുണ്ടൊരു ഗൂഢതത്ത്വം;
വമ്മായമേറുമവർ പൂരുഷർതൻഹൃദന്തം
കാണ്മാൻ മിടുക്കുടയ നാരികളേറെയില്ല.

൩൩

നാട്ടാർക്കു നിൻഭരതനിൽ പ്രിയമേറു, മേറ്റം
തട്ടാണു രാമനൊടു തന്തചമിതൊട്ടുമുൻപേ
താട്ടാശയത്തിലറിയുന്നതിനാൽ കഴിപ്പും
തട്ടാതിരിപ്പതിനു മാററിയതാണു നൂനം.

൩൪

ധീരാഗ്ര്യനാം ഭരതനോടു ഭയം വെറുപ്പും
വൈരാദിയും മനസി രാമനു ജന്മസിദ്ധം;
പോരാഞ്ഞു തൻഹിതഗതിയ്ക്കു വരാതിരിയ്ക്കാൻ
പോരാനി നിൻസുതനെ മാററിയകററി രാമൻ.

൩൫

ദേവാസുരാഹവവിരാമശമാന്തരത്തിൽ
ഭൂവാസവൻ കനുകി തന്ന വരങ്ങൾ രണ്ടും
നീ വാങ്ങണം പതിയൊടെങ്കിൽ നമുക്കു മേലിൽ
ദൈവാനുകൂല്യമിതിലേറെ വരേണ്ടതില്ല.

൩൬

തപ്പിട്ടാളീടും ഭരതനെ ക്ഷിതിനാഥനാക്കി-
പ്പട്ടാഭിഷേകമധുനൈവ നടത്തിടട്ടേ!
മുട്ടാതെ രാമനൊരു യോഗിനിലയ്ക്കു കാട്ടിൽ-
പ്പെട്ടാവസിച്ചിടുക മേൽ പതിനാലുകൊല്ലം.

൩൭

ഭൂപാലനോടിവ വരങ്ങൾ വരിച്ചുവെന്നാൽ–
താപാഗമത്തിനിനി മേലവകാശമില്ല;
പാപാദിശങ്കയിതിലെന്തിഹ ലോകരക്ഷാ–
വ്യാപാരപുണ്യഫലമന്നിതിനുള്ള ലാഭം.

൩൮

പാരായതിന്നധിനാഥത പൂണ്ടു പൊന്നിൻ–
തേരേറി ലോകമൊക്കെ നിൻ തനയൻ ഗമിക്കെ
സ്ഫാരാരവാരജയജയേതി ജനം മുഴക്കു–
മാരാവമിന്നു തവ കേൾപ്പതിനാശയില്ലേ?

൩൯

ഹേമാസനാധിഗതനായ് ധരണിക്കു ശോഭൻ–
ക്ഷേമാർത്ഥിയോർത്തഖിലവന്ദിതപാദനായി
പ്രേമാകലൻ ഭരതനിക്ഷിതി കാത്തുകാണ്മാൻ
നീ മാനസത്തിലതുലാശ വഹിച്ചതില്ലേ.

൪൰

ഭൂരാജലക്ഷ്മി ചിരമർക്കിതിപാലമൌലി–
ഹീരാളിനിർഗ്ഗളിതനിർമ്മലകാന്തിപൂരാൽ
നീരാജനം തവ സുതന്നു വരുന്നു കണ്ടും–
ത്താരാർദ്രമാവതിന വാഞ്ഛ വഹിച്ചതില്ലേ.

൪൧

രാമൻ നൃപൻ, മഹിഷി സീത,യവർക്കു ദാസീ–
സ്തോമത്തിൽ നിന്നൊരുവൾ വീട്ടുപണിക്കു നില്പോൾ;
ഈമട്ടു വന്നിടുകിലായതു കണ്ടു പിന്നെ
നാമിപ്പിതൃപ്രിയയൊടെങ്ങിനെ നാട്ടിൽ വാഴും?

൪൨

ഭൂജാനിതൻ മഹിഷിയെന്നു പറഞ്ഞു നാക–
സ്ത്രീജാതിയും ജഗതി സീതയിലാദരത്താൽ
പൂജാവിധങ്ങൾ തുടരുന്നതു കാൺകിൽ നമ്മൾ–
ക്കാ ജാതകപ്പിഴയിതിൽപ്പരമെന്തു വേണം.

൪൩

മന്നിന്റെ നായകത രാമനമിപ്പദങ്ങ-
ളൊന്നിച്ചു കേൾക്കവതുതന്നെ നമുക്കസഹ്യം;
എന്നിസ്ഥലാശ വിവരിച്ചുകഴിഞ്ഞു മേലിൽ
നിന്നിച്ഛതന്നെ ഫലസിദ്ധിയതിന്നു മറ്റാം.

൪൪

വൈരാദിഹിംസ്രവശമാനസനാണു രാമൻ,
ഔരത്യശാലിയവനാവിധമുള്ള കാട്ടിൽ
പോരാസ്സു പാറിടുകയില്ല, സഖാക്കളൊത്തി-
ച്ചേരാൻ തരം വരികിലാക്കതു ഹർഷമല്ല.

൪൫

കൂട്ടിൽ പ്രിയം പെരുകിടുന്ന സഖാക്കളൊത്തൽ-
കാട്ടികലൊന്നിയെ നിനയ്ക്കുകിലെങ്ങു കിട്ടും
നാട്ടിൽ ജനത്തിനു ചതുർത്ഥിയിലിന്ദുവായി-
മട്ടിൽക്കഴിപ്പതവനാം സുഖമല്ലയല്ലോ.

൪൬

ഭദ്രം ഹിതത്തിനൊടു വാതലിൽ മുട്ടിടുന്നു
നിദ്രയ്ക്കിതല്ല സമയം ജവമേൽക്ക ദേവി!
ഹൃദ്യയായരികിലെത്തിയ ഭാഗ്യലക്ഷ്മി-
ക്കാർദ്രതാപമൊടകന്നുവഴിയ്ക്കു നിജാനുഷംഗം.

൪൭

നല്പാരിജാതമധു കയ്ക്കലണച്ചു ദൈവം
മെല്ലാങ്ങൊടൊരായതു കുടിയ്ക്കുകതാൻ ശ്രമം തേ;
തല്പാദസല്ലമിതമാം ക്ഷിതിയിൽക്കിരീട-
മല്പാടെടുത്തു തവ പുത്രനു ചാർത്തിയാലും."

൪൮

ഗാത്രസ്പദാവഗതിതാനുളവാക്കമോക്കി-
ലത്രയ്ക്കു വക്രത വഹിച്ചു നിജാശയത്തെ
അത്രസ്ഥ മന്ഥര തുറന്നു വെളിപ്പെടുത്തി
മാത്രയ്ക്കുനിന്നു ചെറുതൊന്നഥ വിശ്രമിച്ചാൾ.

—൩൫—

൪൯

കേൾക്കാനെവക്കുമഴലേകിന വാക്കു ദാസി
ധിക്കാരമോടരുളവേ ഹൃദി രാജ്ഞി രോഷാൽ
നിൽക്കാതെ പോ പടി കടക്കുകയെന്നരച്ചാൻ–
നാക്കാടിയെങ്കിലുമിടച്ചു ബലാലടക്കി.

൫൦

ഘോരാനലക്കനലിലിട്ടതിതപ്തമാക്കി
നാരാചപങ്ക്തി ചെവിയിൽ തിരുകുംപ്രകാരം
ശ്രീരാമനിൽ പഴി കലർത്തിയ വാക്കുകള്
തീരാത്ത വേദന മഹീശ്വരിയാൾക്കു ചെയ്തു.

൫൧

ആക്കാളകൂടസമവാക്കുകൾ ചൊന്നതന്നാൾ
കേൾക്കാതെയും ചിലതു കേട്ടുമിരുന്ന രാജ്ഞി;
ഏൽക്കാമ്പുരുക്കമവയിൽ ചിലതുള്ളിലേക്കൊ–
ട്ടേൽക്കാതിരിപ്പതിനു കാതുകൾ പൊത്തി കയ്യാൽ.

൫൨

ആ മന്ഥരാവദനകോടരജൃംഭിവാക്യ–
സ്തോമങ്ങളായ ഭുജഗങ്ങൾ കടിച്ചയാലേ
ആമഞ്ജിതാത്മമതിമോഹയതെന്നപോലെ
ഭൂമണ്ഡലേശ്വരി വസിച്ചു കുറച്ചുനേരം.

൫൩

ഒന്നാമതല്പയൊരുപെണ്ണതിവൃദ്ധ ദാസി
മുന്നാൾമുതൽ സ്വചരണാശ്രയവൃത്തിയെപ്പോൾ
ഇന്നാത്മഭർത്തൃകളിലഗ്രജ—കോപമേററം–
വന്നാലുമെന്തു ഫലമെന്തവളോടു ചെയ്യും?

൫൪

തന്നാധികൾക്കിടയ കമ്പനമാകെ മാറി–
പ്പിന്നാത്മമഞ്ചമതിലല്പമെണീററു രാജ്ഞി
വന്നാശയക്ഷമ വഹിച്ചു മൃദുസ്വരത്തിൽ–
ച്ചൊന്നാൾ നിജപ്രകൃതിമാധുരി മാററിടാതെ.

൫൫

ശ്രീരാമൻ മദീയനിഹ മൂത്തമകൻ ഗുണാഭി-
രാമൻ, ധരയ്ക്കവനെ നായകനാക്കിവയ്ക്കാൻ
ക്ഷേമപ്രദോന്നതമഹം തുടരുമ്പോളെന്തു
മാമൽക്കചേ ഭരതനി തജ്ജ്യവകാശമുള്ളൂ?

൫൬

ശ്രീരാമദേഹഗതരോമലവത്തിനായ് ഞാൻ
ആറായിരം ഭരതരെത്തൃണമായ് ത്യജിയ്ക്കാം,
ആരാൽ സുരേന്ദ്രനഗരീമണിയെത്തൃണാർത്ഥം
വൈരാൽ ത്യജിപ്പതിന മൂഢനെവൻ നിനയ്ക്കും?

൫൭

തിയ്യല്ല മന്മുടിയിൽ വീണതു ഭാഗ്യമേഘം-
പെയ്യുന്ന കല്പമലർ തൻമഴയാണതൂനം;
നിസ്സന്ധ കാര്യം വിപരീതനിലയ്ക്കു നിൽക്ക
മെയ്യയ്യ പൂക്കളിതിനാൽ പുളകം വഹിപ്പൂ.

൫൮

എന്നാകിലുമ്മതിൽ വനൊഴിയാതിരിയ്ക്കും,
ഞാനല്ല നല്ല കഥയെന്നുമുരച്ചിടേണം,
മൂന്നാം മുതൽക്കു പതിവിങ്ങനെ രാമനോർത്താൽ-
ത്തന്നമ്മയോടുമവനിത്രയിണക്കമില്ല.

൫൯

താതന്റെ കയ്യിൽ നിവസിയ്ക്കുകയില്ല, തന്റെ
ചേതഃപ്രിയത്തൊട്ട വിളിയ്ക്കിലടുക്കയില്ല
ജാതസ്മിതം സതതമെൻമടിയിങ്കൽ വാണു
ഗീതങ്ങൾ പാടി വിഹരിച്ചു രസിച്ചു തുള്ളും.

൬൦

ആ വക്ത്രമാം, മധുരമാംസ്മിതമാം, വിനീത-
ഭാവം, സുദീർഘരുചി സുന്ദരമാർദ്ദ്യഗന്ധം,
ആ വൻവിശാലനിടിലം, ദൃഢമാംപ്രതപ്ത-
സൌവർണ്ണകാന്തി തനു, കോമളബാഹുവല്ലി,

൬൧

ആ വിസ്തൃതത്വമതിയുരസ്സു,മൃതപ്രവാഹ–
മാവിഷ്ക്കരിച്ചിട്ടൊരാമൊഴി,യാവിലാസം,
ഭ്രൂവില്ലു,മാച്ചെറിയപല്ലിവയോർക്കിലപ്പോൾ
ഭൂവിങ്കലെൻറ കഥതന്നെ മറന്നിടും ഞാൻ.

൬൨

മാനാധികോന്നതഗുണൻ മമ രാമനായി–
ട്ടീനാട്ടു കാമചതിനേകിന പൊന്മഹത്തിൽ,
ഞാനാടിടും സപദി തുഷ്ടിക്കൊരേറവീണാ–
ഗാനാദിചെയ്യുമതിലാർ പറയുന്നു കുററം?

൬൩

കൊച്ചായിരുന്നപൊഴുതായവനാവഹിച്ചു–
നൽച്ചാപലങ്ങളിനിയെന്നൊരു നോക്കു കാണും?
തച്ചാതുരീസുഭഗയോക്തികളിന്നുമോർത്തു–
വാച്ചാദരാൽ സപുളകോദ്ഗമയായിടും ഞാൻ.

൬൪

ചിററമ്മയെന്നു പതറിപ്പറയുന്നതും, ഭൂ–
പരേകിടന്നു പൊടി വാരി രസിപ്പതും,താൻ
മുററും മുലയ്ക്കു കരുവായ്ക്കരയുന്നതും ക–
ണ്ടററം പെടാത്ത രസമന്നിവൾ പൂണ്ടിരുന്നു.

൬൫

സ്വൈരം കളിച്ചു പൊടിപററിയ മേനിയാൽ വ–
ന്നാരമ്യഗാത്രനവനന്നു പുണർന്നിടുമ്പോൾ,
വാത്തററ മെയ്‌ച്ചെളി പുരണ്ടവളം ചന്ദനത്തിൻ–
ചാറേററു ഞാൻ സുകൃതവൃത്തി വെറുത്തിരുന്നു.

൬൬

ഹേമപ്രകാശമണിരാജികളാൽ തിളങ്ങും–
രാമൻെറ മൌലിയിലലങ്കൃതരാമരത്താൽ,
ആ മഞ്ജുകല്പമലർ ഹർഷമൊടാദിദേവ–
സ്തോമം പൊഴിയ്ക്കുവതു കാണ്മതിനാഗ്രഹം മേ,

൫൭

വൈജാത്യദുർഭഗത സത്വമകന്ന രാമൻ
ശ്രീജാനകീമഹിഷിയാലുപലബ്ധപാർശ്വൻ
ജ്ഞാനികൾക്കുടയ നാഥത പൂണ്ടു കാണ്മാൻ
ധീജാഡ്യമററുലകിലേതൊരുവൻ കൊതിയ്ക്കാ.

൫൮

താനാഥനെന്നു ഭരതൻ സുവരാർഹമായ–
പൊന്നാസനത്തിൽ മരുവീടിലുമെന്തു മെച്ചം
മിന്നാമിനുങ്ങുദയശൈലശിരസ്സിൽ വാണു–
വെന്നാലുമെന്തിളയലുള്ളിതമെത്ര മാറും?

൫൯

ഭൂതന്നിലാരുമൊരുപോലെ പുകഴ്ത്തിടുന്ന–
പൂതസ്വഭാവനിധി രാമന [illegible] പത്നി
സീതയ്ക്കുനിയ്ക്കുടയൊരാത്തനുജയ്ക്കു കൂടി
നീ തക്കമററു പല കുററമുരച്ചു കഷ്ടം!

൬൦

ബ്രഹ്മാവിനോടു സമനാം ജനകൻ പിതാവു,
സമ്മാന്യയാം ജനനി ദേവി ധരിത്രിതന്നേ;
ഇമ്മാതിരിയ്ക്കുടയ വത്സയിലും പെരുക്ക–
മുന്മാദമോടധികപാപമുരച്ചു ഹാ! നീ.

൬൧

ശീലത്തിലാജ്ജനകജയ്ക്കു ഫലമേൽക്കിലപ്പോൾ
ശൈലം നിജസ്ഥിതിയെവിട്ടു ചലിച്ചുവെന്നാം,
കോലം കരുത്തുവശമാം ഹിമവദ്ഗിരിക്കു,
പാലംബുധിയ്ക്കുടയൊർപ്പിലുമുപ്പുവായ്ക്കും.

൬൨

ഉൽക്കണ്ഠയോടവനെ ഞാൻ മടിയിങ്കൽവച്ചു
ഹൃൽക്കഞ്ജഹർഷമൊടു മുലനൽകി മുന്നം
അക്കയ്യുകൊണ്ടവനു വൻവിഷമേകുവാനോ
ത്വൽക്കർമ്മപ്രകൃതി ചെയ്വു മമോപദേശം.

൰൨

തൻപുത്രനെപ്പിരിയ കാടതിലെയ്ക്കയച്ചു,
താൻപൂതനാം മണിഗൃഹത്തിൽ വസിയ്ക്കുവാനായ്
അൻപുള്ള തള്ളയെവളോൎത്തിടുമമ്പ! നിന്നാം-
ക്കാമ്പൂടപഹരിയ്ക്കുമൊരുവക്രതയെത്രഘോരം!

൰൩

കാട്ടിങ്കലെന്മകനലഞ്ഞു വസിയ്ക്ക, ഹൎമ്മ്യ-
ത്തട്ടിങ്കൽ ഞാൻ ബഹുസുഖത്തൊടു വാഴ്ക നിത്യം;
ഒട്ടിത്തരം നിലയിലും പരമെത്ര ഹൃദ്യം
നാട്ടിങ്കലാത്മസുതഭൃത്യതയെന്മതത്തിൽ!

൰൪

രാമൻ കടക്കുകിൽ വനം ഗുണമാൎന്ന നാടാം,
ഭീമം പയോനിധിയുടൻ കരയായ്ഭവിയ്ക്കും;
കാമം മരുസ്ഥലി സുരദ്രുമവാടിയാകു,-
മീമട്ടിലാരവനെയെങ്ങനെ കാട്ടിലാക്കും?

൰൫

മന്നിങ്കലെത്രമഹിതം പുരവും തദീയ-
സാന്നിദ്ധ്യസൌഖ്യവിരഹാൽ പെരുതായ കാടാം;
തന്നിഷ്ഠുരം മതമതോൎക്കുകിൽ നമ്മളെത്താൻ
വന്നിസ്ഥലാടവിയിലെയ്ക്കു വിടുന്നതല്ലോ.

൰൬

പാരിൽ പെരുക്കമൊരനാഥതയെൻവെളുത്ത-
പേരിൽ കുറപ്പു ധരണീശനകാലമൃത്യു
പോരിതമെൻതനയനാററ വിരോധവായ്പും,
നേരിട്ടിടുന്നതിനു നന്നു തവോപദേശം.

൰൭

താനേ കഴുത്തിലിഹ കത്തിയിറക്കുവാനോ
നീ നേരിൽ മുഗ്ദ്ധമതിയിന്നു പറഞ്ഞിടുന്നു
തേനേവമോതി വിഷപാത്രമെടുത്തെനിയ്ക്കു,
ഹീനേ! പെരുങ്കപടമോടു തരുന്നുവോ നീ!

൬൯

ലോകക്ക് രാമനൊട് നീരസമാണതോപോലും!
ഭൂകന്യ നിർമ്മലമനസ്സുതയാണുപോലും!
ആകട്ടെ! മേലിവിടെ നിന്നിതുപോലെ ചൊന്നാൽ
പാകം മമ പ്രകൃതമപ്പോഴതൊട്ടുമാറും."

൭൦

ഭ്രൂവല്ലറിയും പരുഷമായ് പ്രചലിച്ചിടാതെ,
ധാവൾക്കരയ്ക്കുമിഴി ചെറ്റു ചുകന്നിടാതെ,
ഭാവത്തിനൊട്ടുമൊരുമാറ്റമിയന്നിടാതെ-
യേവം പറഞ്ഞു വിരമിച്ചിതു സാധ്വി രാജ്ഞി.

൭൧

ഹൃന്മഞ്ജുഭാവമിടറാതവർ ചൊന്നവാക്ക-
ന്നമ്മന്ഥരയ്ക്കധികമാധി മനസ്സിനേകി,
നന്മന്ത്രവാദിയുടെ പാവനമാം ജപം താ-
നന്മത്തമാകിന പിശാചതിനെന്നപോലെ.

൭൨

ധർമ്മജ്ഞ രാജ്ഞിയരുളീടിന വാക്കതെല്ലാം
ദുർമ്മന്ഥരയ്ക്കുടയ വക്രത മാററിയില്ല;
കർമ്മത്തിനാവൃതിതമായ മഹാഗദത്തെ
നൈർമ്മല്യമേറിന ഭിഷക്ക്രിയയെന്നപോലെ.

൭൩

ദുസ്സ്വപ്നരാജ്യമതിൽ മുന്നൊട് താൻ ചമച്ചോ-
രാസ്സ്വർണ്ണമാളികയിടിഞ്ഞുപൊടിഞ്ഞുകാണ്കെ
ഭാസ്വൽപ്രസാദനില മങ്ങി മുഖത്തു വല്ലാ-
തസ്വസ്ഥഭാവമതുനാളവളാവഹിച്ചാൾ.

൭൪

ആര്യസ്വഭാവനിധി രാജ്ഞി പറഞ്ഞതൊക്കെ-
ക്കാര്യം ഹിതം മഹിതധർമ്മമതീവ ഹൃദ്യം
നാശ്ചര്യയാമവളൊടൊന്നുമുരയ്ക്കുവാനായ്
ധൈര്യം വരാതെയഥ മന്ഥര സംഭ്രമിച്ചാൾ.

൯൫

അല്പം മുഹൂർത്തമവളിങ്ങനെ വാണു പിന്നീ-
ടുല്പന്നബോധമൊട്ടുറങ്ങിയെണീറ്റപോലായ്
ഹൃൽപങ്കജത്തിൽ വെളിവോടുമടക്കമോടും
തല്പസ്ഥയാമവനിനായികയോടു ചൊന്നാൾ:

൯൬

"തിന്നുന്ന ചോറിനതുപോലിഹ നന്ദികാട്ടു-
കെന്നുള്ളതീ നരകുലത്തിനു മുഖ്യധർമ്മം
നിന്നാം പ്രിയത്തെ നിനയാതെ നിനക്കു ദ്രവ്യം-
വന്നതളച്ചിപ്പതിനു ഞാനതുകൊണ്ടു ചൊന്നേൻ.

൯൭

ന്യായം തികഞ്ഞ മമ വാക്കതിരുള്ളിയും നിൻ-
ധീയത്ര പൂകിടുമൊലാൽ ഗ്രഹിയാഞ്ഞുമൂലം
സ്വീയം ശുഭം ഭുവി കളഞ്ഞിയമൻകരത്തിൽ-
ച്ചേതായം പൊഴിയുംവതുപോൽ ഫലശൂന്യമായി.

൯൮

നോക്കിൽ പ്രണാശമുടവന്നവരല്ല നേരേ
നിൽക്കില്ലയെന്നു പറയുന്നിതു പണ്ഡിതന്മാർ,
തക്കിപ്പു ദുസ്സ്മൃതികളിൽ കഴൽ വച്ചിടുന്നിൻ-
പോക്കിൽനിന്നിതിഹ വാസ്തവമെന്നു കാൺക.

൯൯

കേൾക്കാതവർക്കു രുചിയേകിന വാക്കു ഭംഗി-
യൊക്കുംവിധം പലതുമോതിയടുത്തുകൂടി
കഷ്ടം ഫലങ്ങളെയണപ്പവർ മന്നവർക്കു-
ധീശൂന്നതപ്രിയമിയറ്റിന സേവകന്മാർ.

൱

കാര്യം ഇരുന്നുനിരൂപിച്ചുനയത്തിൽനിന്നു
ധൈര്യത്തൊടേ ഭുവി നടപ്പവരെ പ്രജകൾ
വൈര്യഗ്രരെന്നു കരുതുന്നതു ലോകരീതി
ശ്രദ്ധന്ധ നിൻകഥയുമിന്നിതുതന്നെ ചൊൽവൂ.

൯൧

കാകയ്ക്കുപോലുമിഹ തന്നുടെ കുഞ്ഞു പൊന്നോ-
മോമനപ്പൈതലുലകിലീസ്ഥിതിതന്നെ യുക്തം;
തങ്കത്തൊടന്യസുതരിൽ പ്രതിപത്തിയേറെ-
വെയ്ക്കുന്ന നിൻ ചരിതമിന്നതിശോചനീയം!

൯൨

ഏതോപകാരി തവ രാമ,നതീവ മൂഢൻ
വന്മോശമാണു ഭരതൻ ശരിതന്നെ,യെന്നാൽ
സന്മോഹനങ്ങളും പലതുള്ള തങ്ങൾക്കാം-
തന്മോഹനന്തന്നെ ഹിതമേവനാമെന്നു സിദ്ധം.

൯൩

നമ്മക്കുരുങ്ങളിതരാത്മജരെന്നുറച്ചു,
തന്മക്കളെന്നവിധമാരവരെഗ്ഗണിയ്ക്കും?
നമ്മൾക്കു നമ്മുടെ തലയ്ക്കു പരന്റെ കയ്യു-
മേന്മയ്ക്കു പറിട്ടുകയില്ലതു കാമ്യമല്ലോ.

൯൪

ശ്രീരാമരോമശകലത്തിനു പുല്ലുപോലെ
നൂറായിരം ഭരതരെക്കളയാമതെന്നോ
നേരായി നീ പറയുമിമ്മൊഴിയെൻചെവിയ്ക്കു
ഘോരാന്ധ്യലോകജയപുഷ്ടതരാട്ടഹാസം.

൯൫

തന്നാത്മജർക്കു പരമോന്നതി വന്നു ചേരാ-
നിന്നാരുമേതുമുലകിൽ പണിചെയ്തിടുന്നു,
നിന്നാശയം സുതനധോഗതിയെക്കൊടുപ്പ-
തെന്നായിവന്നു വിധിതൻവിപരീതഭാവാൽ.

൯൬

ഭൂസാന്നായകത തന്റെ സുതക്കു കിട്ടാ-
നാസക്തിയേതുമറിയിക്കുമതിപ്പതത്രേ
മാത്സര്യവൃത്തിയെ വരിപ്പൊരു നീ വിശുദ്ധി-
മേന്തുന്ന കേകയകുലത്തിനു ധൂമകേതു.

൯൭

വന്മാനവും ധനവുമൊക്കെയകന്നലഞ്ഞു
പിന്മാറി മേൽ പുകൾ ലഭിയ്ക്കുകിലെന്തു ചന്തം!
തന്മാനയൗവനബലാദിയകന്നമെയ്യിൽ
പൊന്മാലതൊട്ടവ വിഭൂഷകൾ ചാർത്തിടുംപോൽ.

൯൮

ചോറെന്തു ചൊല്ലിടുകിലോ വയർ വീർക്കില്ല,
നീരെന്നുരച്ചിടുകിൽ മാറുകയില്ല ദാഹം,
പേരൊപ്പിയം വിമലമേല്ക്കുകിലെന്തു ലാഭം
സൈപരം ധരാളിവിഭവത്തെയതാക്കി നാകം?

൯൯

പുത്രന്റെ നന്മയെ വെടിഞ്ഞു യശസ്സിനായി-
മാത്രം കൊതിയ്ക്കുമൊരു നീ യതീയതന്നോ;
പാത്രത്തിലുള്ള പുതുപാലുകളൊക്കളഞ്ഞു
ചിത്രസ്ഥമായ മൃഗതൃഷ്ണയതാർ വരിയ്ക്കും?

൧൦൦

തന്മക്കളെപ്പുരുവനത്തിലയയ്ക്കുവാനൊ-
രമ്മയ്ക്കു നേരരികിൽനിന്നുപദേശമേകാൻ
ഉന്മത്തയല്ല വിട്ടരോഷയുമല്ലതീവ
ഞാൻമന്ദയല്ലഥ പൊറാതൊരു പെണ്ണുമല്ല.

൧൦൧

സൽഗുണ്യവാരിനിധിയാം ഭരതൻ വിശിഷ്ടൻ
താൽപുത്രനെന്ന ജനമോർത്തമരുന്ന ഞാനും;
കെട്ടുള്ളിലേറുമവനെഗ്ഗഹനാന്തരത്തിൽ
പാഴ്പ്പുള്ളിയായ് വിടണമെന്നരുളീലയല്ലോ.

൧൦൨

സത്യത്തിൽ രാമനുടെയാപ്രകൃതങ്ങളൊന്നും
മത്യന്തരത്തിലറിവില്ല നിനക്കു നൂനം
അത്യന്തമുള്ളിലിതുപോലതിയായ മായാ-
കൃത്യം പരം പെട്ടമൊരാളൊരിടത്തുമില്ല.

൱൨

ഒട്ടും മനസ്സിലൊരു സക്തി പെടാതെയെന്നും-
കാട്ടും, മഹാമുനികളേയുമവൻ മയക്കം,
തട്ടുന്നതില്ല ഗുണമൊന്നുമകത്തവൻെറ-
മട്ടർപ്പിയിങ്കലറിയാനവനാം ദൈതൃഷകം.

൱൩

നീ രാമനെപ്പുരന്ദരനെന്ന നിനയ്ക്കിലപ്പോൾ-
ച്ചേരാ മതിയ്ക്കു ഘൃണയുയർത്തിട്ടീ മമത്വം
നേരാകമിഷ്ടമവനാരൊടുമില്ല തത്ത്വ-
മാരായ്കിൽ രൂപമകനാവനെന്ന കാണാം.

൱൪

വന്നിദ്ര പൂർണ്ണനിശയും ജലരാശിമദ്ധ്യം
തന്നിൽ കിടക്കിലിവനൊന്നുമറിഞ്ഞിടാതെതാൻ
ഉന്നിദ്രമെല്ലാമറിയുന്നവനെന്ന ഭാവ-
മുന്നിത്തരത്തിലൊട്ട ചെയ്യുമിവൻ സമസ്തം.

൱൫

ഹൃത്തിങ്കലാക്കമലയാണു രമിപ്പതെന്നും,
സത്തിങ്കലും സമനസത്തിലുമൊന്നപോലെ,
വർത്തിപ്പതാം പ്രകൃതിയെയുമതിക്രമിച്ചാം
വൃത്തിക്ക ധർമ്മനിലപോലുമിവങ്കലില്ല.

൱൬

നിന്നന്തികത്തിലിഹ നിൻസുതനായി നില്പും
തന്നാമമന്നറികിലോ ഭുവി ശത്രുഘ്നൻ
പിന്നെസ്സുമിത്രയൊട്ടമഞ്ചിനെ ഭാവമെന്നാ-
ലിന്നല്പമിഷ്ടമിവനാരൊടുമില്ല നൂനം.

൱൭

ഈ സീതയും കരുതിയാൽ പുരുനിർഗ്ഗുണത്വം
ഭേസീടുവോൾ ചാപലതയ്ക്കൊരു ലക്ഷ്മിതന്നെ
യീ സീമയറ്റിവളിൽ വീണടിപ്പെട്ട വല്ലാ-
താസീനമാകിലവിടെക്കലഹം ദൃഢം താൻ.

൧൦൯

ദേവാനരപ്പടയുമായ് വിപിനാന്തരത്തിൽ
മേവാനിരിപ്പവനിലഞ്ജതയോടമന്ദം
ഭൂവാഴ്ച ചേൎച്ചതു ലോകഹിതത്തിനെന്ന-
ഹോ! വാഴ്ക്കുവാൻ തുനികിലാരതു സമ്മതിച്ചും?

൧൧൦

ഇന്നല്ല ക്രീഡകിൽ നാളെ മരിച്ചിടേണ്ടോ-
രിന്നമ്മളും സകലജീവികളും ജഗത്തിൽ,
മന്നന്റെ കാൎയ്യവുമതേവിധമാമതിനാൽ
ഖിന്നത്വമെന്തിനു വൃഥാ നിരുപിച്ചിടുന്നു.

൧൧൧

ധീരൻ മഹീരമണനോടു വരങ്ങൾ രണ്ടും
ഭൂരക്ഷയെക്കരുതിയിന്നു വരിയ്ക്ക വേഗം
വൈരം വഹിച്ചിടുകയില്ലിഹ സൎവ്വകാൎയ്യ-
സാരം ഗ്രഹിപ്പവർ നമുക്കനുകൂലർതന്നെ."

൧൧൨

സ്ത്രീവംശമുഖ്യകബരീമണി റാണിയോട-
ന്നേവം പറഞ്ഞു ഭുവി മന്ഥര നോക്കിനിന്നാൾ;
വൈവശ്യമോടു വലയിട്ടു പതംഗഗത്തിൽ
കാൺവച്ചു കാട്ടിൽ മരുവുന്ന കിരാതിപോലെ.

൧൧൩

ആ രാജ്ഞിതൻഹൃദയധൈൎയ്യമഹീരുഹത്തിൻ-
വേരാഞ്ഞിളക്കുവതിനുൾക്കടവാക്പ്രവാഹം
ദൌരാത്മ്യമോടവളിണക്കിയൊതുങ്ങിനിന്നാൾ,
നീരാകെ നീങ്ങിയൊരു നീരദമാലപോലെ.

൧൧൪

ക്രൂരാത്മ മന്ഥര കടന്നു നിജപ്രസംഗ-
ഘനാസാരപൂരമിതുമട്ടു പൊഴിച്ചമൂലം
ആ സാൎവ്വഭൌമഗൃഹിണീമണിതൻമനതാം-
ധീസാരമന്നു ചെറുതൊന്നലയാൻതുടങ്ങി.

൱൫

താനേ കരത്തളിരിനാൽ തലതാങ്ങിയൊട്ട-
സ്ഥാനേ മുഖത്തു പൊടിയും പുതുഘർമ്മമോടേ
ധ്യാനേ നിമജ്ജിതഹൃദന്തരയെന്നപോലാ-
ബ്ഭൂനേത്രവീരവരവർണ്ണിനി വാണിതന്നാൾ.

൱൬

കാമം ധരാതിദൃഢഹൃത്തലമന്നു ഗൂഢ-
പ്രേമം ധരാപതിയൊടേറെ വഹിയ്ക്കിലും താൻ
ആ മന്ഥരാചലിതമാനസയായി റാണി
നാമന്ധരാമനിശമിക്കഥയോർത്തിടുമ്പോൾ.

൱൭

സ്ഥാനാൽ കുറച്ചുമിളകാതെയുദഗ്രചിന്താ-
താനാളിടുന്നു മറയ്ക്കുകിലും തെളിഞ്ഞും
ഭൂനാഥ വാണൊടുവിലന്നഥ ദാസിയാളെ-
'പ്പോ നാളെ വന്നിടുക'യെന്നു പറഞ്ഞയച്ചാൾ.

൱൮

ശ്രീരാജപത്നിയവൾതൻഹൃദയാംബരത്തിൽ
ഘോരാംബുദൗഘ വിചാരമിഷാൽ പടർത്തി
പാരാകെയന്നിരുളിൽ വിട്ടഥ വൃഷ്ടിയോടു-
നേരായ് ജളപ്രകൃതി മന്ഥര നിർഗ്ഗമിച്ചാൾ.

൱൯

യാതാസ്തനായി രവി യാമിനി വന്നുവെന്നു
വൈതാളികപ്പരിഷ വൈഭവമോടു പാടീ,
പ്രേതാകുലസ്ഥിതി കളഞ്ഞു നവീനദിവ്യ-
ശ്രീതാൻ യുവാക്കളിലണച്ചു തുണച്ചു മാരൻ.

൱൰

സായന്തനസ്ഫുരിതമല്ലികയിങ്കൽ നിന്നു
പായുന്ന ഗന്ധമൊടു മെല്ലെയടിച്ചു വാതം
സ്ഥായന്മനോജ്ഞജഗദാസിതകർണ്ണകേ
ശീയന്ത്രമാറരികലോകരിലാകെയേകി.

൧൨൧

പാരാഭിരാമ്യചിത്രമുത്സവലക്ഷ്മിയാലേ
മാറാതെയുന്നതവിനോദമിയന്നിടുന്നു
താരാവരൻ തനതു ചന്ദ്രികയാം പടീര-
ച്ചാറാൽ പെരുങ്കുളിർമണം ധരണിയ്ക്കണച്ചു.

൧൨൨

അന്നത്തെ രാത്രിയിരുപേരുടെ ഹൃത്തു മാത്രം
സന്നദ്ധദുർഭഗവിചാരശതോപമർദ്ദാൽ
ഭിന്നപ്രഹർഷരസമായതിൽ വൃദ്ധ ദാസി-
യൊന്നാമതുന്നിപ്രകൃതി മന്ഥരയന്യരാജ്ഞി.

൧൨൩

യാമം വരുന്നു മറയുന്നു മഹോത്സവശ്രീ
ഭൂമണ്ഡലം നവമിളക്കിമറിച്ചിടുന്നു.
ഈമട്ടു തെല്ലുമറിയാതെ വിവർണ്ണയായി-
ദീ മങ്ങി മഞ്ചമതിലങ്ങിനെ റാണി വാണാൾ.

൧൨൪

ഭൂവിൽ തനിയ്ക്കൊരുവളാരെതിരെന്ന ഗർവ്വ-
ഭാവിച്ചു വൻകുടിലവൃത്തി മുഖത്തു കാട്ടി
രാവിൽ തദീയനികടത്തിലൊരുഗ്രജന്തു'-
വാവിർഭവിച്ചിതുടൽ പൂണ്ടൊരു പാതകംപോൽ.

൧൨൫

നവ്യല്ലവല്ലിയുടെ മേനിയിലാപതിച്ചു-
വന്നുള്ള പോലധികവേദനയുള്ളിനേകി
ഹൃന്മുഖ്യമൊട്ടുമടാതതവിടെയപ്പോഴുണർന്ന ഭൂതം'
നാമമ്പു കണ്ട ശാ മന്ഥരയായിരുന്നു.

൧൨൬

'ഹന്തീയിരിപ്പിതിനു പാർക്കിലെന്തൊരർത്ഥം
വൻതീരുമാനമിതിനൊന്നിനുമില്ലയെന്നോ
മുന്തീട്ടുമുൾക്കടവിചാരമഹാബ്ധിയിങ്കൽ
നീന്തിടുവാൻ കരുതിതല്ല നിനക്കു നേരം.

൱൨൭

പൊട്ടീ! പെരുമ്പറകൾ വിട്ടയരും നിനാദം
കേട്ടീ നിനക്കു ഹൃദയം തകരുന്നതില്ലേ?
കെട്ടീമനഃസ്ഥിതി വെടിഞ്ഞു തുറക്ക നേത്രം
വാട്ടീടൊലാ ഭുവനഭാഗ്യമൊരല്പവും നീ.

൱൨൮

ഈ മന്ദിരത്തിലിയലും പലതുല്യഘോഷ-
സ്തോമത്തിനുള്ള വിവിധോന്നതി കണ്ടിടുമ്പോൾ
ഹാ! മർമ്മസന്ധികളിടിഞ്ഞുതകർന്ന നിൻഹൃ-
ത്താമരജമിനു തകരാത്തതു കഷ്ടകാലം.

൱൨൯

ലോകത്തിനീശത തരും പദമേ വഹിപ്പൂ,
നാകത്തിൽനിന്നു ഭരതൻ നരകത്തിൽ വീഴ്വൂ,
നീ കഷ്ടമാകലിതദുർവ്വിധിവാർദ്ധിയിങ്ക-
ലാകണ്ഠമല്ലതിലുമേറെ നിമഗ്നയായാൾ.

൱൩൦

കയ്യിൽ സുധാരസമിരിക്കുകിലേതൊരുത്തൻ
മെയ്യിന്നിടിച്ചിലു വിശപ്പുനിമിത്തമേകം
നിശ്ശിഷ്ടമുള്ള വരമേല്പവർ വേണ്ടതൊന്നും-
ചെയ്യില്ലയെന്നൊരു ഹതവ്രതമാചരിപ്പൂ.

൱൩൧

തന്നേ നിനപ്പതിനു ശക്തി മനസ്സിനില്ല
വന്നോരൊടന്യരുരുളും മൊഴി കേൾക്കുകില്ല
ഇന്നേരമെന്തിനരുളുന്നു വിനാശകാലം
വന്നേറിയാലെവനുമിങ്ങനെതന്നെ രീതി.

൱൩൨

നിൻകയ്യിലാത്മജനെ വഞ്ജയമാല കെട്ടാൻ
പൊൻകല്പവൃക്ഷമലർ ഹാ പരമേകി ദൈവം
തൻകണ്ണു പൊട്ടിയവർ നീ കൊലമാലതാൻ നി-
ശ്ശങ്കം വിപത്തിനതുകൊണ്ടു രചിച്ചിടുന്നു.

൨൰൩

നിന്നാക ത്തെച്ചിളകിയാൽ മതി ഭൂമിപന്റെ
പൊന്നാസനം ഭരതനപ്പൊളധീനമാകം
ചെന്നായെഴന്ന വനമാം ഗതി രാമനേവം
വന്നാൽ നമുക്കലകം ന്തുതനനാകമല്ലൊ.

൨൰൪

ജീവാത്മവെന്നപടി നിന്നെ നിനച്ചുപോരും-
ഭൂവാസവൻ തപദമിലാഷവിധാനദീക്ഷൻ
നീ വാശിയോടിവിടെ നിഷ്ഠകിലൊരക്കയൊകം
സ്ത്രീവാതമേതുഗിരിയെതൃണമാക്കകില്ല.

൨൰൫

മന്നിന്റെകോണു പെരുത്തൊന്ന ലഭിയ്ക്കുമെങ്കിൽ
തന്നിഷ്ടസോദരർ പിതാക്കൾ ഇതുക്കളേയും
വന്നിഷ്ടതാപമൊടു ലോകർ ഹനിച്ചിടുന്നു-
തുന്നിദ്രരാജപദനീതിരഹസ്യമല്ലൊ.

൨൰൬

ഇക്കാര്യമെത്ര ലഘുവാണിതു സന്മൊക്കി-
ലൊക്കാതതൊന്നുമിവളോതിയതില്ല തെല്ലും
ധീയ്യാഴമുള്ളചപലമാരിതിലെത്രയെത്ര
മേൽക്കാനു ചേൎന്ന പല സത്ഗതി ചെയ്തിരിപ്പു."

൨൰൭

ഹാലാഹലത്തൊടെതിരാകിയ വാക്ക വക്ര-
യാലാക്കിൽ മന്ഥര മഥിച്ചു വമിച്ചതേവം
പാലായ്നിനച്ചു വസുധേശപരി ഹാ കുടിച്ചാൾ;
കാലാൽ ഭവിയ്ക്കമകതാരിന മാററമാക്കം.

൨൰൮

സൂത്രം പലേവിധമുരയ്ക്കിലതിൽ കടങ്ങാൻ-
മാത്രം മഹീശപരിയൊരസ്ഥിരചിത്തയല്ല
അത്രയ്ക്ക വൃദ്ധയവരം കെമിയുമല്ല; പക്ഷെ
ചിത്രം! വരേണ്ടതു വരുംവഴിയാരടയ്ക്കും?

൧൨൯

നന്മയ്ക്കു വാസഗൃഹമെന്നു പുരാ നിനച്ചു-
ച്ചെമ്മേ സ്വവത്സലത രാമനിലാർന്നു റാണി
മുന്നിട്ടുവിട്ടവനെയന്നു വെറുത്തി, താഴ്ം
തന്മക്കളെ ഭുവി നിജാത്മജരാകയുള്ളു.

൧൩൦

എന്നുണ്ണിയായ ഭരതൻ വസുധേശനായി
മിന്നുന്നതിന്നു പിതൃവൈഭവമാർന്നിരിയ്ക്കെ
ഇന്നുർവ്വിപൻ നൃപത രാമനു നൽകുവാനായ്-
ത്തന്നുള്ളിലാർത്തതതിദുർഗ്ഗതാവിലാസം.

൧൩൧

രാമൻ നിനയ്ക്കിലിവർക്കം ചൊന്നതുപോലെ മായാ-
ധാമൻ മമതപരിവനിൽ സ്വതരാമയുക്തം;
ഭീമം വനസ്ഥലിയിലേയ്ക്കിവനേ വിടാഞ്ഞിൽ
ക്ഷേമം വരില്ലലകിനെന്നതു തീർച്ചതന്നെ.

൧൩൨

വ്യാമോഹമാർന്നിതുവരയ്ക്കിഹ രാമനേ ഞാ-
നാദരമോടു സുതനെന്നു നിനച്ചു കഷ്ടം!
ധൂമോദ്ഗമാൽ കലുഷമായ മിഴിയ്ക്കു കാണാ-
നാമോ യഥാർത്ഥനിലയിൽ ഭുവി വസ്തുരൂപം?

൧൩൩

വൻതഥ്യമാണു സതി മന്ഥര ചൊന്നതെന്നാൽ
ഭ്രാന്തല്പമാർന്നു മറിച്ചു ധരിച്ചുപോയ് ഞാൻ;
സ്വാന്തം സുതന്റെ മഹിമയ്ക്കിനിയേതുമട്ടും-
താനതന്നെയിന്നു പണിചെയ്യുക യുക്തമെന്നാം.

൧൩൪

ചേതസ്സിലെന്റെ ഹിതമൊട്ടറിയാതെ ലോക-
പ്രീതൻ സുതൻ ഭരതനെഗ്ഗണിയാതെയേവം
സ്വാതന്ത്ര്യമോടു കനയാം തുടങ്ങും നൃപൻ, തൻ-
പാതത്തിനായ് സ്വയമിതാ കുഴി മാന്തി കഷ്ടം!

—വ്യഥ—

൰൩

പാകാരിതോന്നതപദൻ നൃപനമ്മയായി-
സ്വീകാന്ത്യസൌഖ്യമഹിമാമൃതമാസ്വദിക്കെ
ലോകാപവാദമയശുഷ്കവിഷം ഭുജിയ്ക്കാൻ
വാ കാട്ടുവാനിടവരുന്നതിലാർ തപിക്കാ?

൰൪

ഘോരാടവീതലമഹിയ്ക്കു നരേന്ദ്രബാഷ്പ-
ധാരാശതാൽ സപദി നാഥപദാഭിഷേകം
ആ രാമനിപ്പൊഴുതു ചേർത്തിടുമല്ലയെങ്കിൽ
നേരാണു കേകയകുലോത്ഭവയല്ല താൻ ഞാൻ.

൰൫

ഏതദ്വിധം പല വിചാരമിയന്നു ചെല്ലു-
ച്ചേതഃപ്രസന്നത വഹിച്ചു മഹീന്ദ്രപത്നി
'നീ തന്നെ നന്ദി തടവുന്നൊരു ദാസി'യെന്നാ-
സ്ത്രീതല്ലജം തദനു മന്ഥരയോടുരച്ചാൾ:

൰൬

"ധീയുള്ള നീ വിവിധമോതിയ തത്ത്വമൊട്ടും
മായുന്നതല്ലിനി മദീയമനസ്സിൽനിന്നും
ശ്രേയസ്സുയർത്തുമതെനിയ്ക്കു പിടിച്ചു സവ്-
മായുസ്സു ചേർന്നവനു വീര്യവദൗഷധംപോൽ.

൰൭

എന്തിന്നഘം വരികിലും ശരി! കാട്ടിലേയ്ക്കു
ചിന്തിച്ചപോൽ കുമതി രാമനെ വിട്ടിടാതെ
പന്തിയ്ക്കു മൽസുതനു പാരിതു നല്കിടാതെ
ഞാൻ തിട്ടമാണിനിയശിയ്ക്കുകയില്ല സത്യം.

൧൫൦

പാററിച്ചു നമ്മെയിഹ രാമനിലാക്കിടീടും
പാററിച്ചിടുന്നതിന ചെയ്തിടുമിക്രമത്തെ
തെററിച്ചിടായ്കിലിനി മേലതിയാകമാപൽ-
ച്ചേററിൽ ചിരം മരുവിടാനിടയായിടും മേ.

൧൫൧

വാകേതരപ്രകൃതരാലി നൃപാസനത്തെ-
ക്കൈക്കേറി രാമനിഹ വാഴുകയെന്ന കാര്യം
നീ കേട്ടുകൊണ്ടിരിക്ക മൽപ്രിയമന്ഥരേ! ഞാൻ
കൈകേയി—ജീവനൊടിരിക്കുകിലൊക്കുകില്ല.

൧൫൨

ഭ്രൂകോണിളക്കുകിൽ വിറയ്ക്കുമിളേശനെന്നിൽ-
ത്തീക്കോരിയിങ്ങിനെയിടാൻ കഥമേററു ധൈര്യം
നീ കോപിയായ്കിത തൊഴുന്നിതു മന്ഥരേ! ഞാൻ,
തോകോദ്ഗതിയ്ക്കുവരം നതാങ്ഗി കൊതിയ്ക്കയില്ല?

൧൫൩

പോയ്ക്കൊൾക നീ വിരവൊടെ"ന്നു പറഞ്ഞു തന്റെ
ദൃക്കോണയച്ചവളിലുൾക്കുളിരേകി രാജ്ഞി;
പോകാനൊരു ചതുരവര ജീവനദിക്കിലപ്പോ-
ളേക്കുംവിധം മനസി മന്ഥര പൂണ്ടു ഹർഷം.

൧൫൪

താനാളിടുന്ന കൌതുകത്തെ വെളിയ്ക്കു കാട്ടാൻ
നാനാപ്രകാരരുചിരാഭരണവ്രജത്തെ
പീനാദരത്തൊടു കൊടുത്തു പറഞ്ഞയച്ചാൾ
ക്ഷ്മാനാഥയന്ധമതിമന്ഥരയെത്തരാങ്ഗി.

—വൃത്ത—

ഭരത

ചിന്നിസ്സർവ്വം തകർന്നീടിന നിജമണിഹ-
ർമ്മ്യത്തെ മുൻപോലിണക്കി-
ത്തന്നിഷ്ടംപോലെ കെട്ടിപ്പെരുകിന വിജയ-
ശ്രീ വഹിച്ചാക്ഷണത്തിൽ
മന്നിൽ ക്രൂരാശരേശാനവധമഹാ-
നാടകത്തിൽ സമാപ്താ-
ലനി പ്രസ്താവനാപ്രക്രമമരുളി നടൻ
പൂർത്തന്താൻ യാത്രയായാം

ശ്രീമഹോല്ലാസപുരസ്ഥമാകിന വട-
ക്കുംകൂർ കുലത്തിൽ പ്രസൂത-
ക്ഷേമം വാച്ചു ജനിച്ച ഭൂപനൊരുവൻ
തദ്രാജരാജാഭിധൻ
രാമൻതൻകഥയായ വീരവിജയം-
കാവ്യത്തിനൊരകരളി-
പ്രേമത്തോടു രചിപ്പതിൽ പരിണതം
സർഗ്ഗം ശുഭം പഞ്ചമം.

പഞ്ചമസർഗ്ഗം സമാപ്തം.

ആറാം സൎഗ്ഗം.

൧

പ്രഭാതത്തിൽ തത്തിത്തതിയൊടു പറക്കും പറവതൻ—
ശുഭാരാവം രാവന്നവൃതിയെ വരിച്ചെന്നളവേ
സ്വഭാവാൎദ്രം ഗീതം ഹിതമൊടഥ തന്മാഗധകുലം
പ്രഭാവാഢ്യാരൻ ഭ്രമണനാണരാൻ പാടി വടിവിൽ.

൨

"നിശാകാലം നീങ്ങി നിരുപമമുഷസ്സിൻവരവിനാൽ
ദിശാം രങ്ങങ്ങൾക്കിന്നൊരു പുതിയ ജീവൻ ജനിതമായ്"
വിശാംനേതാവേ ഭോ വിരസിതവിപക്ഷാനായ ഭവാൻ
ദൃശാ ദിവ്യം പ്രാഭാതികസുഷമ കണ്ടാലുമതുലം.

൩

ജനാനന്ദസ്സന്തോഷം ജയമൊടനിശം ചേൎക്കമെവനാൽ
സനാഥത്വം പൂകാൻ സരസ കൊതിയാൎന്നു കുമുദിനി
സ്വനാനൈശ്വൎയ്യം വിട്ടുപഗതമതാമുന്നതിയൊടും
വനാന്താവാസത്തെത്തുടരിയവനാ നല്ലീ ഹതവിധി.

൪

നിവാസസ്ഥാനം ശ്രീശിവന്റെ ശിരസ്സാക്ക, സുധതൻ—
പ്രവാഹത്താലാരിന്നമരകുലജീവാതുവതുലൻ,
ജ്വാലാരോ ദിവ്യൌഷധവിതതികൾക്കാൎപതി നക്ഷ—
ക്ഷവാൎത്തുൻതാൻ ദൈവം ശശിയവനമെത്തീ പരഗതി.

൫

ഇരുട്ടാകും കേശം രജനിവനിതയ്ക്കങ്ങഴിയവേ
നിരുദ്ധ്യച്ച്യൂതി വീണീടിന മണിവതംസത്തൊടു സമം
പെരുക്കും തന്നാനാവിഭവമഖിലം മാഞ്ഞുയരുവാൻ—
ഞെരുക്കംപൂണ്ടേറ്റം തുഹിനകരബിംബം പതിതമായ്.

൬

വെളുപ്പാൻകാലംവന്നളവിലഥ ബാലാരുണമയം
കൊളുത്തിപ്പൊൻദീപം സുരപരിവൃഢാശാകൃശതനു,
കളൎപ്പിക്കും ചേതസ്സുവനമതുമാർ പാടി പതഗീ—
കളസ്വാനവ്യാജാൽ പരിചൊടു പലേ കീൎത്തനശതം.

൭

പരക്കെപ്പാഞ്ഞീടും തിമിരനിരതന്നുന്നതമൊരിട,-
ഉറക്കെക്കേണീടും വിരഹിണികൾതന്നൊപ്പമൊരിടം,
ചരന്നാനാചാതുർദശവിഹൃതിയേകത്ര കഠിനം
കരാളീ ചേർക്കും വൻപ്രകൃതിയിതു! മാറുന്നു മറവിൽ.

൮

നിശാകാലത്തിന്നങ്ങറുതിവരവേ വ്യോമതലമാം-
വിശാലം ശയ്യാന്തം ബുധഗുരു വെടിഞ്ഞാഹിമകരൻ
കൃശാകാരൻ സ്നാനത്തിനു കടലിലായ് മുങ്ങി തരസാ;
കുശാഗ്രസ്ഥാന്തന്മാർ കലചരിതധർമ്മവ്രതരതർ.

൯

ഒരിയ്ക്കൽ പ്രാചീദിഗ്വരതനുവൊടൊന്നിച്ചു മരുവി-
സ്സുരിക്കും സൌഭാഗ്യലഘു കുമുദിനിയ്ക്കേകി പുളകം
വരിച്ചിപ്പോൾ പാശിപ്രിയതമയുമായിങ്ങിനെ രമി-
ച്ചിരിയ്ക്കുന്നു ചന്ദ്രൻ; വിടരിലെവിടെ വൈശദ്യവിഭവം?

൧൦

പുരാ താനാരൊന്നിച്ചുമിതകതുകം വാണു, ദിവി നിർ-
ഭരാപത്താർന്നിന്നാമതി പതി പതിയ്ക്കാൻ തുനിയവേ
സരാഗം പ്രാചീദിക്കരുണയരുണാസക്തിയായായ്
വരാംഗീവർഗ്ഗത്തിൻപ്രണയഗതിതാനസ്ഥിരതരം.

൧൧

നിറത്തിൻശ്രീ നീങ്ങും നിലയൊടു നിജേശൻ വരുണദിക്-
പുരന്ധ്രീരാഗത്താൽ വിയതി മതി പൂണ്ടെന്നുവരവേ
സ്ഫുരൽസന്ധ്യാകാലപ്രസരദഹനാർച്ചിശ്ഛടയിൽ വീ-
ണരം ഹോമിച്ചാർ തൻതനു സതികൾ താരാവിതതികൾ.

൧൨

ദ്രുതം വെള്ളം മുക്കാൻ വരുണനുടെ ദിക്കാം കടലിലേ-
യ്ക്കുതന്നും താനിട്ടുള്ളൊരു സിതകടംപോലെ നികടാൽ
തതഃ പശ്ചിമപ്രത്യൂഢഹിനകരബിംബം ജലധിയിൽ-
പ്പുതഞ്ഞതായി ശ്രീമാഞ്ഞിതു! പകലിയോളം മറവിലായ്.

൬൨

പടമെയ്യുത്തിസ്സാക്ഷാൽ കമനജനസാമ്രാജ്യമതു കീ-
ഴടക്കിത്തന്നാളഞ്ഞൊമ്പലമൊട്ടു നയിച്ചെങ്കിലുമിതാ!
സ്ഫുടം ജൈത്രസ്തൂത്രം സ്ഫുരിതശശിബിംബാത്മകമുടൻ
മടക്കുന്നൂ മായും മഹിമയൊടു മാരൻ മലിനമായ്.

൬൩

പ്രദോഷശ്രീക്കം നവ്യാരുണസുഷമ പൊങ്ങീ ദിവി; വധൂ-
കപോലത്തിൻ ചെങ്കുങ്കുമമഴിയതോ താഴ്ന്നിളകിൽ
കപോതത്തിൻ തത്തിക്കളി മുരവമൊട്ടിളകി താ-
നപോതസാഹം സ്വാദൃതി വികൃതി മാറീ വിതാനവും.

൬൪

വിരാജിയ്ക്കും പൊൻവാരിജനിരയിലേകി മജ്ജ നിജം-
കരാട്ടോപാൽ ഭൃംഗക്കൊല പടികളിൽ ചെയ്തു കവിനാം
ചിരാൽ കോകിയ്ക്കുകീവ്യധയുമെവനാളുന്നതിയിതാ-
വിരാമത്തെക്കൈക്കൊണ്ടിതു തപിതായോഗതിവരൻ.

൬൫

കറച്ചും സൽബോധദ്യുതി തലയിലേറാതിഹ കിട-
ന്നുറങ്ങും ലോകത്തെ ത്രിനസമവതാരം തപരിതമായ്
പറന്നെങ്ങും പാടും പറവയുടെ പാട്ടാകമൃതം
നിരക്കെപ്പെയ്യിപ്പോം ഹിതമൊടെഴുന്നേല്പിപ്പു സമയം.

൬൬

സ്വരശ്രീചാപത്തിൽ ശ്രീതമചിരസ്ഥകാരവിഭവം
കുറഞ്ഞപ്പോം വാനിൽ ദ്വിജകുലകലാരവമിളകീ;
ചിരം താൻ വായ്ക്കുംജഞ്ജലിളയെയിതുളാം താസ്ഥ വമനാ-
ലരം മോചിപ്പിയ്ക്കുന്നതിനിത തുടങ്ങുന്നു നിതരാം.

൬൭

ഗരിഷ്ഠം വ്യാമോഹം കരളിന തമം വാരുണിയെ ഹാ
വരിച്ചിന്നീച്ചന്ദ്രൻ വിഗളിതമതാമംശുകമൊടേ
തെരിക്കുന്നാച്ചുത്തിൽ പതഗനിനദശ്രാന്തമൊഴിയു-
ച്ചരിച്ചുവാം വീണാൻ വിഹതസമനോമാർഗ്ഗചരിതൻ.

൧൯

ചന്ദ്രതാരാദ്യോപാത്തപാത്രമഗീതിഗതിയെയി-
ന്നരയ്ക്കുന്താൻ ചാടും ചടുലകൃകവാകസ്പന്ദനാധരം,
കരങ്ങും പൊന്നിന്നാക്ഷേയ കടിലാപാളികം ക്രമേ-
ത്തരം കാലം മേലേററവുമുദിതമെന്നോററു കതുകം.

൨൦

കൃശാങ്ഗീമാനത്തെക്കളകരൊട്ട വേറാക്കിയെവനാ-
ശ്ശശാങ്കൻ മാനത്തൊടിതുപൊഴുതു വേറായിതധികം;
സപത്ന്യാൽ കോകാളിയ്ക്കുമിതരുത കാളിച്ചിതെവനാ
നിശാവേർപാടാൽ പാടവനിഥ പൊടേണ്ടും വടിവിലായ്.

൨൧

കുറെക്കാലം പ്രാചിയ്ക്കുരുതിലകമായ് പാർശ്വഭൂതദിക്-
പുരന്ധ്രിയ്ക്കും പിന്നെപ്പുതിയൊരു മണികന്ദുകവുമായ്
ശിരസ്സിന്നാസ്ഥാത്രിയ്ക്കുഥ രുചിരലോഹസ്തബകമായ്
ചിരം വാണങ്ങിയ്ക്കിപ്പൊഴുതു ശശിയബ്ജാരിയതളി.

൨൨

ദിനാധീശൻതന്നൽക്കരതരകരാലസ്ഥമൊരുപോ-
ലനാഥം നീറും ഭുവിതിനെയത്ഥനൃന്ദവിഭവാൽ
അനായാസം രക്ഷിച്ചൊരു ശശി പതിയ്ക്കു ഖഗകല-
സ്വനാൽ ദിക്കാഥാ! കേണഥ തുഹിനബാഷ്പം വിതറിനാൾ.

൨൩

നിശാകാന്താരത്തെ ത്വരിതമൊടെരിയ്ക്കാൻ തുനിയുമാ-
ക്കൃശാനുജ്യോതിസ്സിൻപ്രസരണവിലാസത്തിനു സമം
അശാന്തം മേൽ പാറിപ്പടരുമൊരു ചോപ്പിൻസുഷമ ത-
ദ്ദശാന്തത്തിൽ പൊങ്ങീ സുരവരദിഗന്തത്തിലധികം.

൨൪

ദിനശ്രീതൻപാദാൽ ഗളിതമൃദുലാക്ഷാദ്രവരികയാ-
യനന്തപ്പുറമുള്ളം കടലിലുയരും നല്പവിഴമായ്,
കനത്തീടും പ്രാതസ്സുരുവിന്റെ പുത്തൻതളിരുമാ-
യനർഘം നാം ശോണദ്യുതി വിയതി കാണുന്നിതു നവം.

൨൫

തദാ കാലവ്യാധൻ ദിവസമുഖമാം തീക്ഷ്ണവിശിഖം
മദാലെയ്തീരാവാം കരിവരനെ വീഴിച്ചു വിരവിൽ
തദാകാരാദുദ്യദ്രുധിരമാകും നദി നഭ-
സ്സാമാം മാർഗ്ഗത്തിൽ പായൊന്നൊഴുകി നവസന്ധ്യോദയമിഷാൽ.

൨൬

ഇതുപ്രായം രക്തഃകലുഷലവശേഷം വശഗമായ്
വരുത്തിസ്സന്മാർഗ്ഗം ഭുവി ചലിതമാക്കിപ്പട്ടരവേ
കരത്താലേ ലോകത്തിന്നു തെളിവുയർത്തുന്നതിന്നു താ-
നൊരുത്കൃഷ്ടജ്യോതിസ്സിത വിജയമേകുന്നു നിതരാം.

൨൭

പ്രകാശത്തെപ്പുൽകി കമലിനി തദാ, കൈരവണി ദുർ-
വികാരത്താൽ മങ്ങീ, കുതുകവശരായ് കോകമിഥുനം,
പ്രകാമം തദ്വക്ഷോപലതതിയിലോ നീറി ഹൃദയം;
സദാകാലം നന്നൊന്നിന്നനുഭവമന്യത്തിന്നു ദുഃഖം.

൨൮

ധൃതക്ഷേമം സാക്ഷാദ്ദിവസകരബിംബാകൃതി തകം-
പതകം തക്കത്തിൽ പുലരിവധു ചാർത്തിത്തെളിവൊടേ
ഗതക്ഷീണം ശോണാംബരരുചിരയായ് വന്നിലക-
ണ്ടതങ്കം ദ്രക്ഷോപ്പോൾ കുമുദിനിയടച്ചാളുഴറിതയായ്.

൨൯

ചിരാൽ പൂകീ കോകീ മതികളുക,മാകിന്ന്മിരുളിൻ-
വിരാമം, രാമങ്കിച്ചിടവെയുഴറീ രാമകരം തദാ;
കരാൽ പീനാലല്പീകൃതകമലഹൃല്പീഡ ദിനനും
നിരാതങ്കം തങ്കക്കതിർ ജഗതി തങ്കൽ ചിതറിനാൻ.

൩൦

സ്ഫുരദ്ധൂരാസൃഗ്ദ്ധാലതനു ദിനലക്ഷ്മീസ്സുകലിൽനി-
ന്നരം പൊട്ടിച്ചിന്നും വലമണിനിരത്താവലികൾപോലാൻ
ധരയ്ക്കുള്ളിൽ പാറത്തു ഭ്രമരികരം, ചലന്മേഖലയതിൻ-
സ്വരംപോലേ പൊങ്ങീ നഭസി വിസരത്സാരസരവം.

൩൧

ഉടുപ്പിട്ടാരെന്താക്കാൽ വിലസിന കരത്തൊടെവണ്ണെയും
തൊട്ടക്കും നോട്ടത്തോടഥ കതിരമേൽ തപൽമദജനം
പട്ടതപത്താൽ കേറിസ്സുമദരിപ്പുലോകങ്ങളെയുടൻ
മട്ടപ്പിക്കും വീഴ്ത്തുതൊട്ട ഭുവി ചരിയ്ക്കാൻ തുനികയായ്.

൩൨

ശ്രുതിസപാനം പൊങ്ങീ ദ്വിജരുടെ ഗൃഹൌഘങ്ങളിലഘ–
ക്ഷതിക്കൊള്ളാഹോമപ്പുകയുടെ മണം ചേർന്നിതുലകിൽ,
പതിയ്ക്കിപ്പോളണാം പുരുവിരഹമെന്നോർത്തുഴറിയ–
മ്മതിയ്ക്കുത്സാഹം വിട്ടബലകൾ യഥാർത്ഥാബലകളായ്.

൩൩

നിരാബാധം ബോധം ഭുവി ജനിതമായ്, മാന്മഥകഥാ–
വിരാമം രാമങ്ങളൊഴുത്തു സുതരാമങ്ങളിതമായ്,
സ്മരാതങ്കം തൻകതല്ല കളുവാൻ നിങ്കൽ, നിശിമേൽ
വരാമെ രാമേ! ഞാൻ മരുവുക ഗിരാ മേ സസുഖയായ്.

൩൪

കരത്തേതവം ദേഹത്തിന നവവൃദ്ധിപ്പിയ്ക്കുതു നിർ–
ദ്ധരംപോലേ പായും പെരിയ മിഴിനീർ നിർത്തുക ജവം
കരംവൈയ്യെഴ്വും വേണം ഭുവി മനുജനായാലവനു, മാൽ
കുറച്ചല്ലും വാണീടുക നിശയിലെത്താമിവിടെ ഞാൻ."

൩൫

നിയന്ത്രിയ്ക്കാതശ്രുസ്രുതി, നിജഗുണത്താൽ സ്മരവിപൽ–
ഭയവ്യാഖ്യാനത്തെത്തെളിവൊടരുളും കാമിനിയൊടായ്,
പ്രിയൻ താനേവം ചൊന്നപകലിതഗീർഘശ്വാസിതനായ്
പ്രയത്നം പൂകുന്നു വിരവൊടവിടംവിട്ടകലുവാൻ.

൩൬

ക്ഷപാകാലം സർവ്വം പരവനിതയോടൊത്തു മരുവി–
ത്തപാലേശം കൂടാതഥ കപടമോടെത്തിയരികിൽ
സപാദത്തിൽ ധീസംഭ്രമമൊട്ട പതിയ്ക്കും പതികളിൽ
പ്രപാടല്യം ചേരും മിഴിമുന തറച്ചാർ തരുണികൾ.

൩൭

„ഉരസ്സിങ്കൽ മേസ്യം ഘുസൃണരുചി മാഞ്ഞില്ല, നിതരാം
സ്സുരതസൗരഭ്യത്താൽ കുടിലി! പടമോ വ്യാകുലമിദം
പറഞ്ഞീടുന്നു നീ പരവനിതയെസ്സ്വപ്നമതിലും
കരത്താൽ തൊട്ടില്ലെന്നറിയുമിവൾ നിൻവക്രഗതികൾ.

൩൮

ഉദന്തം താവൽകം ചെപ്പുരുചിരമന്യാബലകൾ താൻ,
മുഖം തന്നല്ലീലാക്രമമൊടു തരട്ടേ! എടി സദാ
മദം തള്ളിക്കേറും തവ മൂഢതയാൽ സഞ്ജനിതമാം-
മനസ്സന്താപസ്ഥിതികളറിയും ദൈവമൊരുവൻ.

൩൯

സ്വപ്നവൃത്തത്താലേററം തവ മതി വശത്താക്കിയൊരയൽ-
പ്രസൂനാസ്ത്രക്രീഡാമദമതാമവിപ്പോർ സുഭഗകൾ
അസൂയപ്പെട്ടാലെന്തൊരു ഫലമുദിക്കുന്നു, വിധിയാ-
ലസൂനമേഷം വിട്ടിങ്ങനെ മരുവിലായ് ഞാൻ മരുവിടാം."

൪൦

നനച്ചാസ്യം ബാഷ്പാലധിഗതവിഷാദത്തൊടിടവം-
സ്വനത്തോടേവം വൻ പരുഷതയുരയ്ക്കും രമണികൾ,
മനം മങ്ങിത്തത്സാന്ത്വനസരണി കാണാതൊരുവമ-
ട്ടിനപ്രാരംഭത്തിൽ പ്രണയികൾ പരുങ്ങുന്നിതു പരം.

൪൧

„പരിഷ്കസ്ത്രീവർഗ്ഗം മുടിയിലണിയും മുന്തിരിവിടെ നീ-
യിരിക്കുമ്പോൾ ഗ്രാമ്യാബലകളുടെ കേളിക്കിളികയോ
മറിച്ചിത്ഥം വർത്തിപ്പതിനു ഗുണദോഷസ്ഥിതികളെ-
ക്കുറിച്ചോർത്തെന്നോക്കാൻ പറക പറതനോ ഞാൻ വരതനോ?

൪൨

വരാനല്പം വൈകി മമ സമയമെന്നാലിതുവിധം
വരാങ്ഗി! നീ കോപിക്കരുതു, തവ ദാസ്യപ്രിയനിവൻ
ദുരാപത്തിനുലം ഏറി പരവധൂരാഗമറിയാ-
ത്തൊരാരാളാണെന്നോർക്കണമുടക രതാൽ ദുരിതപികേ!

൪൩

തമിഷാം നാഥൻ പാഥോജിനിയുടെ മുഖത്തിൽ ചിതറിടും-
തുഷാരോദ്യൽബാഷ്പം ഹരിതമൊടു തുടയ്ക്കുന്നതിവനിൽ
വിഷാദാന്ധ്യയാന്തഃകലുഷത വളർത്തുന്നു; പെരുതാം-
തൃഷാ നീ വേർപെട്ടാലിവനുമുടനാപദ്ഭാഗ്യമുളവാം.

൪൪

തുടച്ചീടാമശ്രൂൽകര,മിതു ശമം തെല്ലിഹ തരാ-
തുടച്ചീടുന്നല്ലോ മമ ഹൃദയമെല്ലാം നിരുപമം,
തുടർന്നീടൊല്ലാ നീ വിലപനമിതിന്മട്ടഴൽ പെടാ- [റഹിതാൽ.
തുടൻ നിൻ കൺകോണൊന്നിവനിലണ പായിയ്ക്കുക

൪൫

കളിപ്പിച്ചാപ്രൌഢാബലകളുടെ ശാഠീപടികളെ-
ത്തിളക്കിഗ്ഗാത്രത്തെത്തത്സ്സരളപുളകത്തിന്നുകളാൽ
ഇളമ്മാന്തോട്ടത്തിന്നതിഥിനില പൂണ്ടെത്തിന മരു-
ത്തിളക്കുന്നില്ലേ നിൻദൃഢമതി തിളയ്ക്കുന്ന വിഭവാൽ.

൪൬

സവാത്സല്യം സൂരൻ കരവിതതി നീട്ടിത്തളമയം
കവാടം ഭേദിച്ചുദ്ഗതരുചി ഹരിത്തും താൻ തുടരവേ
നവാളിസ്വാനസ്വാഗതമതുളമിപ്പത്മിനികളും
തവാന്തസ്സാരൂപ്യം കണ്ടിത പരിഹസിയ്ക്കുന്നു തെളിവിൽ.

൪൭

കരിങ്കല്ലോ തെല്ലോതുക കരളം, ഭവല്ലോലനയനം
തിരിയ്ക്കുന്നിൽ ചിന്നിയ്ക്കുന്നതു മമ ഹൃത്തിന്നിയധികം;
സ്ഫുരിപ്പോരിതപല്ലോർമുലയിണയനല്ലോദിതരസം
തരില്ലാരം മല്ലാങ്കവിലമുടനല്ലാടിതമതാം.''

൪൮

സമാധാനം ചൊന്നിങ്ങനെ ബഹുവിധം കൌശലമൊടേ
ക്ഷമാശീലം ചേരും പ്രിയകളെയിണക്കിപ്രണയികൾ,
സമാശ്ലേഷിച്ചന്തഃസ്പൃഹയൊടു രസിയ്ക്കുന്നിതിവരാൽ
സ്വമാഹാത്മ്യം പ്രാതർദ്യുതിയുടെ വിലയ്ക്കേറിയധികം,

൪൯

അവശ്യേന്ദുശ്രീയാം കടുവെയിലുമമ്മഞ്ഞുമഴയും
ലവം ക്രുദ്ധാക്കാതേ മലമിഴിയടച്ചും വനമതിൽ
നവം മൌനം പൂകിക്കൃശത തടവും പത്മിനി തലോ
ജവം മുന്നിൽ കണ്ടാം ഹരിപദവിലാസാപ്ത്യുപഗമം.

൫൦

മാരൻ മാർ കീറിയോരാപ്പഥികരുടെ കടൽ-
ച്ചാത്തിൽനിന്നാർത്തുപൊങ്ങും-
ചോരച്ചാട്ടം പരക്കെംവിധമഴിനവമാം-
ചോപ്പു മെല്ലെങ്ങുമായി,
ആരഞ്ജിച്ചുംബരത്തിൽ പുലർവധു പുലരി-
ത്തയ്യലാരംകയ്യാ! ലാക്കായ്
മാറത്തിന്നത്യ ചെങ്കുങ്കമനിരയെ നിരാ-
യാസമാസക്തമാക്കി.

൫൧

താൻ താണീടാതെ പാണ്ഡ്യാംബലകളുടെ കപോ-
ലങ്ങളംതന്മത്തല്ലിപ്പായ്
ചന്താദൌത്യാംഗവത്തെത്തുടരുമൂർമ്മിഹാ-
സ്സ്വാനന്ദസ്സന്മുഖത്തിൽ,
ചിന്താകലിത്തീർന്നു ചിന്താശതഗതി യുവലോ-
കത്തിനത്യാർത്തിവീചീ-
സന്താനത്തെപ്പൊഴിച്ചിപ്പൊഴുതു വിയതി തി-
ങ്ങുന്ന താങ്കൊണ്ടുമെന്യേ.

൫൨

സ്ഥാനഭ്രംശം പെടിയ്ക്കും പടമതിലടിയും-
ചന്ദനസ്യന്ദമേറെ-
ട്ടാനംചെയ്യുമണത്താൽ വനപവനനമൊ-
ട്ടേറമൂററം വരുത്തി
ജ്ഞാനൽപാസോപഹാസല്യതിയൊടവിചല-
ങ്കണ്ണുമഞ്ജീരമോടും
താനസ്സങ്കേതങ്ങ വിട്ടീത യുവതികളി-
ക്കാത്ര തല്പാത്രയേല്പം.

൩൨.

ആകാശാഗ്രസ്പൃക്കിണങ്ങുംവനമുദയഗിരി-
പ്രാന്തകാന്താസനത്തിൽ
പ്രാകാശ്യത്തോടു വാണാഖരകരനസമൻ
കേസരീന്ദ്രൻ ഭരിയ്ക്കേ
ഭീകാളിക്കത്തിയെങ്ങോ തിമിരഗജകുലം
പാഞ്ഞു, നൊന്തു ക്ഷ കാട്ടാ-
നാകാതേ കാതരത്വാപ്ലുദ്ധൃഗതതിയും
മങ്ങൽ മെല്ലിച്ചൊളിച്ചു.

൩൩

സ്ഫീതം തന്ദ്രീജനാളിയുഗളിയുടെ കളി-
യ്ക്കൊട്ടു കോട്ടം ഭവിയ്ക്കേ,
പ്രേതപ്രായൻ പ്രതാപക്കൊടിയുടെ തല താൻ
താഴ്ത്തി താനേ മദനാജൻ;
ഭൂ തന്നിൽ പാഞ്ഞ ഉല്ക്കാവലിയുടെ നിനദാൽ
തത്ര ജൈത്രാനകത്തെ-
ക്കാതങ്ങളുമ്മാർ മുഴക്കിട്ടിവി ദിവസകരൻ
ദിഗ്ജയത്തിന്നൊരുങ്ങി.

൩൪

ആകമ്പിപ്പിച്ചു ദിക്കിൻശിശിരജനജയെ,-
പ്പങ്കജത്തെത്തളർത്തി-
ച്ഛോകം മേൽച്ചേർത്ത ധൂർത്തഭ്രമരവിഷഭരം
താൻ വമിപ്പിച്ചു മാച്ചു,
ലോകത്തിൻകണ്മയക്കീടിന തിമിരമദ-
ത്തേഷ മോഷോദ്ഗമത്തെ-
പ്പാകംപോൽ സംശമിപ്പിച്ചിഹ ദിവസകരൻ
സ്വാസ്ഥ്യമേകുന്നിതെങ്ങും.

൩൫

പാതിച്ചീടും പതങ്ഗസ്വനമൊടു പതറി-
പ്പാന്ഥർ പാരം കരച്ചും,
നേരല്ലാതുള്ള ബാലാതപമയരുധിരം
മെല്ലെ മെല്ലേ വമിച്ചും.

കേറിപ്പൂർവ്വാചലപ്പേരുടയ നെടിയതാം-
    കട്ടിലിൽ തീവ്രമാം ത-
കേറിസ്സൂര്യൻ ക്രമത്തിൽ പൊങ്ങുകിന തന്നാ-
    ന്താപമോടാസിപ്പൂ.

൩൩

പാരത്ര്യപ്രകാശാമൃതലഹരി ചൊരി-
    ഞ്ഞെങ്ങുമുദ്ദീപ്തമാക്കി-
ച്ചോരന്മാർ തൻപ്രചാരത്തിന്നു ചരമദശാ-
    വാപ്തിയെക്കൈവരുത്തി
ഘോരധ്വാന്തത്തിൽനിന്നും തെളിവൊടു സുമനോ-
    മാർഗ്ഗവും വീണ്ടെടുത്തി-
സ്സൂരൻ ഭൂചക്രമൂർദ്ധ്നിസ്ഥിതിയൊടു തിരുമേ-
    നിസ്തുല്യം ലസിച്ചൂ.

൩൪

നീറിച്ചു സൂര്യകാന്താവലിയുടെ ഹൃദയം
    ദീപ്യദ്രോഷഹത്തിൽ-
ബ്ഭൂരിശ്രീ ചേർന്ന പത്മൻ തുഹിനമയപടം
    മാറ്റി മന്ദാരമെന്ന്യേ,
നേരിട്ടേല്പിച്ചു യോഗക്ഷതി ഭുവി ജനത-
    യ്ക്കൊട്ടു രാജാവകന്നാ-
ളാരിന്നേരത്തിലെന്തക്രമമതിഖലനാ-
    മിഷ്ടിനൻ ചെയ്യതില്ല.

൩൫

ഭീമം തൻപത്തിയിങ്കൽ ദിനഫണിയണിയും-
    രത്നമായ്, പൂർവ്വശൈല-
ക്ഷ്മാമണ്ഡല്യാനമാളും രുചിയുടയൊരശോ-
    കത്തിലെഗ്ഗുച്ഛമായി,
വ്യോമശ്രീവാപിയിൽ പൊങ്ങിന കനകസരോ-
    ജന്മമായ് രശ്മികൾക്ക-
ദ്ധാമത്താം പൂണ്ട മങ്ങാത്തൊരു വടിവൊടുമ-
    ർക്കബിംബം ജയിപ്പൂ.

൱

മങ്ങും ത്വിട്ടാൎന്നൊരേടം കടലിലിതു ജലാ-
ന്താവു ചന്ദ്രൻ പതിപ്പൂ,
പൊങ്ങുന്നു മറെറാരേടം പ്രശമിതതിമിര-
ക്ലേശപാശൻ ദിനേശൻ
എങ്ങും തത്താപജങ്ങരായോരുടെ മിഴികൾ തുറ-
പ്പിച്ചുമിക്കാഴ്ചയേതോ
പാങ്ങേറൻ കൃഷ്ണപാദം ചെറുതുഷസി പറി-
ച്ചിട്ടതായ് തോന്നിടുന്നു.

൱൧

ക്ഷേമം മിന്നിച്ചുമങ്ങും ദിനകരനുദയം-
കൊൾവതീക്ഷിച്ചസൂയാ-
ധാമം തപോധനിപ്പെണ്ണിൻ തങ്കമുഖ-
ത്തേറിക്കവൈവൎണ്യഭാരം,
കാമിച്ചാനന്ന രാജാവിതുപൊഴുതു തദാ-
ധീനനായ് വന്നമൂലം
ക്ഷാമക്ഷാമാംശുസമ്പത്തൊടു ചരമശൈ-
ലൂൎദ്ധ്വ ലോകായ്ച്ചെഭവിപ്പൂ.

൱൨

"സ്വാമിൻ! ത്രൈലോക്യഗേഹസ്ഥലിയിൽ വിലസിടും-
ദീപമേ! പാപതാപ-
വ്യാമിശ്രസ്വാന്തരാകാത്തവർ നിജഹൃദി ചാ-
ൎത്തുന്ന തേജൈകമൂൎത്തേ-
ഭൂമിക്കാദ്യന്തരക്ഷാപ്രകരണമുഖരാ-
ന്മോചനശ്രീ ചമയ്ക്കും
നീ മിത്രൻ മിത്രമായ്നിന്നിഹ ഗുണമതെമാ-
ക്കിന്നു ചേക്കുന്നതില്ല.

൱൩

കൊമ്പിൽ ചാടിപ്പറക്കും പറവകൾ തമിക്കു-
ട്ടുന്ന തോട്ടങ്ങളാലും,
വെമ്പിക്രീഡയ്ക്കൊരുങ്ങും ശിശുനിരകൾ പയ-
റുന്ന മുററങ്ങളാലും,

—൮൯—

സമ്പിഷ്ടാഘം കൃഷികാർ പുതരസമൊടു പാ-
ടുന്ന പാടങ്ങളല്ലാം,
മുൻപിൽക്കാണാത്തതേതോ മഹിമ മിഹിരനി-
ന്നിമ്മഹിക്കേകിടുന്നു.

൯൦

പ്രേതത്തെപ്പോലെ ചേഷ്ടാവിരതിയൊടിഹ നിർ-
ബോധമായ് തീരെ മങ്ങും-
ചൈതന്യം പൂണ്ടു ശൂന്യസ്ഥിതിയിലെവിടവും
നിന്നൊരീമന്നശേഷം
ജാതജ്ഞാനപ്രകാശാൻ ജനത പൊലിയുമാർ
കൃത്യവിത്തായ് ജയിപ്പൂ;
പ്രാതസ്സൂപൽകാവതാരോത്സവപരിമളസ-
ത്തിന്റെ സൂത്രം നിമിത്തം.

൯൧

മങ്ഗല്യത്താലിയായിട്ടിവസവനിതയാം-
ക്കാന്തകണ്ഠസ്ഥലത്തിൽ,
തുങ്ഗജ്ഞാനദ്രുമത്തിന്മുടി തടവിന ന-
ല്ലിം കലത്തകമായി,
സാങ്ഗത്ര്യന്തവാണീനിരയുടെ പരമം
വിശ്രമാരാമമായും,
സ്വഗ്ഗംഭീരസ്വഭാവം സുഭഗതയൊടു കൈ-
ക്കൊണ്ടൊരു നിസ്തക്കനന്നം.

൯൨

ശീസന്താപങ്ങളേതാളിന്മതളിടമ-
ത്യുഗ്രനാദക്കാറ്റിലർമ്മ-
ഘ്രാസത്തിന്നിപ്പതിന്നാലുലകുകൾ തികയി-
ല്ലാകൃതാന്തന്നകൂടി
നീ സതതം ജന്മമേകുന്നവന്നിന! തവ മാ-
ഹാത്മ്യമിന്നാരിശ്രുത-
പ്രാസത്തിന്നിന്ന്മം നിർമ്മലഫണിതികളാ-
ലൊട്ടു കാട്ടിത്തരുന്നു.

൱൭

ദാരിദ്ര്യത്തിൽ കുഴങ്ങുന്നവനെ രമ വരി-
    ക്കുന്നു താൻ ചെന്നു, വിദ്യാ-
ന്താരിൻകൊണ്ടും മണക്കാത്തവനുടെ പരശു-
    ശ്രൂഷ വാഗ്ദേവി ചെയ്വൂ,
പേറിക്കുരാമയം പാർപ്പവനാണു മഹാ-
    ന്സല്ല; നല്ലൈശ്വര്യരാകാ-
മാരിൽ പാറിപ്പതിപ്പൂ ചിതരുചി ചിന്തനം-
    നിന്റെ നേത്രം പവിത്രം.

൱൮

ശീലത്തിൻ ശുദ്ധിയേറും യുവതികളുടെ ഗാ-
    നങ്ങളാൽ ദേവി ശ്രവ്യം,
ചാലെച്ചാടിച്ചരിക്കും കിളികളുടെ രവാൽ
    ശോഭനശ്രീനഭസ്സും,
മാലററപ്പൌരമേധേയതരഫണിതികളാൽ
    വിപ്രരും സർവ്വസമ്പ-
ന്നുലം യുഷ്മൽപ്രതാപോദയമഹിമ വരി-
    ഷ്ഠമായ് വാഴ്ത്തീടുന്നു.

൱൯

ലീലാകോപം ശമിപ്പാൻ പ്രണതി തുടരവേ
    പത്നിനിതംബലാംതൻ-
മൌലാഞ്ചിച്ചാരു ചോന്നീടിന പദയുഗളം
    ചേർത്ത നൽതാഡനൌഘം
മേലാകെ സ്ഥൂലരോമോദ്ഗമമണിമയണിയി-
    ക്കുന്ന ദേവൻ ഭവാനെൻ-
മാലാകെത്തീരെയാക്കിദ്ദുരിതചരിതനാ-
    മെന്നെ രക്ഷിച്ചിടേണം.

൱൰

വേശ്യാഗേഹാങ്കണാന്തർഭ്രമണജനിതമെൻ-
    പൂർവ്വപാപം ശമിച്ചൂ
ദൃശ്യാന്ധ്യം വാസരത്തിങ്കലുമതുലമിരു-
    ട്ടെന്നെ വിട്ടിന്നു മാറീ

വശ്യാത്മാക്കൾക്ക ചേതസ്സിന്നു തെളിവു വള-
ർത്തുന്ന ചിത്താതാപസന്മാ-
ർദ്ദൃശ്യാഭോഗം മദീയം മിഴിയുഗളി കുറ-
പ്പിപ്പൂ: മെല്ലെത്തന്നായ് ഞാൻ.

൫

ജ്യോതിഷ്ടോമാദിനാനാമഖനിരകൾ നിര-
ന്നോപ്പാട്ടു ചെയ്തീടുവോരും,
നേതിശ്രുതിതത്ത്വമസ്യാദികളുടെ പൊരുളോ-
ട്ടോത്തു വർത്തിച്ചിടുവോരും,
നീതിയ്ക്കൊത്താത്മവർണ്ണാശ്രമവിധികളനു-
ഷ്ഠിക്കുമശ്ലിഷ്ടരും ചെ-
ന്നേതിൽ ബ്രഹ്മൈക്യമെല്ലാം മഹിതമതു പദം
കാണ്മു കൺമുൻപിലായ് ഞാൻ.

൬

മേലിൽ ഭദ്രാനനാഭീളുജലത ളുകി-
പാശമായ് ദുഷ്പ്രവൃത്താൽ
മാലിന്യം ചേൎന്നു കൂട്ടിത്തയ കടികളോ
ഞാൻ ശ്മശാനാഭമോർപ്പൂ
വ്യാലിപ്പൂമാല കാരാഗൃഹമിനി തകി താ-
വീട്ടമെൻ വീട്ടുന്നനാം
കാലിയ്ക്കൊപ്പം കരഞ്ഞീടിന കുമതിയെ നിൻ-
ദൃഷ്ടി ശിഷ്ടാഗ്ര്യനാക്കി.

൭

ആൽവൃക്ഷങ്ങളിൽ പൊൻതളിരുകളെ മുള-
പ്പിച്ചു നൽപ്പൂവരശോണ-
ശ്രീശാഖിയാദി പൂർവാചലതരുനിരയെ-
ന്നും തെളിയിച്ചിണക്കി,
നാശാധിക്യപ്രഭം തീക്കനൽ കുമിളിനിയിൽ-
പ്പെട്ടു വേലാന്തരിത്താം-
നൈശാന്ധ്യാബ്ധിയ്ക്കു വൻബോധവരഹനമഹ-
സ്സുകിനിൻകാന്തി ചേർപ്പൂ.

൪൭

സൂരൻ പാളികളിപ്പോരളികൾ കളകളാ-
ലസ്യ വാദ്യം മുഴക്കെ
സ്സാരം രാഗം കലൎന്നംശുകമതനാറിതാ-
ലോകവാനത്വമിയ്ക്കെ
പാരാ വന്ദ്യശ്യാമിക്കുമിനി ഹരി സ-
ങ്കോചമേല്ക്കുന്ന കണ്ണി-
ന്നേരം തന്നാനനത്തിൽ ചൊരുളു കമലിനി-
യ്ക്കുങ്കരിയ്ക്കുന്ന ഹാസം.

൪൮

ശ്രീരാണീയൊരിയ്യുഷസ്സിനി ദിനകര! നിൻ-
പാദശുശ്രൂഷ ചെയ്യാ-
നാരാനീരാജനം ചെയ്യുന്നിതാ വിതതമോ-
സ്സാൎന്ന സ്വതോപലങ്ങൾ
സാരാധിക്യാൽ ഗ്രഹങ്ങൾക്കഖിലമധിപനെ-
ന്നാകിലും ലോകർ ചന്ദ്ര-
നാരാജത്വം കൊടുക്കുന്നിതു, ഹതജനത-
യ്ക്കുള്ള തത്വപ്രബോധം.

൪൯

യൽകാരുണ്യം ലഭിയ്ക്കിൽ പ്രളയജലധിയിൽ
പ്രോദ്ഗമിക്കുന്ന വീചി-
ക്കൾക്കാലുഷ്യം കലൎത്തും കവിത നവനവോ-
ല്ലേഖസൌഭാഗ്യമോടേ
തീൎക്കാറാകുന്ന മന്ദപ്രതിഭ തടവിട്ട-
ന്നോൎമ്മാശരണ്യലക്ഷ്മീ-
ഭാക്കാമദ്ദേവനാം നീയിവനുടെ യവന-
ത്തിന്നു സൎവ്വാധികാരി.

൫൦

മെച്ചം ചേരുന്ന ശോണാംബരസുഷമ വഹി-
ച്ചേറമുല്ലപ്പൂയോജ-
സച്ഛശ്രീസൌരഭത്താൽ തനുവിന തനുവ-
ല്ലാതെതാതുല്ലാസമേകി

ച്ചെപ്പെട്ടുള്ള ചേതോഭവന്മഴലുരി-
        പ്പിച്ചു പൊങ്ങുന്ന നിത്യം
പച്ചശ്ശൃങ്ഗാരിയെക്കണ്ടിത കമുദിനിയും
        കൂടി മോഹിച്ചിടുന്നു.

൬൮

പാതാളക്കൂരിരുട്ടിൻചുഴിയിലുഴലുവോൻ
        മേരുവിൽ സ്വർഗ്ഗങ്ഗീ-
ഗീതാലാപം ദ്രവിപ്പിച്ചിടുമുപലമെഴും
        സാനുവിൽ സാനുമോദം
പൂതാത്മാവായ് രമിക്കുന്നിതു സപദി വസു-
        വ്രാതനേതാവതാകും-
നീ താല്പര്യേണ നോക്കിൽ പെരിയൊരുമരുവാർ
        മേരുവായോരുകില്ല.

൬൯

തല്പാരുഷ്യം വഹിക്കാത്തതിമൃദുപദവി-
        ന്യാസകം രീതിയൊത്തും,
മെല്ലാടി പ്രൌഢ്യസിദ്ധും പല ഖഗനിരയാ-
        ലാധ്മാനിപ്രൌഢി പൂണ്ടും
കെല്പാളീടും രസാകർഷണമഹിമ വിള-
        ങ്ങുന്ന നിന്നെസ്മരിപ്പോ-
നിപ്പാരിൽ പ്രൌഢകാവ്യപ്രകരരചയിതാ-
        വാവതിൽ ചിത്രമുണ്ടോ.

൭൦

ഹാ വാലും തുമ്പുമില്ലാതിഹ ചിലതു കവി-
        താശ്രമാൽ തീർത്തതല്ലി-
ശ്രീവാഗ്ദേവിക്കു ഗാത്രവ്രണമനഘ ഭവൽ-
        ഭക്തി വിട്ടോർ ചമപ്പൂ
ദൈവാനർഘോത്തമാങ്ഗോദ്ഗളമമരസരിൽ-
        പൂരചോരോക്തിയാൽ നിൻ-
സേവാലോലർക്കു നാക്കിൽത്തലയലഘു തരി-
        ക്കാത്തനേരം മൃതക്കേ,

വ്യ൧

അന്തർവ്വൈരസ്യമോടാക്ഷ്വലജനമെറിയും-
നിന്ദ്യമന്നം ഭുജിച്ചും-
സ്വന്തം ജായാവനത്തിനൊരുവഴി ഭുവി കാ-
ണാതെ തെണ്ടിത്തിരിഞ്ഞും,
എന്തംഹസ്സും പ്രവർത്തിപ്പതിനു വിരുതു ചേ-
രട്ടെയെന്നാലുമാ നിൻ-
കാന്തം ദൃക്കാപതിപ്പാലതുമുതലവനോ
നൂതനം ജന്മമായീ.

വ്യ൨.

ആരീയാകാശമാകും കടലതൃണനിശാ-
കാലമാം മന്ദരത്താ-
ലീരിതിയ്ക്കുന്നടിച്ചുള്ളൊരുസുകൃതിയവൻ
വന്ദ്യനാരാകിലും മേ
ഭൂരിശ്രുതാഖ്യമേതന്നവളിനകരചി-
ന്താമണിക്കല്ലുമല്ലൻ-
ഭൂരിദ്ധൃഷ്ടീയുമക്ഷിക്കിണ്ണപൊഴ്തതുകൊ-
ണ്ടല്ലയോ ലക്ഷ്യമായീ.

വ്യ൩.

തന്മാഹാത്മ്യത്തെ വർണ്ണിപ്പതിലതൃതകമാ-
യാഭിയില്ലാത്ത വാക്കും
പിന്മാറീടുന്നു, സാക്ഷാൽ ഭഗവതി വിഷമി-
ക്കുന്നു വാഗ്ദേവിപോലും,
ബ്രഹ്മാവാ വിഷ്ണുതൊട്ടുള്ള വരുമകളല-
ന്തോർ ദൃഢം; പിന്നെയല്പൻ
എന്മാന്ദ്യത്തള്ളലേറും മറയനിവനതിൽ
പ്രൌഢിയെന്തുട്ടുകിട്ടും.

വൃ൪

ഭാനോ പങ്കജതാഹൃച്ഛ്രീസുകൃതജലധിതൻ-
ശീതഭാനോ നമസ്തേ
പീനോജസ്സാരദൂരീകൃതതിമിര നമ-
സ്തേസ്തു നിസ്തുല്യധാമൻ!
മാനോദ്യാനത്തിൽ മാനത്തോടു മരുവിന ബ-
ന്ധുകമേ ബന്ധുഭാവാൽ
വാനോൎക്കാധാരമായ്നില്പോരു മിഹിര ജഗ-
ദ്ദീപമേ തേ നമോസ്തു.”

വൃ൫

സ്തോത്രതാലീവിധത്തിൽ കരളിലനുപമം
ഭക്തി കൈക്കൊണ്ടിടുന്നോർ
മിത്രൻ തന്നെബ്ഭജിപ്പു സുകൃതികളതിസൌ-
ഭാഗ്യമേൽക്കുന്ന ദിക്കം;
നേത്രം രണ്ടും തുറന്നീടുക നൃവര ഭവാൻ
നേരവും കാത്തു ഞങ്ങൾ-
ഗാത്രം മെല്ലെത്തലോടാൻ മരുവുമനിലബാ-
ലനു സാഫല്യമേകൂ.

വൃ൬

സുപ്രാതത്തെത്തരട്ടേ! നൃവര തവ ദിനാ-
ധീശനീ മിത്രദേവൻ,
ദീർഘായുര്യോഗമേതൽഗ്രഹകലപതി ചേ-
ൎക്കട്ടെ! നിത്യം ഭവാനിൽ,
നൽപ്രാഗത്ഭ്യാൽ പ്രതാപം ഭുവി തപനനയ-
ത്തട്ടെ, പൌരസ്ത്യനൎക്കൻ,
തൽപ്രാചീനാഭോഗധൎമ്മോന്നതരതി പതിവായ്
ധീ കനിഞ്ഞേകിടട്ടെ!”

വൃ൰

ആ രാവണ കഥാവശേഷനില കൈ-
ക്കൊണ്ടൊരു വൈതാളിക-
ന്മാരാനന്ദത്ഥരം ചൊരിഞ്ഞു വിജയ-
ശ്രീനന്ന ഗീതത്തിനാൽ
ശ്രീരാജൽഗളഭൂഷയായ നൃവരൻ-
തന്നെ ഗ്രഹിപ്പിക്കയാ-
ശ്രീരാമൻ നിജശയ്യവിട്ടു ദിനകൃ-
ത്യത്തിന്നൊരുങ്ങീടിനാൻ.

ശ്രീമത്പുരാലയപുരസ്ഥമാകിയ വട-
ക്കൂർ കലത്തിൽ ധൃത-
ക്ഷേമം വാച്ചു ജനിച്ചു ഭൂപനൊരുവന്
തദ്രാജരാജാഹ്വയൻ
രാമൻതൻ കഥയായ വീരവിജയം-
കാവ്യത്തിനെക്കേരളീ-
പ്രേമത്തോടു രചിച്ചതിൽ പരിണതം
തൽ ഷഷ്ഠസർഗ്ഗം ശുഭം.

ഷഷ്ഠസർഗ്ഗം സമാപ്തം.

ഏഴാം സർഗ്ഗം.

൧

ഉന്നതോത്സവസമാഗമത്തിനാ-
ലന്നരേന്ദ്രനഗരം നവീനമായ്
മുന്നമുള്ളതിലുമേറെ വൈഭവ-
ത്തിന്നധീനമിവ പൂണ്ടിതെങ്ങുമേ.

൨

ജന്മനൈവ രുചിചേർന്ന നന്ദനം
മേന്മ മാധവബലാലിയന്നപോൽ
തന്മഹാമഹവശാലയോദ്ധ്യതൻ-
മുന്മനോജ്ഞത മുഴുത്തിതേറ്റവും.

൩

വിൺപദാധിഗതകീർത്തിയാന്ന ദി-
ക്കമ്പരാധികപരാക്രമത്തൊടേ
വൻപദാതി വിചരിച്ചു കാന്തിതൻ-
സമ്പദാതിശയമേകിയേവനം.

൪

ആനതാങ്ഗിയൊടു ചേരി താഴുവോർ
താനതാനതതനിസ്സ്വനത്തിനാൽ
ദീനതാരഹിതമന്ദകേകിയിൽ
പീനതാണ്ഡവരസം വളർത്തിനാർ.

൫

ശ്രീമദുത്സവമതെത്തു കാണുവാൻ
കാമമുള്ളിലുയരുന്ന കിന്നരൻ
ഹേമവാഹനമണഞ്ഞു മേവി ത-
ദ്വ്യോമമണ്ഡലസുമണ്ഡനായിതൻ.

൬

കിന്നരീനിരയൊടൊത്തു കാന്തിസ-
മ്പന്നരീവിധമണഞ്ഞു വിണ്ടലം
ഭിന്നരീതി തടവാതെ തല്പരാ-
സന്നരീദൃശർ വിലസിച്ചു ഖേചരർ.

— ൧൦൭ —

൭

ലോകരമ്യസരയൂതരങ്ഗിണീ-
ശീകരങ്ങളാം പകരം കൊടുത്തുടൻ
ലോകർതൻ ചടുലഘർമ്മബിന്ദുവ-
സ്തോകമൻപിനൊടു വാങ്ങി മാരുതൻ.

൮

നൂതനോത്സവമദത്തിനാൽ സമു-
ദ്ധൂതമാകിന ജനവ്രജാംബുധി
ജാതമുച്ചരവശക്തികൊണ്ടു ദിഗ്-
ജാതമിട്ടുടനിളക്കിയൊക്കവേ.

൯

കാന്തമാകുമഭിഷേകമണ്ഡപം
താൻ തനിച്ചു വിധിപോൽ ചമച്ചതിൽ
സ്വാന്തശിഷ്യരൊടുമൊത്തു പാർത്തു സം-
ശാന്തനാം മുനി വസിഷ്ഠനാദരാൽ.

൧൦

നെല്ലു പൂവരി ഘൃതം പയസ്സു നീർ
പുല്ലു തൊട്ടു പല സാധനങ്ങളെ
തെല്ലുമേ പിഴ വരാതെ വൈദിക-
ച്ചൊല്ലുപോൽ സചിവരങ്ങിണക്കിനാർ.

൧൧

ഗൌതമാദ്യർ മുനിമാർ തപസ്സിനാൽ
ധൂതമാനസരജോതമോതസവർ,
പ്രീതരാശ്ശുഭമുഹൂർത്തമത്തുക-
പാതരായവിടെ വാണിതേവരും.

൧൨

ശ്രീവികാസനിലപൂണ്ടയോദ്ധ്യയാം-
ഭൂവിലിങ്ങനെ മഹോത്സവക്രമം
താവിടുമ്പൊളതിലാത്തമുന്നയാൽ
ധീ വിഭാതവിടെ മേവി രണ്ടുപേർ.

൧൩

ആ മനോഹരശരന്നിശാമുഖം
ഭൂമഹേന്ദ്രകടുകാളരാത്രിയായ്
ആമയത്തൊടു മറിച്ചിടും മഹാ-
ധൂമകേതുവതിലൊന്നു മന്ഥര.

൧൪

മന്ഥരാദൃതപദേശസിന്ധുവിൽ
കന്ധരാവധിയിറങ്ങി മുങ്ങിയോൾ,
അന്ധ രാജ്ഞിയവളന്യ തീവ്രനിർ-
ബ്ബന്ധരാജിതഹൃദന്തമേന്തുവോൾ.

൧൫

തള്ളമുത്സവപരീതമങ്ങളാം ക-
ണ്ടുള്ളു നീറിയെരിയുന്ന മാനിയാൾ
കള്ളമോന്തിയൊരുവാനരിയ്ക്കു നേർ-
ക്കൊള്ളമാറു ചപലതാപമേന്തിനാൾ.

൧൬

പോകുമൊട്ടവളിടയ്ക്കു നിന്നിടും,
ധീ കുഴഞ്ഞുഴറി നോക്കുമെങ്ങുമേ,
ആകുലത്വവുമതീവ രോഷവും
പൂകിയിങ്ങനെ കഴിച്ചുകൂട്ടിനാൾ.

൧൭

റാണി വാണരുളിടുന്ന മേടയിൽ
കോണിമാറ്റുമവളേറി തൽക്ഷണം
പാണി താങ്ങിയൊരു ബന്ധു ചെപ്പുതാ-
ഞാണിയോടു മുറിതന്നിലെത്തിനാൾ.

൧൮

ഭൂപവല്ലഭ വെറും നിലത്തു താ-
നാപതിച്ചുഴറി ഹാ കിടക്കവേ
പാപമൂർത്തിയരികത്തുചെന്നു വാ-
ഗ്രോപമിങ്ങനെ പൊഴിച്ചു ദുർമ്മതി.

൧൯

‘‘മൂഢ നീയറിവതെന്തു രാഷ്ട്രതൻ-
ത്രഗൂഢവൃത്തികളതീവ ദുർഗ്ഗമേ!
രൂഢമൂത്തൊട്ട മഹീശചാരസമാ-
രൂഢനായി ഹതനായ രാഘവൻ.

൨൦

ഹേമകുംഭമുഖനിസ്സൃതാംബുവാ-
രാമമൌലിയിലിതാ ധൃതാദരം
കാമമിന്നു നിപതിപ്പു; നിൻറയി-
ഭീമയക്കമിനിയും വിടേണ്ട നീ,

൨൧

ഹാ! കഴിഞ്ഞരികിൽ വക്കിലാകിലും
നീ കവുക്കമിയലാതുറങ്ങവോൾ;
വ്യാകുലസ്ഥിതി നിനക്ക ദൈവമെ-
ന്തേകുവാനിനിയിരിപ്പു മെല്ലുരം.

൨൨

തോയമാകെയൊഴുകിക്കഴിഞ്ഞ പിൻ-
പായതിന്നു ചിറ കെട്ടിടുന്ന നീ
ആയതാശയർ വെടിഞ്ഞൊരീവഴി-
ക്കായതാ ശയണപ്പു നല്പദം.

൨൩

ഭാവിയിൽ കുഫലപങ്ക്തി നൽകുവോ-
രീ വിപദ്ദു കടയോടറുക്കുവാൻ
നീ വിശിഷ്ടവരവജ്രമേന്തുവോൾ
മേവിടുന്നു നിജകൃത്യമൂഢയായ്.

൨൪

ഇന്നുമിന്നലെയുമല്ല നിൻറ ചോർ
തിന്നു പാക്കവത്ത വൃദ്ധദാസി ഞാൻ
എന്നുമുന്നതഗുണം നിനക്ക കൈ-
വന്നു കാണ്മിനതാൻ കൊതിപ്പവൾ,

—ഫ്രാവ്യ—

൫൫

നിന്നെയൻപൊടു വശീകരിയ്ക്കുവാൻ
മന്നവൻ പല നയങ്ങളും ചൊല്ലിടും
ഒന്നതിൽ ചെവികൊടുക്കിലതവി-
യ്ക്കുന്ന കഷ്ടഫലമെന്തു ചൊൽവു ഞാൻ.

൫൬

പഞ്ചസാരമൊഴി ചൊല്ലി മെല്ലവേ
നെഞ്ചതിൽ കടുകഠാരി ചാണ്ടുവോർ
വഞ്ചനയ്ക്കു മതിയന്ന മൂർഖർ വൻ-
ചഞ്ചലപ്രണയരാണു പൂരുഷർ.

൫൭

സ്ത്രീകളും നമ്മളുടെ കൂട്ടരോ പരീ-
പാകസുന്ദരമൃദുസ്വഭാവകർ;
ഹാ കടും പുരുഷവാഗുരയ്ക്കകം
ശോകമാർന്നടിപെടുന്നിതേറെ നാം.

൫൮

ഞാനിതൊക്കെയുരചെയ്തതെന്തിനാം-
ഗ്ലാനി നീക്കുകെഴുന്നീൽക്ക ധീരയായ്
മാനിതം ഭരതഭാഗ്യവല്ലിയിൽ
പൂ നിറഞ്ഞതിനി നീ പുകയ്ക്കൊലാ.

൫൯

കേമനേററമഹമെന്നു തുള്ളിടും-
രാമനേക്കടുനിശാടർമുന്നിലായ്
കാമനേ! സപദി തള്ളിയെങ്കിലോ
നാമനേകസുഖഭാജനങ്ങളാം.

൬൦

നാമിതേവരെയെടുത്ത ജോലിയെൻ-
കാമിതപ്പടി ഫലിച്ചു കാണുവാൻ
ഭൂമിപുത്രിയവളും വനങ്ങളിൽ
കാൽമിളച്ച്യധമണയ്ക്കണം ക്ഷണം.

൩൰൧

ഏറെയൊന്നുമിനിയോർത്തിരിയ്ക്കുവാൻ
നേരമില്ലതിസമർത്ഥനേകനെ
സ്സാരശീഘ്രഗതി വിട്ട ദൂതനെ-
ച്ചൂരവേ നൃപനെയാനയിയ്ക്കു നീ.''

൩൰൨

കണ്ടകപ്രകൃതി ദാസിയീവിധം
വേണ്ടതോതിയഥ താൻതനിച്ചുപോയ്
നീണ്ട വെള്ളിവടി കയ്യിലെപ്പൊഴും
പൂണ്ട ഭൃത്യനെ വിളിച്ചിതേകനെ.

൩൰൩

എന്തയുക്തസമയേ വിളിപ്പതെ-
ന്നന്തരംഗമുഴറുന്ന കഞ്ചുകി
ക്ലാന്ത റാണിയതുലം മണിഗൃഹാ-
ഭ്യന്തരത്തിലതിവേഗമെത്തിനാൻ.

൩൰൪

“മന്നവന്റെയരികിൽ ക്ഷണേന നീ
ചെന്നു 'കേകയതനൂജ രാജ്ഞിയാം
ഇന്നു ദുഃഖപിതഗാത്രിയായ് വസി-
ക്കുന്നു',വെന്നു നിഗദിച്ചുപോരണം.''

൩൰൫

ദേവിതൻപ്രതിനിധിയ്ക്കിണങ്ങുമാ-
റീവിധം തദനു ചൊല്ലി മന്ഥര,
ഭൂവിനേതൃസവിധത്തിലേയ്ക്കു താ-
നാവിലാശയയച്ചു ദൂതനെ.

൩൰൬

കേട്ടപാതിയവിടത്തിൽനിന്നു നാ-
ല്ലോട്ടമോടിയവനേറവും ജവാൽ
കാട്ടു വാഴമഭിഷേകശാലയോ-
ടൊട്ടുമാറിയൊരിടത്തിലെത്തിനാൻ,

൩൭

ദൂതനാദരവശൻ നൃപാന്തികം
യാതനായ്ത്തൊഴുതൊതുങ്ങിനിന്നുടൻ
ശ്രുതലേശചരി പറഞ്ഞതൊട്ടല-
ക്കാതലേറിന വചസ്സു ചൊല്ലിനാൻ.

൩൮

കാതരന്മതിതി കടുത്ത ചിന്തയാൽ-
ച്ചേതസി ക്ഷണമുഴിച്ചിലും നൃപൻ
ജാതമാനില വെളിച്ചു തെല്ലു കാ-
ട്ടാതെ താനവിടെനിന്നു യാത്രയായ്.

൩൯

ഭൂമഹേന്ദ്രനഥ ദിവ്യമായ് മുനി-
സ്സോമരമ്യമഭിഷേകമണ്ഡപം
ആമയത്തൊടു വെടിഞ്ഞു, പാപശാ-
ക്കാമവൻ പരസ്ഥലം കണക്കിനെ.

൪൦

ഏതതിട്ടിഞ്ഞ നൃവരൻ സപത്നി പോയ്-
പ്പാർത്തിടും മുറിയിലേക്കു യാത്രയായ്
പത്തി പൊക്കിയൊരു പാമ്പു ചീറിടും
പൊത്തിലേക്കുരിയ ഭേകമെന്നപോൽ.

൪൧

കള്ളി മന്ഥരയടുത്തു ചൊല്ലണനാഴ-
നൊള്ളിടാമിതിലെ"യെന്നരയ്ക്കുവേ
ളള്ളിയന്ന മടർ മാറിയാമുറി-
ക്കുള്ളിലേക്കു കയറീ നൃപാലനം.

൪൨

ആവിലൻ നൃപതി ദുഷ്ടരാജ്ഞിയാൾ
മേവിടുന്ന മുറിതന്നിലെത്തിനാൻ,
വൻവിശപ്പുടയ സിംഹിതൻ മതി-
ശ്രുവിന്നുള്ളിലൊരിമേന്ദ്രനെന്നപോൽ.

൪൩

മന്നിനീശനഥ കണ്ടു ത്രസ്തയാ-
യന്നിലത്തധിശയിച്ച പത്നിയെ,
ഒന്നിലും പിടിപെടാത്ത ബാധയേ
മുന്നിൽ മാന്ത്രികവരിഷ്ഠനെന്നപോൽ.

൪൪

ഉന്നയാലവർ നിലത്തു ചാർത്തിയോ-
രന്നവാബ്ദരുചി കേശസഞ്ചയം
മന്നനാൽ തദനു കാളരാത്രി തീ-
ർന്ന ക്രൂരിതമം കണക്കു ദൃഷ്ടമായ്.

൪൫

ധൂർത്തദാസി പിടിപെട്ടു ധാർഷ്ട്യസ-
മ്പത്തു പൂകിയ വരാസ്ത്രിയേ നൃപൻ
പേർത്തുകണ്ടു നിതരാമഹന്ത്യ താൻ
സത്തപഹാനി കലരുന്ന വിദ്യപോൽ.

൪൬

കെട്ടഴിഞ്ഞു ഭുവി ചിന്നിടും കചം,
തപിട്ടകന്ന പൊടിപറ്റമാകൃതി,
മട്ടണഞ്ഞ ഗുണമാസ്യ,മശ്രുനീർ-
ച്ചാട്ടമാകവെ നനച്ചു മാറിടം,

൪൭

ചേറടിഞ്ഞ വസനങ്ങളും,ക്കുരം-
താരെരിക്കുമതിധൃഷ്ടദൃഷ്ടികൾ,
ക്രൂരമായ മുഖഭാവമേവമു-
ള്ളൊരവസ്ഥ നൃപനക്ഷിലക്ഷ്യമായ്.

൪൮

കാന്ത്യനർഘതരഭൂഷണങ്ങളോ-
ടന്ത്യയാത്രയുരചെയ്ത മേനിയേ
സന്ത്യജദ്രുചിയുലച്ചു രാജ്ഞി തൽ-
ഭ്രാന്ത്യവസ്ഥയെ വെളിക്കു കാട്ടിനാൾ.

൪൯

ആധിചേർന്ന കട്ടമന്ദരാജപര–
വ്യാധി മൂത്തരിയ സന്നിയാകയാൽ
ബാധിതാംഗ, നിജപത്നിയെപ്പുധാ–
രാധിതൻ നൃപതി കണ്ടു ഞെട്ടിനാൻ.

൫൦

കത്തിടും ശിഖിയിലിട്ടു ചുട്ടതാം–
കത്തിതന്റെ മുനകൊണ്ടുമന്ദമായ്
കുത്തിടുമ്പടി കടുത്ത രുക്കിളാ–
ദ്ദത്തിലേശ്ശുവരം കടന്നി നിർദ്ദയം.

൫൧

ക്ഷോണിതൻപതിയടുത്തു ചെന്നു ത–
ല്പാണികൊണ്ടവളെയേറ്റമുൾപ്രിയാൽ
പ്രീണിതൻ തഴുകി മെല്ലെയീവിധം
വാണി പിന്നെയരുളീ മൃദുസ്വരം.

൫൨

"ജീവനാഥി! ഭവതിക്കു കഷ്ടമി–
ബ്ഭാവഭേദമിഹ വന്നതെങ്ങിനേ,
താവകാപ്രിയമതാചരിച്ചതി–
ന്നാവഹന്മദമൊടാർ വദിക്കു നീ.

൫൩

ഭ്രൂ സമേതരപലേന കാന്തനാ–
യാസമേവമിവനിങ്ങു വാഴവേ
ശ്രീസമേതമമരേശ നീ ഗതോ–
ല്ലാസമേറെയഴലേല്പതെന്തിനാം.

൫൪

ഭൃത്യർ വല്ലവരുമല്ലമപ്രിയം
കൃത്യബോധമിയലാതെ ചെയ്തുവോ
അത്യജന്മരവർ മേൽ ക്ഷണാ–
ലത്യപായമുളവാക്കുമെന്റെ വാരം.

— ൧൧൫ —

൩൩

കെല്പൊട്ടുണ്ണികൾ തകർപ്പുകുട്ടി നിൻ–
ചൊല്പടിക്ക മരുവാതെ മാറിയോ
ഉൾപ്പുരങ്ങളൊടറിഞ്ഞിടാതെ ഞാ–
നല്പമൊന്നഹിതമാചരിച്ചുവോ?

൩൪

ഇല്ല മെയ്യു സുഖമെങ്കിലല്ല ഞാൻ
കല്പ്യർ മന്ത്രരെ വരുത്തിടാമുടൻ
മല്ലസന്നുജബലത്തിനൂഴിയൊ–
ന്നല്ല നാകവുമധീനമൊക്ക നീ.

൩൫

പന്തിയററ നിലതാൻ വിവർണ്ണമായ്
ക്ലാന്തികൊണ്ടു പറയുന്ന നിൻമുഖം
ചിന്തിടുന്നു മമ ഹൃത്തു ഹേതുവി–
ന്നൊന്തിരിക്കിലുമരക്ഷണം ക്ഷണം.”

൩൬

വാക്കിവണ്ണമുരിയാടിയാർദ്രനായ്
നോക്കി രാട്ടഥ വിരാമമേല്ക്കവേ
അക്കിടപ്പിനെ വെടിഞ്ഞെണീററു തൻ–
ദൃക്കിനാൽ കനൽ ചൊരിഞ്ഞ രാജ്ഞിയാൾ.

൩൭

“നേരകന്ന തവ വൃത്തമൊക്കെ നി–
സ്സാരയെങ്കിലുമറിഞ്ഞുപോയി ഞാൻ
ക്രൂരസൂചി മിഴിയിൽ തറച്ചു സ്വ–
ക്കാരണം തരണ പൂർത്തിചെയ്‌വു നീ.

൩൮

ഭൃത്യരല്ല സുതരല്ല രോഗമ–
ല്ലത്യഘോരഗതി ചമച്ചതിന്ന മേ
മൃത്യുനല്ലകപടം പെടുന്ന നീ
സത്യമെൻകഴികഴിച്ച ഘാതകൻ.

൩൧

ഹേമരത്നസുവരാസനാഢ്യനായ്
ക്ഷേമമെന്നിയ താനിന്നിരിയ്ക്കവേ
രാമനൊത്തു ഗുണമൊന്നു കണ്ടു നീ-
യീ മഹീശത കൊടുപ്പു നിസ്തൂപം.

൩൨

വാനരപ്പടകളും തന്റെ തോഴനായ്
കാനനങ്ങളിലുഴന്നിടേണമവൻ
ഹീനസൽപ്രകൃതി രാമനായ് സുപ-
സ്ഥാനമേകുവതിനാരൊരുങ്ങുവോൻ.

൩൩

കാലു നീതിവഴിയിങ്കൽ നിന്നു ച-
ത്താലുമിപ്പുവുമെടുത്തിടാത്തവൻ
കോലമുന്നതഗുണങ്ങൾകൊണ്ടു ചെ-
ങ്കോലു കൊൾവതിനു യുക്തനെന്മകൻ.

൩൪

പ്രീതിയുള്ളവയിലൊക്കയും ഗുണോൽ-
ക്രുതി കാണ്മു ഖലരായ മാനുഷർ;
ഏതിലപ്രിയമതിങ്കലേറ്റണം
കാതിലേയ്ക്കവർ കടത്തിടാത്തവർ.

൩൫

വന്നുവന്നതിനിമേലിൽ നിർഹിര-
ട്ടിന്നു നൂനമടിപെട്ടിടില്ലിവൾ
ഇന്നു ഞാനൊരുവൾതന്നെയെന്തുന്ന-
യ്യേന്നു വന്നു ഹതദൈവചേഷ്ടയാൽ.

൩൬

മുന്നമേകിയ വരങ്ങൾ രണ്ടുമൊ-
ത്തിന്നു നൽകണമപേക്ഷചെയ്വു ഞാൻ
ഒന്നു രാമവനയാത്രയന്യമെൻ-
പൊന്നുകുഞ്ഞിനു നൃപാഭിഷേകവും.

൩൰൭

തൊലുടുത്തു മുനിമട്ടവൻ പതി-
നാലുകൊല്ലമടവിയ്ക്കകത്തു താൻ
മാലുയർന്നു നിവസിയ്ക്കിലിങ്ങു ചെ-
ങ്കോലു മത്സുതനു സുസ്ഥിരം ഭുവി.

൩൰൮

കോപ്പുകൂട്ടിയവനീശനാകുവാൻ
കാപ്പുകെട്ടിയവനെക്കളഞ്ഞു നീ
ഇപ്പൊളെൻഹിതമിതേകിടായ്കിലി-
ന്നല്പമെങ്കിലുമടങ്ങുകില്ല ഞാൻ."

൩൰൯

അങ്ങതാർ, പറവതാരൊ,ടാർത്താൻ
ചൊന്നമൊഴികളെ,ന്നിതൊന്നുമേ
നേരമാർഗ്ഗമറിയാതെ ചൊല്ലിനാ-
ളാമർഷാകലിതയായ റാണിയാൾ.

൪൰

കേട്ടിടാത്ത മൊഴിയാദ്യമായ് ചെവി-
ത്തട്ടിൽ വീണതു മുഴക്കമൂലമായ്
ഞെട്ടിയന്നൃപതി; വജ്രമായുധ-
ത്തട്ടി വെമ്പിയ മഹാദ്രിപോലവേ.

൪൰൧

കൃത്യമൊന്നുമറിയാതെ നിദ്രയാൽ
മൃത്യുപായമുളവായപോലവേ
ക്ഷിത്യധീശനഥ വാണു, ഭാവിതൻ-
ഗത്യവസ്ഥയറിയാൻ ഞെരുക്കമാം.

൪൰൨

താപകോപതിമിരങ്ങളം മെല്ലമേ-
ലാപതിച്ചു വിമഥിയ്ക്കുമുള്ളൊടെ
ഭൂപനൊട്ടു നിവസിച്ചു, കൃത്യസ-
ദ്രൂപമേതുമറിയാതെയാതുരൻ,

൬൨

നേരമിങ്ങനെ കുറേക്കഴിഞ്ഞു പി-
ന്നൊരെയുള്ളിൽ വെളിവാർന്നിളാവരൻ
ക്രൂരരാജ്ഞിയെ വശീകരിയ്ക്കുവാൻ
ഗീരനല്പശമശാലി ചൊല്ലിനാൻ:

൬൩

"നാരിമാർമകുടി! നിന്മുഖാംബുജം
ഗീരിതെങ്ങിനെ പൊഴിച്ചു ദുർഗ്ഗം
പാരിജാതമലരിന്നകം വിഷ-
ച്ചൂറിനെങ്ങിനെ വിഹാരഗേഹമാം!

൬൪

ശാരദേന്ദു പൊതളുൻകിടം കനൽ-
ധാരയെങ്ങിനെ പൊഴിയ്ക്കുമൂഴിയിൽ
സാരതത്ത്വമറിയുന്ന നിന്നിലി-
ക്രൂരവാക്കുകളയുക്തമല്ലയോ!

൬൫

രാമനെബ്ഭരതനോടു തുല്യനാ-
യോമനിച്ചിഹ വളർത്തിവന്ന നീ
മാമകം കരളെരിച്ചിടുന്നതാ-
മീ മനഃസ്ഥിതി വഹിച്ചതെങ്ങിനെ?

൬൬

ക്ഷോണിയിന്നു ഭരതൻ ഭരിപ്പതിൽ
കാണിയും വിമുഖവൃത്തനല്ല ഞാൻ
പ്രീണിതൻ മകനെ രാമനെ വന-
ശ്രേണിയിൽ കളവതോർപ്പതെങ്ങിനെ?

൬൭

ജ്യേഷ്ഠപുത്രനവകാശി ഭുവിനി-
ശ്ശ്രേഷ്ഠനീതിപഥമാദരിയ്ക്കുവോ.
കഷ്ടമെന്നെ വെറുതേ പഴിയ്ക്കിൽ ഞാൻ
ശിഷ്ടദൃഷ്ടിയിൽ നികൃഷ്ടനാകുമോ!

൬൯

പാരു കാക്കുവതു രാമനെന്നതാ-
ഗ്രഹമാത്ര,മിഹ കാര്യമൊക്കെയും
നേരു നിൻസുതഹിതപ്പടിക്കു താൻ
ചേരു,മില്ലിതിനു ശങ്ക തെല്ലുമേ.

൭൦

കോപ്പുകൂട്ടിയതെടുത്തെറിഞ്ഞിടാം
കാപ്പുകെട്ടിയതഴിച്ചു തള്ളിടാം
ഒപ്പുവിപ്പരിഷതന്നടക്കു കാൽ-
വപ്പു രാമനു സഹിപ്പതെങ്ങിനേ?

൭൧

പൊററ പെണ്ണൊരുവൾ ചൊല്ലിടാതൊരി-
ച്ചെററ വാക്കിനിയുരച്ചിടൊല്ല നീ
മററൊരാളിതറിയുന്നവെങ്കിൽ വൻ-
കററമെത്രയതുമില്ല നിന്റെ മേൽ.

൭൨

വേറെയൊത്തു വരവും വരിക്കുകി-
ന്നേരമായതു ഹിതേന തന്നിടാം,
ഗൌരമാം തവ യശസ്സിലെത്രയും
ചേറു ചേർക്കുമൊരു ചേഷ്ട ചെയ്യൊലാ.

൭൩

മാനിതാഗമപയോധതത്തപായാം-
മാനിനീകലശിരോലലാമമേ!
മേൽ നിനക്കു വരികില്ലൊരാധി ഞാൻ-
താനിതിന്നു പരമം പ്രമാണമാം.”

൭൪

ഉള്ളിലാർദ്രത വളർത്തിടുന്നതെൻ-
തുള്ളി വാക്കിതു കഥിക്കവേ നൃപൻ
കള്ളി രാജ്ഞിയവൾ പിന്നെയും കടും-
കൊള്ളിവാക്കു ചൊരിയാൻ തുടങ്ങിനാൾ:

൩൫

വിത്തതാതമവിധവാവിപൽകൃഷി–
കൊത്തരത്തിൽ വരയാചനാമിഷാൽ
ഞാത്ത ഗർവ്വമവരം പാകിയീ വഴോ–
മുത്തമാം വളമതിന്നിണകിനാൾ.

൩൬

ഗോത്രയെന്മകനു നൽകിടാതെയി–
സ്സുത്രമൊന്നു മുറിയാടിടേണ്ട നീ
യാത്രയാക്കുക വനത്തിലേയ്ക്കു നിൻ–
പുത്രനെക്കുമതി രാമനെ ക്ഷണം.

൩൭

ചെഷ്ടയാൽ കസ്തുതി രാമനേകി നീ
വിഷ്ടപം, ഭരതനക്കതിയാലുമേ,
കഷ്ടമേ സുസിതയെന്നരയ്ക്കിലാ–
ക്കിഷ്ടമാധുരി ചരിപ്പു നാകത്തിൽ.

൩൮

ദേവലോകമതിൽവച്ചു മുൻപു ഞാൻ
താവകാസുപരിരക്ഷ ചെയ്കതിൽ
ആവഹിപ്പു ഹൃദി നന്ദിയെങ്കിലി–
ന്നീ വരം ജവമെനിയ്ക്കു നല്കണം.

൩൯

ഭ്രൂ മദാത്മജനു നല്കിടായ്കിലാ–
ബ്ധീമമാം വ്യഥ കരെസ്സഹിച്ചിടാം;
രാമനെപ്പുരുവനേ വിടായ്കിലോ
മാമകാമയമസഹ്യമേററവും;

൪൦

വേണ്ടമീ വരയുഗത്തെ നല്കവാ–
നുണ്ട സങ്കടമതെന്നിരിയ്ക്കിലോ
കണ്ടുകൊൾക തവ മുൻപിൽ വല്ലതും–
കൊണ്ടു ജീവനെ വെടിഞ്ഞിടുന്നു ഞാൻ.

൯൧

പാട്ടപെട്ടു തവ ജീവനാന്ത മു-
ത്തോടു കാന്തനിന്നു തന്നതാം വരം
ചാട്ടവാഗപിഹൃതിയാക്കി വച്ചു ചാ-
ഞ്ഞാട്ടുവാൻ തുനിവു നീയധാർമ്മികൻ.

൯൨

മാരികാന്തജനമൊത്തു തിങ്ങിൽ ഞാ-
നാമയാലിററ പതിച്ചിടും ദ്രവം
രാമനായി, ധരയായി, സീതയായ്,
ക്ഷേമമോടു ഭുവി വാഴ്ക നീ ചിരം.''

൯൩

ഉൾക്കലക്കമിയലാതെയെന്തിനും-
തക്ക പെണ്ണിവൾ സമർത്ഥയെന്നതാൻ
വാക്കുകൊണ്ടു തെളിയിച്ചിവണ്ണമ-
ന്നാകബുദ്ധി നിവസിച്ചു നിർഭയം.

൯൪

മാറിൽ മുൻപ്രസൂനബാണസഞ്ചയം
കേറി മർമ്മരുജ ചേർത്തപോതിലും
പാരിനീശനറിയാത്ത സങ്കടം
പേറിയിങ്ങനെ ദ്രുതകതി കേൾക്കയാൽ.

൯൫

നാരി പിന്നെ നിജപതിയീവിധം
നേരിൽനിന്നു കടുവാക്കുരച്ചിലും
സൂരിയന്നു പറഞ്ഞുകളഞ്ഞു നി-
ന്നാരിയില്ല നിജവാക്കു പരന്തപൻ.

൯൬

കോളുകാളുമൊരുവെമ്പനാടനോ-
ക്കാളുമാളുവനദൃശ്യമൂർത്തിയായ്
പാളുമുള്ളൊടിതുമട്ടുരച്ചു ഭൂ-
വാളുവോൻ പ്രളയതുല്യഭീകരൻ.

൯൭

"ഒട്ടു ഞാൻ മദധികാരശക്തിയി-
ന്നൊട്ടുപോലുമറിയാതെ ദുർഭഗേ!
ഒട്ടുപെട്ടതിർകടന്നൊരാജ്ഞയിലെ-
ന്നൊട്ടുമാറുമധികം കൂട്ടിയില്ലല്ലോ.

൯൮

കേകയോല്ലസിതരാഗമൂർത്തി നീ
ചാകയോ കസ്തുതി വല്ലരികളിലും
പോകയോ ഝടിതി ചെയ്കിലും മന-
സ്സോകമോഹവശനാകയില്ല ഞാൻ.

൯൯

ആഗസാന്ദ്രതതി പൂണ്ടതീവ ദുർ-
വാഗസാന്ദ്രതമുരച്ചു നിന്നിൽ മേ
വേഗമോടസി പതിച്ചിടാഞ്ഞതി-
ന്നാഗമോക്തിയുടെ ശക്തിഹേതുവാം.

൧൦൦

കത്തിയോടുമതിദുഷ്ടരാക്ഷസീ-
മൂർത്തിയാണിതുവരെയ്ക്കുമുത്തമേ
വൃത്തിയാൽ ലളിതയായ് വസിച്ചതെ-
ന്നോർത്തിടുമ്പൊഴുതു ഞെട്ടിടുന്നു ഞാൻ.

൧൦൧

സ്ത്രീകളെത്തലയിൽവച്ചു ലാളനം
പാകമററധികമാചരിക്കുകിൽ,
ലോകഗർഹിതചരിത്രനായവൻ
ശോകസിന്ധുവിൽ മറിഞ്ഞിടും ദൃഢം.

൧൦൨

കഷ്ടമേ മരമറിഞ്ഞിടാതിവൻ-
ശിഷ്ടമിട്ടു കൊടിയെപ്പടത്തിനേൻ
വിഷ്ടപത്തിലതിനുള്ള ദുഷ്ഫലം
ക്ലിഷ്ടമിന്നനുഭവിച്ചിടേണ്ടതായ്."

—൧൨൧—

൧൦൩

പൊട്ടുമുല്ലമൊട്ടിളമട്ടരച്ചു സ-
മ്രാട്ടു വിഭ്രമമതല്പമേല്പുവേ
വെട്ടുകൊണ്ട പുലിപോലെ സംഭ്രമം-
പെട്ടു ഖിന്നത വഹിച്ചു തന്വിയാൾ.

൧൦൪

കേൾക്കവോക്ഷ ചെവി തീറ്റിടുന്ന ദുർ-
വാക്കു വീണ്ടുമവൾ ശങ്കയെന്നിയേ
നാക്കുനീട്ടി വിഷലിപ്തമാംശരം-
തൊല്പുമൂക്കിനൊടു വിട്ടു നിഷ്ഠുരം.

൧൦൫

പൂർണ്ണമേകിയ വരദ്വയം നമു-
ക്കിന്നു നല്കിടണമിത്രമാത്രമായ്
ഞാനയതൊടലഞ്ഞി,യിതിങ്കലെ-
ന്തൊന്നു നിർമ്മനീതി കാണ്മു നീ.

൧൦൬

നിന്നെയന്നജസഞ്ചരത്തിലു-
ല്പന്നമാകിയ വിപത്തിൽനിന്നു ഞാൻ
അന്നു ശക്തിയൊടു കാത്തതൊന്നതാ-
ണിന്നസഹ്യതരമെന്റെ ദുർന്നയം.

൧൦൭

അന്നെനിക്കു വരമേകിയപ്പോളെ-
ന്തൊന്നു ചേതസി നിനച്ചു നീ ജളൻ?
എന്നെ വഞ്ചനയൊടെ കടക്കിടാ-
മെന്നതോ ചെറുതതൊക്കവാൻ പണി.

൧൦൮

കർത്തുകേതവവചഃപ്രപഞ്ചരാ-
തതചമാഗ്ദ്ധപടികാഭിമാനി നീ
സ്ഥാതസത്യമൊഴിയെത്രണോപമം-
പാഴ്ത്തു തള്ളുവതിനൊപ്പതെങ്ങിനേ?

൧൦൯

ലേശമന്നിഗമസ്പൃക്തിഭക്തിനി–
ന്നാശയത്തിലമലം ഭവിയ്ക്കിലോ
നാശഹേതുകരമാമസത്യഭാഷ്–
പാശമെങ്ങിനെയിടും കഴുത്തിൽ നീ?

൧൧൦

ത്വൽപ്രജീവപരിരക്ഷചെയ്തതിൻ–
തക്ക നന്ദി നിശിതാസിധാരയാൽ
മൽഗളത്തിനൊടു കാട്ടുകീ ക്ഷണം
ചാകതിൽ ഭയമകന്ന പെണ്ണു ഞാൻ.

൧൧൧

മാററു ചെന്ന് പരുഷോക്തി കേട്ട ഞാൻ
തോററു പിന്നൊരടി വച്ചിടാത്തവൾ
മാററുകില്ല വരമല്ല നോൻപിതാ!
നേററു മൃത്യുവെ വരിയ്ക്കുവാൻ ദൃഢം.”

൧൧൨

സപാതിനിഷ്ഠുരവചശ്ശരേണ തൽ–
ക്കാതിലുഗ്രവിഷധാര പെയ്യുവോ,
ഭീതിവിട്ടു നിലകൊണ്ടിതങ്ങനാ–
ജാതിതൻ കരളുറപ്പിതത്ഭുതം.

൧൧൩

ഉലകാമ്ര മാനമൊടു കാത്തു വാണതിൻ–
തിലകായമാനതപി പൃകമന്നൃപൻ
തല കായുമാ നവവിചാരമാർന്നവൻ
ചലകാമമാനസബലേന മേവിനാൻ.

ഏക

സ്മരശരവിജയശ്രീകാമ്യഹർമ്മ്യായിതൻ ത-
ന്നരപതി ഹൃദയത്തിൻ പത്നിയാംതന്നാട്ടുകൾ
ചിരമപജയമോടെ നിന്നു മിന്നാതെ; നാരീ-
നിരയുടെ നികടത്തിൽ ശോഭനം ശോഭിച്ചുന്യൻ.

ശ്രീമദ്ധ്യാരണ്യപുരസ്ഥമാകിന വട-
ക്കഞ്ചൂർകലത്തിൽ ധൃത-
ക്ഷേമം വാച്ചു ജനിച്ചു ഭൂപനൊരുവൻ
തദ്രാജരാജാഹ്വയൻ
രാമൻതൻകഥയായ വീരവിജയം-
കാവ്യത്തിനെക്കൊളി-
പ്രേമത്തോടു രചിപ്പതിൽ പരിണതം
സർഗ്ഗം ശ്രേഷ്ഠം സപ്തമം.

ഏഴാംസർഗ്ഗം സമാപ്തം.

എട്ടാം സർഗ്ഗം.

൧

ദിനനാഥവംശമണി ദീനബന്ധുതാ-
സനനായെണീററു സദയം ഗമിക്കവേ
ജനതായ സമ്പദിതി വെടിഞ്ഞു സംഭ്രമാ-
ജ്ജനമുച്ചലിച്ചിതഭിഷേകശാലയിൽ.

൨

വിരുതൻ വസിഷ്ഠഹൃദയം ഗ്രഹിച്ചു താൻ
മതവും സുമന്ത്രരഥമന്ത്രിസത്തമൻ
അതുതെന്ന കണ്ടു നഗരെ വിട്ട പൂർവ്വ-
ചിരജം ജനങ്ങളെയടക്കിനിർത്തിനാൻ.

൩

പല ശസ്ത്രമന്ത്രനിര താൻ ജപിച്ചു പൊൻ-
കലശം കരത്തിലിയലും വസിഷ്ഠനും
അലസത്വമററു നിവസിച്ചിരുന്നൊരാ-
നില സത്വരം തരള മാററിയല്ലുമായ്.

൪

തരസാ വിശിഷ്ടമഭിഷേകവാരിയെ-
ശ്ശിരസാ വഹിപ്പതിനു നിന്ന രാഘവൻ
ഫരസാര്യവിക്രമവശൻ പിതാവു പോ-
യൊരസാധ്യഹേതുവറിയാതെ ഖിന്നനായ്.

൫

മറിവുള്ള മന്ഥരയെ നല്ലപോലെ താ-
നറിയുന്ന കോസലനരേന്ദ്രപുത്രിയും
പരിതപ്തയായിതഥ കേകയാത്മജാ-
ചരിതത്തിലുള്ളിനു ചലിപ്പു കൂട്ടവോം.

൬

നരനായകന്റെ വരവൊട്ടു കാത്തു താൻ
കുറെനേരമങ്ങനെ വസിച്ചിതേവരും
കരളിൽ ക്രമേണ പുരുസംഭ്രമവ്യഥാ-
നിര തിങ്ങി വിങ്ങിയെവനും കുഴങ്ങിനാൻ.

൭

ശരിയല്ലിതിൻപടി വിളംബമെന്ന ചിൽ–
സ്സൂരിതൻ വസിഷ്ഠമുനിയും സുമന്ത്രരും
ഗരിമാത്മവൃത്തി രഘുനാഥനൊത്തുതാൻ
ത്വരിതം നൃപൻെറ നികടത്തിലെത്തിനാർ.

൮

ജലമാകെ വററിയ മഹാബ്ധിപോലവേ,
ജ്വലനൻ കരിച്ച വനമെന്നപോലവേ,
വലയിൽ പതിച്ച മൃഗരാട്ടുപോലെ, തൻ–
തല താഴ്ന്ന വിന്ധ്യഗിരിയെന്നപോലവേ,

൯

കുഴിയിൽ പതിച്ച കരിപോലെ, രാഹുവാൽ
കഴിവററു മങ്ങിയ ഖരാംശുപോലവേ,
വഴിതെററി വീണ നയമെന്നപോലെ, വൻ–
ചുഴിയിൽ തകർന്ന പടകപ്പൽ പോലവേ,

൧൦

കരയിൽ കടന്ന മകരേന്ദ്രനെന്നപോൽ,
ഖരദന്തഹീനനഹിരാജനെന്നപോൽ,
ചിറകററു വീണ ഖഗനാഥനെന്നപോൽ
തരസാനിലാഹതി തകർന്ന കൊണ്ടൽ പോൽ.

൧൧

നിറകാന്തി വിട്ടു നിതരാം വിഷണ്ണനായ്
തറയിങ്കൽ വീണു തന്ന ബോധമെന്നിയേ
കരണങ്ങളും തെല്ലുമിളകാതെയങ്ങൊരാ–
വരനാഗലതപോൽ കിടന്നിതന്നു താൻ.

൧൨

പരമാധികപ്രണയപാത്രമൂർത്തിതൻ–
പരമാധികാരി പരിപൂജ്യവിക്രമൻ
പരമാധി ഭൂമിപതിയിക്കിടപ്പിനാൽ
പരമാധി ചേർത്തു ഹൃദയത്തിലേവനും.

൧൩

ജവമന്നു ഭാവിയറിയും വസിഷ്ഠനും
നവമല്പമൊന്നു വിചലിച്ചു മാനസം,
നൃവരന്റെ ദുസ്ഥിതിയതിൽ സുമന്ത്രരോ-
ട്ടവശത്വമേററ ഹതകൃത്യബോധനായ്.

൧൪

പരിമുക്തബാഷ്പധരിയെത്തുടച്ചു താ-
നരികത്തുചെന്നു തഴുകിപ്പിതാവിനെ
ത്വരിതം സുശീതജലസേചനാദിയാൽ
പരിചര്യചെയ്തു പടുബുദ്ധി രാഘവൻ.

൧൫

പുരുതീക്ഷ്ണമല്ലൊരിദൃശാ വമിച്ചു വൻ-
വിരുതാർന്ന രാജ്ഞി മരുവീ തദന്തികെ;
ചെറുതൊന്നൊതുങ്ങിയതിയായ സംഭ്രമാ-
ലുഴറുന്ന ഹൃത്തൊടു വസിച്ചു മന്ഥര.

൧൬

അരമിജ്ജഗത്തിനെ വെടിഞ്ഞുവെങ്കിലും
പരലോകവീഥിയതണഞ്ഞിടാതെ താൻ
ചിരമന്നു മധ്യപഥവർത്തിയായ് ധരാ-
വരനാത്മചേതനയകന്നു മേവിനാൻ.

൧൭

പനിനീർ തളിച്ചുമഥ വീശിയും ഹിതാൽ
തനിയേ തദീയതനു താൻ തലോടിയും
കനിവോടു താതപരിചര്യ ചെയ്തിത-
ന്നനിയന്ത്രിതാശ്രുധരനായ രാഘവൻ.

൧൮

കുറെനേരമിങ്ങനെ കഴിഞ്ഞശേഷമാ-
നരനായകൻ മിഴി തുറന്നു മെല്ലവേ
സ്ഫുരദൈന്യമാർന്നു 'ഹതനായി ഞാനിതേ'-
ന്നുരചെയ്തു, പിന്നെയുമടച്ചു ദൃക്കുകൾ.

൧൯

മൃതജീവനാണു നൃപനെന്നു കാണുകയാൽ
ദ്രുതമല്പമാകലിതഹൃൽപ്രസാദനായ്
ചിതമാത്മവേദനയടക്കി രാഘവൻ
ഹിതമോടു ഭൂപതിയെ വീശി വീണ്ടുമേ.

൨൦

അതിവൃദ്ധനാകിയ സുമന്ത്രർ മന്ത്രി സ-
ന്മതി മുൻപു തെല്ലുമിയലാത്തമാതിരി
സ്ഥിതിയിലെഴുമിങ്ങനെ നൃപനെ കണ്ടു ഹൃൽ-
ക്ഷതി പൂണ്ടു രാജ്ഞിയൊടുരച്ചു സാദരം:

൨൧

ച്യുതമേനിതൻധൃതിയകന്ന ദൈന്യമെൻ-
തിരുമേനിയിങ്ങനെ വഹിച്ചു കാണുവാൻ
പുതമേ നികാമമഘശക്തി ഹേതുവായ്-
വതമേ നിനച്ചിടുകിൽ മുൻപുപാർജ്ജിതം.

൨൨

കനകാസനത്തിലരനാഴികയ്ക്കു മുൻ-
പനഘാഭിരാമരുചി വാണ മന്നവൻ
ഘനദോഷ്പ്രതാപനിധിയുഗ്രദുർമ്മദദ്വിഷ-
ദ്ദഹനനവനിങ്ങനെ ചമഞ്ഞതത്ഭുതം.

൨൩

അസുരാവലീനിശിതബാണപാളിയെ-
ക്കുസുമാളിപോലെ ലഘു പൂണ്ട നെഞ്ചിനെ
വ്യസുവാക്കുമാറു പിടിപെട്ടടസ്ഥമീ-
യസുഖം നിനച്ചിടുകിലേതഹേതുകം.

൨൪

പതിനാറു തന്നുടെ പരാക്രമത്തിനെ-
പ്പതിനാലു നാടുകളിലും പരത്തുവോൻ
ക്ഷിതിഭൃത്തിവ്വണ്ണമഴൽ കൊൾവു; ഭാവിതൻ-
ഗതിയേതു വാതല്യ തടുത്തുനിർത്തിടും.

൨൫

സ്മരോത്സവാസരവസന്തവേലയിൽ
കരളും കളത്തു നിവസിച്ചിരുന്ന നാം,
നിരയപ്രദപ്രളയബാഷ്പവൃഷ്ടി നിർ–
ഭരമാന്ന ദുർദ്ദിനമുഖത്തിലാണ്ടുപോയ്.

൨൬

ഹൃതവൈരിവർഗ്ഗതിമിരപ്രചാരനായ്
സതതം വിളങ്ങിയൊരുരാജവർത്മനിൽ
ഗതനാകമീഗ്രഹണമേതു രാഹുവാൽ
കൃതമെന്നു ശീഘ്രമറിവാൻ കൊതിപ്പു ഞാൻ.”

൨൭

നിനയാതെ തന്നരികി വന്നയന്ന ദുർ–
ഘനമായ രാജ്ഞിയൊടു മന്ത്രിസത്തമൻ,
വിനയാവനമ്രതനു വീതധീരതാ–
സ്പൃഹനമേചകാസ്യലവനേവമോതിനാൻ.

൨൮

കൃതശീതവീവരതരോപചാരവും,
സുതഗാത്രസ്പർശസുഖോപലബ്ധിയും,
ശിതശോകമോഹവിഹതൻ മഹീശനെ–
ദ്ധൃതബോധലേശവശനാക്കി മെല്ലവേ.

൨൯

ചിരമേതവക്ഷമകതാരെരിപ്പതാ–
മൊരുമഗ്രദൈന്യമതിന്നല്ല കാരണം
ഗിരമേവമോതുവതിനോർത്തു രാജ്ഞി ദു–
സ്സഹമേതി മന്ത്രിയൊടു യന്ത്രിതാശയം.

൩൦

ഒരു തുച്ഛകാര്യമിഹ സംഭവിച്ചതെ–
ല്ലുരുളാമഗൌരവമതേറെയെങ്കിലും;
പെരുതായ ദുഃഖമവനീശനീവിധം
വരുവാൻ തദന്യവഴി കാണ്മതില്ല ഞാൻ.

൰൧

അമരാസുരാഹവമതിന്നു മുൻപു പോയ്
സമരം നടത്തിയ ദിനത്തിലേകദാ,
മമ വാക്കു തന്നു വരയുഗ്മമെൻമഹാ-
ശ്രമശക്തികൊണ്ടു ധൃതജീവിതൻ നൃപൻ.

൰൨

അതു ശീഘ്രമിപ്പൊഴുതെനിക്കു നൽകവാ-
നതുലാഗ്രഹാൽ പരമപേക്ഷചെയ്തു ഞാൻ
കുതുകേന രാമവനവാസമൊന്നു, മ-
ച്ചതുരൻ സുതന്നിതരമൂഴി വാഴ്ചയും.

൰൩

ഭരതൻ ജഗത്തിതു ഭരിപ്പതിന്നു നിർ-
ഭരശക്തിശാലി ശകലീകൃതാഹിതൻ;
സരസാടവിപ്രിയനതീവ രാമനി-
ന്നരമോക്കിലെന്തിഹ തദീയസദ്ഗതി?

൰൪

ഉടനിന്നുതന്നെയിവനെപ്പുറത്തു കാൽ-
നടയായ് വനത്തിനു വിടട്ടെ മന്നവൻ,
ഇടയില്ല നില്പതിനു, മത്സുതന്നു പാ-
രിടമേകിടട്ടെ മടിയാതെ തെല്ലുമേ.

൰൫

ഉലകിന്നു രാമനിഹ വാഴ്കകൊള്ളുകിൽ
ഫലമുഗ്രശോകവിവശത്വമൊന്നുതാൻ
പല സത്വപാങ്ക്തി നിറയും വനാവലി-
സ്ഥലമാണിവന്നുചിതവാസമന്ദിരം.

൰൬

ധൃതപക്ഷഭേദമതി രാമനീ മഹീ-
ശതയെക്കൊടുക്കവതിനൊത്തിടായ്കയാൽ
ഹതഹർഷനായി നരപാലനെന്നു മ-
ന്നതമിത്രമാത്രമുളവായി സദ്ഗതി.

൩൭

സമമായ് തനൂജരെ നിനയ്ക്കിലീ മഹീ-
രമണൻ, മമാത്മജനിലൂഴിചേർപ്പതിൽ
കിമകാണ്ഡശോകവശനായിട്ടന്നിത-
ക്രമമാം മമതാപമഴലാക്കുമേകിടും.

൩൮

മനുവിൻകുലത്തിലുളവായ മാന്യനാം-
മനുജാധിനാഥനിവനെന്നിരിയ്ക്കിലോ
തനുജന്നു തോലുടകൊടുത്തു പോയ്‌വരാ-
നനുവാദമേകുവതിനെന്തു താമസം?

൩൯

മുനിമാർ ജപിച്ചു കലശോദകത്തിനാ-
ലണിതാമനെന്റെ തനയന്റെ മൗലിയിൽ
അനിയന്ത്രിതാത്മവിഭവേന വീക്ഷിടാ-
നിനിയെന്തു മന്നനുളളാതിരിപ്പതും.

൪൦

കരുതീടുകിൽ ധര തിരിപ്പതല്ലയോ
പെരുതായ ശോകനികരൈകകാരണം?
പുരലോകരാണധമിതു രാമമൌലിതാ-
ങ്ങരുതെന്നുരച്ചതു പിഴപ്പതെങ്ങിനേ?

൪൧

ജലനാളി പൊട്ടിയൊഴുകിത്തുടങ്ങിയോ
ജലരാശി കേറി മഹിയെ ഗ്രസിച്ചുവോ
നിലവിട്ടിതിൻവിധമുദഗ്രമാകമാ-
കുലഭാവമെന്തിനു വഹിപ്പു മന്നവൻ?

൪൨

നരനാഥമന്ത്രി നയവാർദ്ധിതൻപൊതു-
കരകണ്ട കോവിദവരൻ ഭവാൻ ധ്രുവം;
വരയുഗകത്തിലിതിലെന്തനീതി നിർ-
ണ്ണയമെന്നുരച്ചു തരികിൽ കൃതാർത്ഥ ഞാൻ."

൪൩

തിരിയും മനസ്സിനലിവെന്നിയേ മഹീ-
ശപരി വാക്കിതിൻവിധമുരച്ചു, നില്ക്കവേ,
ശരി! വന്നിടേണമിഹ വന്നവെന്നതാ-
നറിവുററ ദിവ്യമുനിയോതു ഹൃത്തതിൽ.

൪൪

മലപോൽ മനസ്സിന കലുക്കമററതാം-
നില പൂകമസ്സുമതി മന്ത്രിസത്തമൻ
ഖല രാജ്ഞിതൻറ മൊഴി കേട്ടു കണ്ണതിൽ-
ത്തലയും കൊടുത്തു നിവസിച്ചു നിശ്ചലം.

൪൫

അതിരററ ശോകമുയരും മഹീശനാ-
മതിയിൽ കരച്ചൊരു തെളിച്ചമേകയാൽ
ക്ഷിതിയിങ്കലപ്പൊഴുതേററിരുന്നു ദു-
സ്ഥിതി പൂണ്ട രാജ്ഞിയൊടുരച്ചു ദുഃഖനായ്.

൪൬

കേട്ടിലേ! കഥത്തെ പല ദോഷപങ്ക്തിതൻ-
കൂട്ടിലേ! തവാദിലക്ഷിതമൊത്ത നൽകുവാൻ
മടി ലേശമില്ലി,വനരണ്യവാസമേ-
കിട്ടിടില്ലെന്നുവോ ഭുവനത്തിനുത്സവം?

൪൭

വനഭൂവിലേക്കുടനയോദ്ധ്യയിങ്കലെ-
ജ്ജനമാകെ രാമനൊടുമൊത്തു തോന്നമായ്
അനപായമിന്ന ഗതിചെയ്‌വു, നിശ്ശൂരാരാം
തനയൻറ വാഴ്ചയിൽ രസിച്ചിരിക്കു മേൽ.

൪൮

സുതരാമവഞ്ചനവശേന നിർഭരം
ഹതരാമണീയകമതാമയോദ്ധ്യയിൽ
സുതരാമലംതൊടു വസിപ്പതിൽ ഞണാ-
നിതരാമവർ സുഖമേല്ക്കയില്ല മേൽ.

൪൯

ഇത യാത്രയായി വിപിനത്തിലേയ്ക്കു മൽ-
സുതനൊത്തു ഞാൻ,മുടനെൻപ്രജാളിയും
ഹിതമോടു പോരുവതിനേകിടുന്ന സ-
മ്മത,മാൎത്തി വേണ്ട തവ മേലിലല്പവും.

൫൦

അരമാത്രകൊണ്ടിനിയയോദ്ധ്യ വൻതമോ-
നിരുദ്ധമാകിന ഹതപ്രദേശമാം
ഭരതന്നു തപ്തജനബാഷ്പധാരകൊ-
ണ്ടരമേക നീയിഹ തദാധിപത്യവും.

൫൧

തവ നിത്യനിശ്വസിതവായുവേല്ക്കയാ-
ലവരിഷ്ടമാകമിവിടം ത്യജിക്കിലോ
ജവമേതുകാനനതലത്തിലാകിലും
നവനാകഭാഗ്യവശർ ഞങ്ങളൊക്കയും.

൫൨

വയസാധികൾക്കു വനഭൂനിവാസമ-
ന്നയസാരവേദികൾ വിധിച്ചതല്ലയോ
പ്രിയസാത്വികവ്രതനെനിയ്ക്കുതിങ്കലും-
മയസാൎത്ഥ്യമില്ല കൃതകൃത്യനിന്നു ഞാൻ.”

൫൩

പലതീവിധത്തിലതിശോകവാൎദ്ധിത-
ന്നല തീരവാങ്ങുമകമാൎന്ന മന്നനായ്
നില തീരുമാനമിങ്ങുകംവിധം മഹീ-
തലതിഗ്മഭാനവരോടു ചൊല്ലിനാൻ,

൫൪

വനവാസമത്തനി വിധിയ്ക്കിലും പൊരു-
ങ്ങനയം കരുത്ത ജനനീവചസ്സതിൽ
കനമോടു വ്യഗ്രമതിയായ് തദാ പരം
വിനയേന രാഘവനരച്ചു സാദരം.

൩൫

സുതർ നാലുപേരു ജനകനിരിയ്ക്കിലും
കൃതകൃത്യനിന്നധികഭാഗ്യശാലി ഞാൻ
ചിതമല്ല കാനനമണഞ്ഞു പാർക്കുവാൻ
ഹിതമെന്നെന്നെയല്ലയൊ വരിച്ചു തപോവരം.

൩൬

വ്രതരക്ഷണത്തിനുതകുന്നമൂലമായ്
സുതനായിതിന്നുമുതലുള്ളനീയിവൻ
ഹതനാരകസ്ഥലവുമിന്നിമേൽ ബുധാ-
ർച്ചിതനാകലോകകമനീയമായി മേ.

൩൭

ജനകൻ ഹിതത്തിനൊടു തന്നതല്ലയോ
സപനാഖ്യത്തസാധനസമൃദ്ധിയുടൽ
സപനയാലതാൽ പിതൃഹിതം ചരിയ്ക്കിലോ
തനയർക്കു മേന്മ ദൃഢമെന്നതില്ലരം?

൩൮

ഗുരുവശ്യർ പൂർവ്വഭവർ തല്പഭാഗ്യണാ-
ല്പരശുദ്ധി ചേർത്ത വനഭൂപദങ്ങളിൽ
ഒരു രാഘവാന്വയജനായ ഞാൻ ഭയം-
കരുതീടുമെന്നതു നിനപ്പതെങ്ങിനേ?

൩൯

ഉരഗാധിപപ്രതിമചണ്ഡബാഹുവായ്,
സുരഗായകപ്രകരഗീതകീർത്തിയായ്,
നഗാധിപസ്ഥിരതരാത്മചിത്തനായ്,
പരഗാത്രനിർദ്ദഹനവീതിഹോത്രനായ്,

൪൦

വിലസിച്ചിടുന്ന സഹജൻ മഹാൻ മഹീ-
തലരക്ഷണത്തിന സമർത്ഥനല്ലയോ
പലർ മുക്തരുത്തമർ വസിച്ചിടും വന-
സ്ഥലമെത്ര സാത്വികനഹൃദ്യവാസമാം.

൩൧

അതിശിഷ്ടകാൎയ്യമിതിനേ നിനച്ചു സ-
മ്മതിയച്ഛനെന്നിന തപിച്ചു നിൎഭരം
പതിവായ് സ്വതാതപദമയാനവൎത്തനാം
ക്ഷിതിയേശു പുത്രനലകിൽ കൊതിച്ചിടാ?

൩൨

ഘനഭൂതരാക്ഷസപിശാചപൂൎണ്ണമായ്,
ജനഭൂരിഭാഗപരിമുക്തമെങ്കിലും,
വനഭൂമിയിൽ പിതുരനുഗ്രഹാൽ മന-
സ്സിനഭൂതപൂൎവ്വകതുകം വളൎന്നിടും.

൩൩

തനമാത്രരക്ഷ സുകരം നമുക്കു ചേൎ-
ത്തനജന ലോകരമേകി ദുഃഖം;
നരനാഥതാപമംബ നിതാപിയ്ക്കിലിന്നു നീ-
യനുകൂലയെന്നിലധികം വിശേഷമായ്.

൩൪

ഒരുപക്ഷമാത്രമടിയത്തിനിന്ന ഉ-
ച്ചരണം വണങ്ങിയറിയിച്ചിടേണ്ടതായ്,
നരനാഥപാദപരിചൎയ്യയിൽ സദാ
കരംവച്ചിടേണമധികാരമെന്നതോടേ.

൩൫

അടിയന്നു താതനുടെ പാദസേവനം
വെടിയുന്നതിന്ന മടിയേറെയെങ്കിലും
അടിയേ മറിച്ചു പിതൃസത്യനിഷ്ഠയെ-
പ്പൊടിയാക്കിടും കഥ നിനയ്ക്കുവാൻ പണി.

൩൬

ഇത കാപ്പുകെട്ടിയതൊട്ടുതള്ളി ഞാൻ,
ധൃതമുഖ്യജാലനരവിഭൂഷണങ്ങളല്പവും,
ഹിതമോടെനിയ്ക്കു പുതുതോലു തന്ന നീ
കൃതകൃത്യനാക്കുക പിതാവിനെ ക്ഷണം.”

൧൭

കദനം മനസ്സിനെ മയക്കിയില്ല, ഗൽ-
ഗദവൃത്തി വാക്കിനെയിളക്കിയില്ല താൻ,
വദനം വിവർണ്ണത വഹിച്ചുമില്ല, നി-
ർമ്മദമേവമോതി നിവസിച്ചു രാഘവൻ.

൧൮

ചിരമായെരിഞ്ഞൊരുക്കിലുമൊതുങ്ങിടാത്ത നി-
ർഭരസങ്കടജ്വലനകീലമാലയെ
തരളസ്വചകണ്ഠനതിവൃദ്ധമന്ത്രിയി-
ന്നരമുപശമിച്ചു നിജവാക്ചയസ്സുധാൽ:

൧൯

ഗുണശാലി ഭൂമി ഭരതൻ ഭരിപ്പതിൽ
പ്രിയർ തന്നെ ഞങ്ങളഖിലം മഹീശ്വര!
സ്വയമിന്നു രാമനുടെ പിന്തുകാൽ വനോ-
ച്ചയകണ്ടകങ്ങളിലണപ്പതെന്തിനാം.

൨൦

ജ്വലദുഗ്രതാപനിധി നിൻസ്വതന്ത്ര തൻ-
തലയിൽ കിരീടമതുറച്ചിരിക്കുവാൻ
നലമോടു രാമവനവാസവൃത്തിയാൽ
ബലമിന്നു നൂതനമുളപ്പതെങ്ങിനെ?

൨൧

ഭരതോന്നതിക്കു സ്വപദം ത്യജിക്കുമി-
ന്നനഘിഷ്ടമുള്ള ഗുണശാലി രാമനെ
പരപാരതന്ത്ര്യവശനാക്കി നീക്കിടാൻ
കരളിലെങ്ങിനെ നിനച്ചുറച്ചു നീ?

൨൨

അനലങ്കൽ വീഴുവതിനും മടിക്കുമി-
ല്ലനപായഭക്തിയിതുമട്ടു രാമനിൽ
സ്വനയാലുയർന്ന ഭരതന്റെ കഷ്ടമെ-
ങ്ങിനെ നീ വഹിപ്പു ജനയിത്രി തൻപദം?

൬൨

പ്രിയമാന്റെ രാമനു കൊടുത്തിടാതെ താൻ
നിയതം സ്തനം സ്വസുതനേകുകില്ല നീ
സ്വയമാമനഃസ്ഥിതിയെയിന്നു വിട്ടു ദുർ-
നയമേവമേല്പതിനെന്തു കാരണം?

൬൩

ശരമുള്ളിലുള്ളതു മറച്ചു താൻ സുധാ-
ധരരസത്തൊഴുകി ബഹുനാളിവങ്കൽ നീ
ധരയിങ്കലൊക്കിലതികൃത്രിമം വധൂ-
നിരതന്റെ ഹൃൽസ്ഥിതി ദുരൂഹമേവനം.

൬൪

മതിതാപമേറ വിപിനത്തിലേക്കിവൻ
ഗതി ചെയ്കിടുന്നതിഹ കാണ്മതെങ്ങിനേ?
മതിയാലുപേക്ഷിതനതീവ പാപി ഞാ-
നതിദീർഘമായുരഘഹേതുവേവനം.”

൬൫

ഇടറുന്ന കണ്ഠമധികാമയത്തിനാൽ
പിടയുന്ന ഹൃത്തിവ കലർന്നിതിൻവിധം,
ഇടയുന്ന രാജ്ഞിയൊടുരച്ചു തത്ര തെ-
ല്ലിട വിശ്രമിച്ചിതു സുമന്ത്രനുത്തമൻ.

൬൬

പല തത്വപാരമറിയുന്ന മന്ത്രിതൻ-
വിലയുള്ള വാക്ക വിവിധം ശ്രവിക്കിലും
തിലമാത്രമെങ്കിലുമിളാധിപസ്ത്രീ മു-
ന്നിലയിങ്കൽ നിന്നുമിളകാതെ മേവിനാൾ.

൬൭

ഹൃദി മന്ഥരാഖ്യഭുജഗാംഗനാമമാം-
മദിരാരസത്തെ നിറയെക്കുടിച്ചവൾ;
തദിളേന്ദ്രപത്നിയരുണാസ്യമാർന്നു ദുർ-
ഗദിതം പൊഴിച്ചു നിജബോധമെന്നിയേ.

—ഫമ൭—

ദൻ

ധപരിരക്ഷണത്തിന കൊട്ടത്തൊരാധനം
തിരിയെ നൃപക്ഷ തരുവാൻ കഥിയ്ക്കവേ
പരിതാപമേററവൃഴിയന്നിടുന്നതോ
ശരി! യോഗ്യനങ്ങ നൃപനൊത്ത മന്ത്രി താൻ.

വ്യം

വിവരം കുറച്ചു തടവും ഭവാൻ വൃഥാ
പ്രവചിപ്പതെന്തിന കയുക്തിയീവിധം
നൃവരാസ്യനിർഗ്ഗളിതവാതധൂതയാം-
നവബാലവല്ലികയതല്ല മന്മതി.

വ്യക

മടിയില്ല രാമന വനത്തിലിന്ന കാ-
ലടി വയ്പതിന്ന ദൃഢമെങ്കിലും നൃപൻ
പിടി വിട്ടുവെന്ന നിലയിൽ പ്രകാമമി-
പ്പടി സന്തപിയ്ക്കുവതിലർത്ഥമെന്തുവാൻ?

വ്യവ

കനകാസനത്തിൽ നിവസിച്ചു വീരനെൻ-
തനയൻ ജയിയ്ക്കുവതു കണ്ടിടുന്നതിൽ
മനതാർ ചുടും ജനത രാഘവന്റെയീ-
വനയാത്രയിങ്കലധികം വിരോധമാം.

വ്യമ

ഭരതൻ നൃപാലന തന്തുജനല്ലയോ
ധരണിയ്ക്കു നാഥനവകാശിയല്ലയോ
പുരടം കിരീടമവനാവഹിപ്പതിൽ
കുറവെന്തു രാമനൊരു മേന്മയും നവം?

വ്യർ

കലഹിച്ചു നമ്മൾ പലതോതിടുന്നതിൽ
ഫലമെന്തു രാമനെ വനത്തിലേയ്ക്കുടൻ
ചലവമേതുമെന്നിയെ വിടാഴ്കിലിപ്പൊഴും ഞാൻ
ജ്വലനങ്കൽ വീണു തനു ചാമ്പലാക്കിടും.

൰൬

തന്നതാമസത്യജയലക്ഷ്മിതൻഘനാ-
സ്തനഭൂവിലെന്റെ തനയാവലാൽ നൃപൻ
ഘനസാരകാന്തി വിളയിച്ചതീവ ദുർ-
ജ്ജനഗീതകീർത്തിയൊടുകൂടി വാഴ്‌ക മേൽ."

൰൭

അതിനിഷ്ഠുരോക്തിയിതുമട്ടുരച്ചു തൽ-
ക്ഷിതിനാഥപത്നി നിവസിയ്ക്കവേ തദാ
മതിയിങ്കലാനൃപവരമന്ത്രിസത്തമഃ-
സ്ഥിതിയെക്കുറിച്ചധികമേന്തി വിസ്മയം.

൰൮

ഗുരുവാം വസിഷ്ഠമുനി ചൊല്ലി "സന്തപി-
യ്ക്കരുതിന്നു രാമനെ വെടിഞ്ഞിടുന്നതിൽ
നിരുപദ്രവസ്ഥിതി ഭവിച്ചു മേൽ ശുഭം
വരുമീവരങ്ങൾ വിധിനിശ്ചിതങ്ങൾ താൻ."

൰൯

സകലഗുരു വിശിഷ്ടൻ ശ്രീവസിഷ്ഠൻ കഥിയ്ക്കെ
പ്രകുപിതതരഭാവം മാററി മന്ദം മഹീന്ദ്രൻ
അകലലമണയാതെ പോയ്‌വരാനാതുരന്നായ്‌
പകുതിയൊരനവാദം നൽകിയവ്യഗ്രവാക്കാൽ.

൨൰

ധർമ്മം മനമറ കാഴ്ചവെച്ചുള്ള ഹിത-
മോതാതമ്മ കൈകേയി പോയ്‌
നിർമ്മര്യാദമൊട്ടുതുടങ്ങുവതിനായ്‌
പാരുഷ്യമോടേകവേ
കർമ്മത്തിൻഗതിയെന്നു രാഘവനാടൻ
മാനിച്ചു മാതാവിനെ-
ധർമ്മജ്ഞൻ വിനയേന വാങ്ങി വദന-
ശ്രീ തെല്ലു വാടാതെ താൻ.

൯൦

ഹാ! രാമാ! രമണീയവിഗ്രഹ! രമേ-
ശാരാമാഗ മരചാംബരമാ-
മാരാമത്തെയലങ്കരിച്ചു വിലസും
ശ്രീപാരിജാതാഗ്ര്യമേ!
നീറാക്കിപ്പുരമെന്നെയിന്നിവിടെ നീ-
പോകുന്നു ഞാനും ഹിതാൽ-
പോരാ'മെന്നു നൃപൻ കിടന്നു വില-
പിച്ചോരോന്നുരച്ചീടിനാൻ.

൯൧

തൻകണ്ണിൽ തലയും കൊടുത്തു മൃതനെ-
ന്നപ്പോൾ നിശ്ചലതാപരത്താടാ-
തങ്കം വാർച്ചൊഴുകീടുമശ്രുനിരയാൽ
ഗാത്രം നനച്ചങ്ങിനെ
തങ്കൽ ജീവിതദൈർഘ്യമേകിയ വിധാ-
താവെപ്പഴിച്ചുനില-
ത്തിങ്കൽത്തന്നെയിരുന്നു തന്നെയുമറി-
ഞ്ഞിടാതെ മന്ത്രീശ്വരൻ.

൯൨

'കാലൻകൂടെ മറന്ന പാപി ഹത ഞാൻ
ചാകാതിരിക്കുന്നു ഹാ!
മേലെന്താകുമെനിക്കു കാണണമല-
ഞ്ഞീമട്ടു വിഭ്രാന്തയായ്
കോലത്താൽ കരളിന്റെ വക്രതയതിൻ-
വ്യാഖ്യാനമോതുന്ന ദു-
ശ്ശീലത്തിൻനിധി വൃദ്ധ മന്ഥരയൊരോ-
ന്നപ്പുത്തിലോതീടിനാൾ.

൯൩.

ജനനിബിഡിതമാകും മാർഗ്ഗമദ്ധ്യത്തിലൂടേ
ജനകജ നിവസിയ്ക്കും ഗേഹമദ്ധ്യത്തിലേയ്ക്കായ്
വനസമുചിതവേഷം പൂണ്ടു താൻ രാമചന്ദ്രൻ
ഘനഭുജവിജയശ്രീലാളിതൻ യാത്രയായാൻ.

ശ്രീമദാഢ്യാഢ്യപുരസ്ഥമാകിന വട-
ക്കുംകൂർകലത്തിൽ ഭൂത-
ക്ഷേമം വാച്ചു ജനിച്ചു ഭൂപനൊരുവൻ
തദ്രാജരാജാഹ്വയൻ,
രാമൻ തൻകഥയായ വീരവിജയം-
കാവ്യത്തിനെക്കൈരളീ-
പ്രേമത്തോടു രചിപ്പതിൽപ്പരിണതം
സർഗ്ഗം ദ്വാദശമിദം.

ദ്വാദശംസർഗ്ഗം സമാപ്തം.

ഒൻപതാം സർഗ്ഗം.

൧

കാറിന്റെ കാഴ്ച കലരാത്ത നഭസ്സിൽ നിന്നു-
നേരിട്ടു വീണ കടുവാളിടിവാൾ കണക്കെ
പാരിച്ച രാമവനവാസകഥാപ്രസംഗം
പാരിൽ ചരാചരകുലത്തിനെരിച്ചിലേകി.

൨

രാമൻ വനം ഭരതനവ്വര രാജ്ഞി കാട്ടു-
മീമട്ടു കാര്യമറിയാതൊരു ബന്ധമെന്യേ
ക്ഷാമക്ഷമം പലതുമാതിരി ഹേതാത്തബോധ-
യാമവ്വിധം ജനതയെങ്ങുമുഴന്നിതന്നാൾ.

൩

അന്തഃപുരോരഗമുഖാൽ പരമപ്പുരത്തിൽ
വാന്തം വരദ്വയമയം നവകാളകൂടം
സന്തപ്തലോകകൃതനിശ്വസിതോഗ്രവായു-
തൻതള്ളലാൽ സപദി നാടഖിലം പരന്നു.

൪

ഭൂകമ്പമുഗ്രമവിചാരിതമല്ലിലെങ്ങും-
ലോകർക്കു വായ്ക്കുമതുസങ്കടസംഭ്രമങ്ങൾ
ആകപ്പുരത്തിലതുനാളിലുയർന്നു, രാമൻ
പോകുന്നുവെന്ന കഥ കേട്ടു ഞൊടിയ്ക്കുതന്നെ.

൫

വാനിങ്കൽനിന്നു നരകക്കുഴിയിങ്കൽ വീണാ-
ഗ്ലാനിയ്ക്കുതീവ്ര വശരായ ജനങ്ങളാകെ
ധീ നിന്നിടാതെ നിജബോധമിയന്നിടാതെ
ഹാ! നിസ്തുലാർത്തിയൊടുഴന്നു കുഴങ്ങിയന്നാൾ.

൬

മന്നന്റെ പൌരുഷവിഹീനതയെക്കുറിച്ചു
ഖിന്നത്വമേറിയവിടെച്ചിലർ നിന്ദ ചെയ്താർ,
അന്യന്യർ കേകയനരേന്ദ്രജയെശ്ശപിച്ചാ-
രെ,ന്നല്ല തത്ഭരതനിൽ ചിലർ വൈരമാർന്നാർ.

൭

തന്നാകത്തൻ പ്രചലനത്തിനധീനരായി
നിന്നാളുമാളുകൾ പലേവിധമോതിയന്നാം
ഇന്നായിരം ഘടമുഖങ്ങളുടച്ചുകെട്ടാ-
മെന്നാലെവൻ ജനമുഖത്തിനു മുദ്രവെയ്ക്കും?

൮

ധർമ്മോസ്സാരഭരിതമഹാമനജൈത്രഘനാക-
മീസ്സാവ്വുമൈത്രമനൊത്തപൈങ്കൊഴി കേട്ടിവണ്ണം
നിസ്സാരനെന്നവിധമാത്മജനെ ത്യജിയ്ക്കാ-
നത്സാഹമേററിടുവതോർക്കിലെത്ര കഷ്ടം!

൯

ഭൂനാഥനെച്ചെറുതുമാദരിയാതെ കേറി-
ത്താനാഢ്യയെന്നഹഹ കേകയപുത്രി വാഴ്‌വൂ;
സ്ത്രീനായകത്വമിതുമാതിരി മൂത്തുപോയാ-
ലീനാട്ടിൽ വാസമിനിമേൽ ചിതമല്ലൊരാൾക്കും.

൰

അന്തഃപുരത്തിൽ മരുവേണ്ടവർ ലോകകാര്യ-
ചിന്തയ്ക്കൊരുങ്ങിയതിലിത്തരമാചരിയ്ക്കിൽ
എന്തക്രമം ഭുവി ഭവിയ്ക്കുകയില്ല മേലിൽ,
പെൺതന്ത്രമിത്ര വളരാൻ കലിയല്ല കാലം.

൰൧

അല്പിഷ്ഠനല്പതിതനാം ഭരതൻ മനസ്സിൽ
കല്പിച്ചു ചെയ്യുമൊരു ചതിപ്പണിയാണിതെല്ലാം
ഏല്പിച്ചു കാര്യമഖിലം തനതമ്മയെക്കൊ-
ണ്ടൊപ്പിച്ചു മാറിയറിയാത്തവിധം വസിപ്പൂ.

൰൨

ധീ കേടിനാൽ കുടിലനായതിമൂർഖയായ-
കൈകേയിതൻതനയനാം ഭരതൻ തരത്തിൽ
കൈകേറി മേലിലിള കാക്കകിൽ വല്ലിടത്തും
പോകേണ്ടതിന്നു വഴി നോക്കുക നോക്കു യുക്തം.’’

൧൩

ഓരോന്നു തോന്നിയതുപോലിതുമട്ടരച്ചും,
വൈരോദ്ഗമം നൃപനിൽ നിർഭരമങ്കുരിച്ചും,
വേരോടുകൂടിയിളകും കരളാർന്നു കണ്ണു-
നീരോലുമാറു പഥി വന്നു നിറഞ്ഞു പൌരർ.

൧൪

ഇഷ്ടവ്യഥയ്ക്കു വശയായഭിഷേകകാര്യ-
ങ്ങളും ഭജിച്ചിടവെയപ്പൊഴുതാം പുരശ്രീ
അഗ്ര്യപ്രഗത്ഭത കറന്നു ദുരന്തനാശ-
ള്ളപ്രവേശനവിപത്തിനധീനയായാൾ.

൧൫

ഉച്ചണ്ഡമാന്ദ്യമുളവാക്കിന ക്രൂരശങ്ക-
ത്തുച്ചയ്ക്കു മപ്പുരിയിലുച്ചകമായ്പ്പരന്നു;
അച്ചക്രവാളമൊരു തപ്തസമീരണന്റെ
പൊച്ചംക്രമാലഥ മലീമസമായ്ഭവിച്ചു.

൧൬

ഗാനത്തിനാൽ കുളിർമ നല്കിന ശാലഹാരാ-
സ്ഥാനം ചമച്ച ദയനീയതയെപ്പുലർത്തി,
സ്ത്രീനർത്തനാലധിഗതാരവമായ സൌധ-
സ്ഥാനം ശ്മശാനതലരൂക്ഷതയന്നു പൂകി.

൧൭

പീതാഭകൊണ്ടു ഗഗനത്തിലകാലസന്ധ്യാ-
പൂതാവതാരദശ ചേർന്ന പതാകയെങ്ങും
പാതാന്തമാണലകിലുള്ളുറയെന്ന തത്ത്വം
ജാതാഘമാം നിജമധഃസ്ഥിതികൊണ്ടു കാട്ടി.

൧൮

ന്യാമിത്രവിസ്മയവിഷാദഭരം വളർത്തി-
ബ്ഭ്രമിച്ചുമിളക്കമുളവാക്കിടുമീയുദന്തം
സ്വാമിത്രവംശവനപാവകനായ് ജ്വലിച്ചും-
സൌമിത്രിതൻ ചെവി തടപ്പകമേ കടന്നു.

൧൯

എന്താകിലും കരളുറപ്പു വിടാത്ത ധീര-
സ്വാന്താഗ്ര്യനാകുമവനീക്കടുവാതനയാലേ
കുന്താഗ്രപാതജരുജയാൽ ഗതികെട്ട കാട്ടു-
ദന്താവളേന്ദ്രനുടെ മട്ടു മലച്ചിതല്പം.

൨൦

മല്ലാട്ടു ചാടിയെഴുനീററു മുഴുത്തകോപാൽ
കല്പാന്തരുദ്രനു കളിക്കൂട്ടുതോഴനായി,
മുപ്പാർ മുടിപ്പതിനു മുപ്പർ മുതിർന്നിടുംപോൽ
കോപ്പാർന്നു ലക്ഷ്മണനരക്ഷണമങ്ങു നിന്നാൻ.

൨൧

ഏല്ക്കുണ്ടധിജ്വലിതകോപഹുതാശനങ്ക-
ലേല്ക്കും പ്രഭാവലി പുറത്തു പരന്നപോലെ
ദൃക്കാറു ശോണരുചിയായരികൾക്കൊരാൾക്കും
നില്ക്കുന്നതിന്നു കഴിയാത്തവിധം ജ്വലിച്ചു.

൨൨

നില്ക്കാതെയായുധമുറിക്കുകമേ കരന്നു
വില്ലാണ്ടെടുത്തു വലിച്ചു വളച്ചു വീരൻ
പുല്ലാണെനിക്കറിതനോവനമെന്ന നോക്കാൽ
ചൊല്ലാതെ ചൊല്ലിയവിടം വിടുവാൻ മുതിർന്നാൻ.

൨൩

ലോപം പെടാതൊരതിശക്രപരാക്രമത്തെ-
ച്ചാപം വലിച്ചുദിതമാം ധ്വനിയാൽ പുകഴ്ത്തി
കോപത്തിനാലുമതിഭീകരനായ്, രണാവ-
ലേപത്തിനാൽ വെളിവകന്നവനുജ്ജ്വലിച്ചാൻ.

൨൪

ചേതോവിവേകബലമുണ്ടു് ബലമെത്രകന്നു,
ജാതോജ്ജ്വലദ്ദർപ്പമയമാം മദധാര തൂകി,
ഖ്യാതോ മതിഭ്രമമുയർന്നവിധത്തിലാർത്തം-
ഭീതോന്മദാരിയ ലക്ഷ്മണദന്തി പാഞ്ഞാൻ.

—ഫര്മ—

൩൫

ഭൂയിഷ്ഠരൂക്ഷത പെറും മുഖകാന്തികൊണ്ടും,
ജ്യായികൽനിന്നുയരുമാരവമാരികൊണ്ടും,
ഭീയിൽ പതിച്ചു ജനപങ്ക്തിയകന്നൊതുങ്ങി–
പ്പോയിക്കൊടുത്ത വഴിയേ ഗതിചെയ്തു വീരൻ.

൩൬

അററക്കരാക്ഷമയഴിഞ്ഞു പടന്നു തോളിൽ
പററക്കിടന്ന മുടിപോലുമൊതുക്കിടാതെ,
ചിററമ്മ കൈകയജ മേവിന മാളികയ്ക്കു–
മുററത്തു ചെന്നു നിലകൊണ്ടിതു ധീരധീരൻ.

൩൭

പൂതൻ വസിഷ്ഠമുനിയെ വകവച്ചതില്ല,
താതന്റെ കാല്പ്പൊടി മുടിയ്ക്കു വഹിച്ചതില്ല,
പ്രീതൻ രഘൂദ്വഹനെ നോക്കിയതില്ല, കോപ–
ഭൂതഗ്രഹാൽ ഗളിതചേതനനാക്കുമാരൻ.

൩൮

ആലംബിതം അചിരചാപമിയന്നു ഘോര–
ജാലസപക്ഷ്മജലധാരയുടച്ചിണങ്ങി
ആ ലക്ഷ്മണപ്രളയകാലഘനാഘനം മു–
ഷ്ക്കാലന്നു വാങ്മയമഹാസ്തനിതം മുഴക്കി.

൩൯

രാമന്റെ ചാപഗുരു ഗാധിതനൂജനെങ്കി–
ലീ മല്ക്കരം നിശിതശസ്ത്രസനാഥമെങ്കിൽ
രാമൻ വനത്തിനു ഗമിയ്ക്കുകയെന്ന കാര്യം
വ്യോമപ്രസൂനസമമെന്നതു തീർച്ചതന്നെ.

൪൦

എന്നമ്മയും സഹജനും പ്രിയനാം പിതാവു–
മെന്നല്ല ദേശികനുമെന്നസുവും സമസ്തം
ഇന്നൻപിയന്ന രഘുനായകനെന്ന ദൈവ–
മൊന്നന്യമാസകലമിച്ചുലകിൽ തൃണം മേ.

൩൧

ജ്യേഷ്ഠന്ന തെല്ലുഹിതമോതുകിലന്നതൊട്ട-
ശിഷ്ടൻ പിതാവു ദൃഢമെൻറ പിതാവുമല്ല,
ജ്യേഷ്ഠനൊപ്പം ജനനി മജ്ജനയിത്രിയല്ല,
പ്രേഷ്ഠൻ വസിഷ്ഠമുനിയെൻഗുരുവല്ല മേലിൽ.

൩൨

എന്നിഷ്ടദേവരഘുനായകനെയൊരുത്തൻ
നിന്ദിച്ചുനിന്നു നിലവിട്ടു മദിച്ചിടുന്നോൻ,
മന്നിൽ ത്രിമൂർത്തികളിലൊന്നവനെങ്കിലും താൻ
ചെന്നിങ്ങുരം പകരമേല്പക വീട്ടുമിപ്പോൾ.

൩൩

ഗോത്രത്തിനാകെ വഹിപ്പതിനിങ്ങു മൂത്ത-
പുത്രൻ വിശിഷ്ടനവകാശിയുമായിരിക്കെ
സൂത്രം പറഞ്ഞവനെ വിട്ടനുജന്നതേകാ-
നത്രയ്ക്കു നീതിവരരോ മനുവംശജന്മാർ?

൩൪

ശ്രീരാമദേവനടവിക്കുഗമേ തപിക്കു-
കീ രാജധാനിയിലിരുന്നു രമിക്ക നമ്മൾ,
നേരായ്ത്തലയ്ക്കു വെളിവല്പമിരിക്കിലിമ്മ-
ട്ടാരാണുരപ്പതിതു കേൾപ്പതുമേതൊരുത്തൻ?

൩൫

കൈക്കിഷ്ടമാഭരണമായ് ചില പൂണതല്ല,
വാക്കിൻറെ ധാടിയതിനൊത്തുവതല്ല വീര്യം,
നോക്കിങ്ങു നിന്നടർതുടങ്ങുകിലിന്ദ്രനേയും
ലാക്കിൽ കടുത്തവതിനെൻശരമൊന്നു പോരും.

൩൬

പ്രായം പെരുത്തിടുകിലായതുകൊണ്ടു മാത്രം
ന്യായം ഗ്രഹിപ്പതിനു ശക്തി ലഭിക്കയില്ല,
ധീയല്പമാത്രമവരുജ്ജ്വലമെന്നിരിക്കി-
ലീയക്രമം സ്ഥവിരനെങ്ങിനെയോതുമപ്പൻ.

൩൭

താൻതന്നെ തൻതനയനെന്നരുളുന്നു വേദം,
നാന്തരചിയം പിതൃസുതൈക്യവുമിങ്ങു കാണ്മൂ
സ്വന്തം തനൂജനെ വെടിഞ്ഞിടുമപ്പനെത്താൻ
ഭ്രാന്തന്റെ മാതിരിയിലേ കരുതേണ്ടതുള്ളൂ.

൩൮

തപ്പായമുപ്പുടജരാനരകംകരേഞ്ഞായ്,
നിഷ്പ്പാതയായ് സ്വമതി,യിങ്ങനെയുള്ള കൂട്ടർ
ഓർക്കാതെ വല്ലതുമബദ്ധമുരച്ചിടിൽ വേദ-
വാക്കാണതെന്നു നിരപിച്ചവരെത്ര കഷ്ടം!

൩൯

ശ്രീരാമരക്ഷയതിനൻപൊടു വേണിവന്നാൽ
കാരാഗൃഹത്തിലുടനപ്പനെയിട്ടിടാനും,
ഈ രാജധാനി വെളിവിൽ കളമാക്കുവാനു-
മാരാദ്ധ്യമെന്റെ മഹിമാവു മടിച്ചതില്ല.

൪൦

ശാപ്പാടിനായിവിടെ വന്നു കിടന്നിടുന്നോ-
രാപ്പാഴ്മുഴക്കിഴവി മന്ഥരതന്റെ വാക്കാൽ
കെല്പാർന്ന കേകയതനൂജ ചമച്ചതൊക്കി-
ലിപ്പാടു തല്പലമെതിർത്തു തകർത്തിടും ഞാൻ.

൪൧

പ്രാചീനധർമ്മഗതിരീതിയറിഞ്ഞിടാതെ
ധീ ചീറിയാപ്പുരുഷവാക്യമതിക്രമിപ്പോർ,
നീചീഭവന്മതികൾ നാരികൾതന്മനസ്സു
ഹാ! ചീത്തയാകിലതിനില്ലതിരെന്നു വന്നു.

൪൨

ധീ ചാപലാകലിതനായ പിതാവിനെത്തൻ-
മോചാരസാർദ്രതചിവാക്കിൽ മയക്കിയേവം
സ്ത്രീ ചാട്ടിലേററിയതു നാം വകവെച്ചിടുന്ന-
താചാരമല്ലതിനു കീഴ്പ്പെടുകില്ല ലോകം.

൪൩

മിത്രങ്ങളെങ്കിലുമനീതി തുടങ്ങിയെന്നാൽ
ക്ഷാത്രം മഹസ്സടമെരിപ്പവർ ഞങ്ങൾ വഴ്കെ,
ഇത്രയ്ക്കു ധർമ്മഹതദേവതതൻെറ ജൈത്ര-
യാത്രയ്ക്കു പെണ്ണൊരുവളിങ്ങനെ ഭേരിതാകീ?

൪൪

തിട്ടം രഘൂദ്വഹന പട്ടമണച്ചിടായ്കിൽ
വെട്ടൊന്നു രണ്ടു മുറിയെന്നു മത്സ്വഭാവം;
വെട്ടുന്നയോദ്ധ്യയെ മഹാമരുഭൂമിയാക്കി-
ക്കൂട്ടത്തൊടൊത്തരികുലം വിമഥിച്ചിടും ഞാൻ.

൪൫

സേനാനിയെയ്യുമടലേറിട്ടകില്ലുറക്കം-
ഞാനാത്തവീര്യനിത സായുധനിങ്ങിരിപ്പൂ!
സ്ഥാനാലിളക്കിയുടനാദ്യനെയന്യനെത്താൻ
ഭൂനാഥനാക്കിടുവതാരതു കാണണം മേ.”

൪൬

കൈവെച്ചു വില്ലിലതിയാം പരുഷോക്തിയോരോ-
ന്നേവം പറഞ്ഞു നിജബോധമകന്ന ശൂരൻ
വൈവശ്യമേറ്റു കലിതൻപുതുകോമരത്തിൻ-
ഭാവം കലർന്നവിടെയക്ഷമനായി നിന്നാൻ.

൪൭

ശൂരസ്വഭാവനിധിലക്ഷ്മണവാക്കു യോഗി-
വീരൻ വസിഷ്ഠനതുശാന്തി കലർന്നു കേൾക്കെ
ഘോരതപമാളുമരിരാവണിയെ വധിക്കാൻ
പാരം മിടുക്കനിവനെന്നകമേ രസിച്ചാൻ.

൪൮

അത്തന്വി കേകയതനൂജ പരിഭ്രമിച്ചു,
ചിത്തം വിറച്ചിതധികം പുരവാസികൾക്കും;
ഉത്തപ്തനാം നൃപതി സുപ്തനുണർന്നപോലെ-
യത്തവ്വിലൊന്നു തലപൊക്കി മിഴിച്ചുനോക്കി.

൪൯

ഉന്മത്തനാകുമനുജന്റെ വചസ്സു കേട്ടു
മുന്മട്ടിൽനിന്നമിളകാതെതാതഭാവമോടേ
സമ്മർജ്ജിതപ്രണയശാന്തിരസാർദ്രമായ-
തന്മഞ്ജുനോട്ടമനുജങ്കലയച്ചു രാമൻ.

൫൦

ശ്രുത്യന്തചാരുതരമായ് സുവിവിക്തവർണ്ണ-
സ്ഥിത്യൂർജ്ജമായ് പ്രകടധർമ്മരഹസ്യമായി,
സൂത്രം ചിരന്തനവചഃപഥമെന്നപോലെ-
യത്യന്തഹൃദ്യമൊഴി രാഘവനോതി മന്ദം:

൫൧

"ഐശ്വര്യദർപ്പമിങ്ങനെ വഹിച്ചു മദാന്ധ്യമേറി-
ത്തിക്ഷോഭ്യമാരറിയാത്തവിചാരമെന്ന്യേ,
ചേക്കേലമീവിധമെടുത്തു തകർപ്പതിന്ന-
തക്കാരണമെന്തിവിടെ ലക്ഷ്മണ! ഹേതുവുണ്ടായ്"?

൫൨

നാക്കുച്ചലിപ്പതുവിധം നിയമം പെടാതെ
വാക്കുച്ചരിപ്പതിനു ഭേദമനേകമുണ്ടാം;
വായ്ക്കുന്നൊരാത്മഗതികണ്ടു മുതുക്കിയൊത്താ
കേൾക്കുന്നവർക്കു ഹിതമോതിടുവോർ ചുരുക്കം.

൫൩

പാരുഷ്യലേശമിയലാതെ മൃദുപ്രകൃത്യാ
ചാരുത്വമേറി നവമാധുരി പെയ്തു കാതിൽ
നേരുററ നല്ല തെളിവാർന്ന വചസ്സു പുണ്യം
ചേരുന്നവർക്കൊഴികയെങ്ങനെ കൈവരുന്നു.

൫൪

മറെറാരുദോഷമുളവാകിലും മുഗ്ദ്ധതാം
പാറുന്ന ഹൃത്തിനതുതാൻ മഹിമാവുമേററം
കുററം ദൃഢം പരുഷവൃത്തിയതാൽക്കലർന്നു
മൂറുന്നു തൽഗുണഗണം വിഫലം സമസ്തം.

൩൫

അന്തർമ്മദാൽ പരുഷവാക്കു കഥിയ്ക്കുവോനെ-
സ്സ്വാന്തം ജനങ്ങളുമുടൻ വെടിയുന്നു വൈരാൽ;
ശാന്തം മൃദുപ്രകൃതരഞ്ജിതമായ വാക്കിൻ-
കാന്തം വഹിപ്പവനു വൈരികളും വശന്മാർ.

൩൬

ശ്രോതാവുതൻഹൃദയവൃത്തികളൊക്കെയറിച്ചു
ജാതാദരം ദൃഢമറിഞ്ഞതുപോലെ ഹിതേന
ജ്ഞാതാന്തരായ് വിദിതവാഗ്ബലരായ് മിതോക്തി-
യോതാൻ മിടുക്കരയ വാഗ്മികൾ മുഖ്യരെങ്ങും.

൩൭

വൃദ്ധൻ മഹാൻ ജനകനോ, നിഗമോക്തമാർഗ്ഗ-
സദ്ധർമ്മസാരമറിയും ഗുരുവോ വസിഷ്ഠൻ,
സിദ്ധപ്രശസ്തഗുണയാജ്ഞനതത്രിയോ നി-
ന്നൌദ്ധത്യയുക്തമൊഴി കേട്ടു നടന്നിടേണ്ടോർ.

൩൮

തന്നാത്മനാമ ഗുരുവെന്നിവരീശരന്മാ-
രെന്നല്ലയോ പറവു ലക്ഷണവേദവാക്യം
ഇന്നാളുവപ്പദത്തിന്റെ തിളപ്പുമൂലം
മന്നാസ്വബോധനനു നീ വകവച്ചതില്ല.

൩൯

ആരിങ്കൽനിന്നുദിതനായി വളർന്നുവന്ന-
താരിത്രനാൾവരെ ഹിതത്തൊടു ജീവനൊപ്പം
ആ രിക്തദോഷമതിയല്ലിനിലും മദാന്ധ്യം
പൂരിച്ചു നിന്റെ ഹൃദയം കറ കണ്ടിടുന്നു.

൪൦

തൻതാതനേകിയൊരു മെച്ചിതിനാൽ പിതാവി-
നെന്താകിലും ചെറുതു നല്ലുപകാരമേകാൻ
സന്താപമറ്റൊരിട കിട്ടുകിലാസ്സുതന്മാർ-
ചിന്താപഥാതിഗതഭാഗ്യവശംവദന്മാർ,

൯൧

മുന്നം പിതാവിന്റെ വാക്കിനെയാദരിച്ചു—
ചെന്നമ്മതൻഗളതലത്തെയറുത്തു രാമൻ;
ഇന്നല്പവും ഗുരുവചസ്സിനു യുക്തിവാദം
തന്നന്മയിൽ പ്രിയമെഴുംസുതർ ചെയ്യുയില്ല.

൯൨

വൻപ്രാഭവോജ്ജ്വലിതമാമമരേന്ദ്രപട്ടം
സമ്പ്രാപ്തനാം നൃമഹിഷൻ നഹുഷൻ മദത്താൽ
കമ്പ്രാത്മരിഷ്യപാദനായ് ഗുരുനിന്ദമൂലം
താൻപ്രാഗധഃപതനമാന്നതു കേൾപ്പതില്ലേ?

൯൩

ആക്കം യുവത്വമവിവേകനികേതനം താ—
നോക്കുന്ന തല്പരർ തങ്ങൾ വിശിഷ്ടരെന്നായ്;
ആക്കം മദത്തോടു വൃദ്ധരെ നിന്ദചെയ്തു
നോക്കുന്നു ധാർമ്മികനയങ്ങളെയൊട്ടി വകക്കാർ.

൯൪

ഉൽകൃഷ്ടധർമ്മവിഭവം വെളിവോടു കാട്ടി—
നില്ക്കും വിവേകമയദീപികയിത്തരക്കാർ
തിക്കും മദാനിലബലേന കെടുത്തിമാററി—
ധിക്കരിതാവശതസേവനമാചരിപ്പൂ.

൯൫

എന്തെങ്കിലും ചില കുയുക്തികൾ ചൊല്ലു,മാത്മ—
ചിന്തയ്ക്കു തെല്ലൊരിടയില്ല,പരന്റെ ധർമ്മം
കാന്തം, സ്വകീയമതിനിന്ദ്യ,മതീവ ദോഷം
ശാന്തം, യുവാക്കളുടെ വൃത്തിയിവണ്ണമായി.

൯൬

വേദജ്ഞർ വൃദ്ധരുടെ നീതികളിൽ കുയുക്തി—
വാദത്തിനസ്തുകർ മദാകുലരീവകക്കാർ
നാദപ്രഘോഷമൊടു നാടിതുടച്ചു വാക്കാൻ
വൈദഗ്ദ്ധ്യമുററു പണിചെയ്യുവതാണു ചിത്രം.

൩൭

വന്നാശരേശ്രപരധർമ്മതമസ്സിൽ നിന്നു–
ത്തന്നാശയോദ്ധൃതി ചരിച്ചിടുവാനശക്തർ,
മന്നാകെയീ നവയുവാക്കൾ തെളിപ്പതെന്ന–
ട്ടെന്നാണു ലക്ഷ്മണ! നിനച്ചു തപിപ്പതീ ഞാൻ.

൩൮

കൂപത്തിൽ നോക്കിടരുതെന്നു ജനിത്രി ചൊല്ലൂ,
വൈപക്ഷ്യമാർന്നു മദമോടതു ചെയ്കമൂലം
ആപത്തിലായ ചെറുസിംഹമതിൻ ചരിത്രം
നീ പണ്ടു വൃദ്ധമൊഴിയാലറിയുന്നതില്ലേ?

൩൯

മൺകൊണ്ടു പാണിതലമക്ഷണമത്രനേരം,
ചെങ്കോൽപ്രതാപമൊടു കാത്തു തെളിഞ്ഞിരിപ്പാൻ
സങ്കോചമററിയ ദുഷ്കൃതി ചെയ്യുവാനോ
മുൻകോപമൂഢമതി! നീയുപദേശമേകി?

൪൦

ഈ ലോകമല്ല പതിനാലുലകം പ്രതാപ–
ജ്വാലാപ്ലുതമൊടു വാഴ്‌വതിനാധിപത്യം
ചേലോടു കിട്ടിടുകിലും നിജധർമ്മമാർഗ്ഗ–
വൈലോമ്യവൃത്തിയെ വഹിപ്പവനല്ല രാമൻ.

൪൧

മത്താതനെപ്പരമസത്യനിബദ്ധനാക്കി,
വൃത്താന്തി ചേർത്തു ജനനിയ്ക്കു നികാമമെന്നും,
സത്താം തനൂജനുടെ ധർമ്മമതിക്രമിച്ചു,
മുത്താർന്ന രാജപദമെന്തിനെനിയ്ക്കു നിന്ദ്യം.

൪൨

സത്യം വെടിഞ്ഞു നരകത്തിനകത്തലഞ്ഞു
നിത്യം പിതാവിനഴലേകുമവസ്ഥ നല്കി
സ്തുത്യർഹമിങ്ങിനെയുമൈന്ദ്രപദത്തെയും ഞാ–
നത്യല്പശുഷ്കതൃണമെന്നതുപോലെ കാണ്മൂ.

—ഫലം—

൩൰൫

കാടെന്നു കേട്ടിട്ടുകിലത്ര ഭയം വഹിയ്ക്കാൻ
ഞാടല്ല ഞാൻ ശിശുവുമല്ലൊരു പെണ്ണുമല്ല;
ആടൽപെടാതവിടെ നാളെയണഞ്ഞു യോഗ-
കൂടസ്ഥനായ് മരുവിടേണമൊരു രാഘവൻ താൻ.

൩൰൬

ഏകുന്ന ദോഷ,മിതുതന്നെ ഗുണം, ഗുരുപോലും
ലോകർക്കു നിന്ദ്യ,മിതുമാതിരി തന്തപദമാർന്നാൽ
ശോകം വളർത്തുവതു രാജകിരീടഭാര-
മാകുമെന്നതിനെയോതിടുവോർ ജളന്മാർ.

൩൰൭

എൻതോളിൽനിന്നതിനെ മാറ്റിയൊരമ്മയോടെൻ-
സന്തോഷമെങ്ങിനെ പറഞ്ഞറിയിച്ചിടും ഞാൻ
സ്വാരാജ്യമപ്യപഹൃതമമാദൃശർ മുനീശ്വരന്മാർ-
തൻതോഴനാക്കിയതിലും കുതുകാകുലൻ ഞാൻ.

൩൰൮

തിര്യക്ത്വമജ്ഞതവിരവോടണച്ചിടുകാൻ-
വയ്യാത്ത ശൌര്യമൊട്ടു വാണിടുമസ്സുനേതതാൻ
പൊയ്യായഹംകൃതി കലർന്നു ദുഷിച്ചുവെച്ചു-
നിസ്വാർത്ഥഗർഹിതപഥത്തിലണച്ചു പാദം.

൩൰൯

ഞാനെന്ന തുച്ഛലതഹംകൃതിയാണിതേക്കാൾ
പീനം നരർക്കു കടുവായൊരു ശത്രുവില്ല
എന്നസ്സു നല്കുമിതു മാശ്ശുവതിന്നു തത്താ-
ജ്ഞാനം വിശിഷ്ടത പെരുത്തൊരു ബന്ധുവാക്കും.

൪൰

തൻതാതനും പിഴ പരം മമമോർത്തുവച്ചു-
നിൽതേറു ലക്ഷ്മണ! ദൃഢം പരിഹാരശൂന്യം;
തൻതന്തദൃഷ്ടി കലുഷീകൃതമാകിലാരും
ഭ്രാന്തസ്വഭാവവശരായ് നിപതിച്ചിടുന്നു.

൯൯

അക്കാര്യമങ്ങനെ കഴിഞ്ഞതു പോട്ടെ! മേലിൽ
ധിക്കാരമൊക്കെയുമകററി വിനീതനായി
തൃക്കാല്ക്കൽ വീണിഹ നമസ്കൃതി ചെയ്തു, തെല്ലും
നില്ക്കാതെ താതനെ യഥാർത്ഥഹൃദന്തനായ് നീ.

൱

ഞാൻ താതശാസന വരിച്ചു തിരിച്ചു ദുർഘ-
കാന്താരവാസമിനിയിങ്ങു വരുംവരെയ്ക്കും
സന്താപമററു ഭരതന്നുലകം ഭരിപ്പാൻ
പിൻതാങ്ങുമായ് മരുവണം മതിശാലിയാം നീ.''

൱൧

ഭ്രാന്തോപമം പലതുമോതിയ ലക്ഷ്മണൻ, തൻ-
ധ്വാന്തോദ്ഗമം കളയുമീ നിജപൂർവ്വജോക്താൽ
വൻതോട്ടിയാലുടലിനേററമുടക്കമേററ
പിൻതോററു മാറിയ ഗജേന്ദ്രനൊടൊപ്പമായി.

൱൨

ശ്രീരാമവാങ്മധുരമാരുതു കടന്നു കോപ-
ക്കാറൊക്കെയിങ്ങനെയടിച്ചു തുരത്തിയപ്പോഴം,
നേരാർന്ന ലക്ഷ്മണഹൃദന്തസദന്തരീക്ഷം
വൈരാഗ്യസൂരകിരണാങ്കുരരമ്യമായി.

൱൩

ഉത്തപ്തമാം പ്രകൃതി മാറി മനം കുളുത്തു
നേർത്തൻപിലോതി മൃദുവാക്കിഹ ലക്ഷ്മണൻ താൻ,
ചിത്തം സപതേ പ്രചുരസൽഗുണമായിടുന്ന-
സത്തുക്കൾക്കുഗ്രത ചിരം നിലനില്പതില്ല.

൱൪

"തൽകാമിതം വനഗതിയ്ക്കനുകൂലമെങ്കിൽ
ധിക്കാരമെന്മൊഴികളും ഞാനിതാ പിൻവലിച്ചു,
തൽക്കാലമന്യഥ മുഴുത്തു വെറുത്തുരച്ച-
വാക്കൊക്കെയെൻഗുരുജനങ്ങളും പൊറുത്തിടേണം.

൯൩

ആര്യന്റെ മുൻപിലറിവുററവനെന്നു കേറി-
ക്കാര്യസ്വഭാവമറിയാതെ കളിച്ചവൻ ഞാൻ,
സൂര്യന്നു കണ്ണിലൊരു താരമട്ടത്തുനിന്നു
വീണ്ടും നടിപ്പതുകണക്കപഹാസ്യനായി.

൯൪

തന്നിസ്ഥലാല്പതയറിഞ്ഞിട്ടുമന്നുതൊട്ടു
മന്നിങ്കൽ മർത്ത്യരറിവുള്ളവരായ് ഭവിച്ചു,
ഇന്നിപ്പൊളാര്യനുടെ നിർമ്മലവാഗ്വിലാസം
മിന്നിച്ച നന്മതി വഹിച്ചതിധന്യനായ് ഞാൻ.

൯൫

കാന്താരവാസമവിടുന്നു കഴിച്ചുവെങ്കിൽ
സന്താപമില്ലടിയനങ്ങൊരപേക്ഷ മാത്രം,
എന്താകിലും ശരി വനത്തിനു മുന്നടക്കാൻ
ഞാൻ താൻ ഭവാനനുപദം വഴി കാട്ടിടേണ്ടോൻ.

൯൬

വാരാശിതന്നടുവിലോ മരുഭൂവിലോ വൻ-
ഘോരാന്ധ്യമാന്ന ഗിരിഗഹ്വരമുഖത്തിലോ താൻ
ശ്രീരാമനായ തിരുമേനിയൊടൊത്തു കൂടെ-
പ്പോരാൻ സദാപശരനല്പതനായിതാ ഞാൻ.

൯൭

കാലങ്ങളും ധരയരക്ഷണമിങ്ങരാതി-
ജാലങ്ങളും തന്റെ പരിപീഡനമേററു വാഴാൻ,
മേലല്പമില്ല കൊതി മേ, ഹൃദയപ്രസാദൈ-
കാലംബമാം വിപിനമാദരണീയമാക്കും.

൯൮

കായാകിലും ശുചികരം ജലമാകിലും ത-
ദ്ദായാദവാമകലഹാഗ്നിയിൽ നീറിടാതെ
സ്വീയാഭിലാഷമതുപോലെ ഭുജിച്ചു സൌഖ്യ-
മായാവസിപ്പതിനു യുക്തമരണ്യദേശം.

൯൭

ജ്ഞാനാത്മതത്വമറിയാത്തുമയന്മദത്താൽ;
നാനാവിധോക്തികൾ പറഞ്ഞവയെൻഗുരുക്കൾ,
ചീനാനുകമ്പയൊട്ടമിന്ന പൊറുത്തരണ്യ-
സ്ഥാനാധിവാസമതിമങ്ഗളമാക്കിടട്ടേ.”

൯൮

എന്നിത്ഥം ചൊല്ലിയേറെ പ്രകടവിനയനായ്
നിന്ന സൌമിത്രിയോടായ്
„നിന്നിഷ്ടംപോലെയാ“മെന്നരുളിയവനൊടൊ-
ന്നിച്ചു താനിർവ്വിളംബം
മന്നിൽ സൌശീല്യസമ്പത്തിനു വിളനിലമാം-
ധന്യ ഭൂകന്യ മേവും
പൊന്നിൻഹർമ്മ്യത്തിലെത്തീ തദനുഗവിജയ-
ശ്രീയുതൻ രാമചന്ദ്രൻ.

ശ്രീമദ്ദ്യോതല്ലപുരസ്ഥമാകിന വട-
ക്കുംകൂർകുലത്തിൽ പൂത-
ക്ഷേമം വാച്ചു ജനിച്ചു ഭൂപനൊരുവൻ
തദ്രാജരാജാഹ്വയൻ,
രാമൻതൻകഥയായ വീരവിജയം-
കാവ്യത്തിനെക്കൈരളീ-
പ്രേമത്തോടു രചിപ്പതിൽ നവമിതം
സർഗ്ഗം സമാപ്തം ശുഭം.

ഒൻപതാംസർഗ്ഗം സമാപ്തം.

പത്താം സർഗ്ഗം.

൧

നിലാവിനേക്കാളതിശുഭ്രകാന്തിതൻ-
വിലാസമാളും നിജമാളികയ്ക്കു മേൽ
കലാവിനോദങ്ങളിലുള്ളണഞ്ഞു നി-
സ്തുലാദരം മേവിയിരുന്നു മൈഥിലി.

൨

അവർണ്ണനീയാത്തഗുണാഭിരാമനാം-
സ്വവല്ലഭൻതന്റെ നവോദയാപ്തിയിൽ
പ്രവർദ്ധിതപ്രീതി കലർന്ന സീതയാ-
ലവത്ത്യദർല്ലക്ഷണപങ്‌ക്തി ദൃഷ്ടമായ്.

൩

അലോകസാമാന്യഗുണങ്ങൾ വായ്ക്കയാൽ
പുലോമജയ്ക്കാത്ത മഹീസുതയ്ക്കു തൻ
വിലോചനം ഗ്ലാനി കലർന്നഹേതുകം
ചലോല്ക്കടാവസ്ഥ വഹിച്ചു മേല്ക്കുമേൽ.

൪

സ്വകാശമാനസ്ഥിതിയാകവേ വെടി-
ഞ്ഞതുകാരണം തത്ര ദിനേശമണ്ഡലം
നികാമമാരുണ്യമിയന്നിരുണ്ടിടും-
പ്രകാരമന്നാൾ മിഴികൾക്കു ലക്ഷ്യമായ്.

൫

അടുത്തിതേതോ ഹതിയെന്നു വട്ടമി-
ട്ടടങ്ങിടാതെ കരച്ചു പക്ഷികൾ,
കടുപ്പമാം മേൽഗതിയെന്നുരച്ചു വൻ-
തടക്കമേകുന്ന ശിവാരുതങ്ങളും.

൬

എടുത്തുപൊക്കിത്തലയും പിടിച്ചുകം-
പുടുംവിധം കേണു പശുക്കൾ ദീനമായ്,
പൊടുന്നനെപ്പാംസുപടത്തിയെങ്ങുമേ
പടുത്വമുൾക്കൊണ്ടു ചരിച്ചു മാരുതൻ.

൭

ശുകാദികേളീവിഹഗങ്ങൾ കൂട്ടമായ്
സകാശയോത്സാഹമകററിയേററവും
പ്രകാമമത്യാർദ്രത ചേർത്തിടുംവിധം
വികാരമുൾക്കൊണ്ടു ചിലച്ചിതുച്ചമായ്.

൮

ഒരാളുമൊന്നും പറയാതെയശ്രുനീർ-
ഝരാഗമം കൊണ്ടു മുഖാന്തരത്തൊടേ
ചിരാൽ മുഖം ഭൃത്യർ പതുങ്ങിടുന്നതാ-
ധരാസുതയ്ക്കപ്പൊഴുതക്ഷിലക്ഷ്യമായ്.

൯

ചെവിയ്ക്കടപ്പേകിന ദുന്ദുഭിസ്വനം
ശ്രവിച്ചതില്ലന്നവിടത്തിലൊട്ടുമേ,
ഭുവി പ്രശസ്തോത്സവഘോഷമാകവേ
പ്രവിഷ്ടമായ് നിദ്രയിലാണ്ടു തല്പുരി.

൰

പുരിയ്ക്കകത്തുള്ളവർ കൃത്യമെന്നുമേ
തിരിഞ്ഞിടാതേ തെളിവേതുമെന്നിയേ
പരിഭ്രമിച്ചങ്ങിനെ പാതയിൽ കട-
ന്നെരിഞ്ഞ ചിത്തത്തൊടു നിന്നു മന്ദരായ്.

൰൧

ഇതിൻവിധം ദുഃഖകനങ്ങൾ ഭാവിതൻ-
സ്ഥിതിയ്ക്കു വൻഗ്ലാനിയുരച്ചു വായ്ക്കവേ
പതിയ്ക്കു ഭവ്യം കുലദൈവതങ്ങൾ ചേ-
ർപ്പതിന്നിരന്നാൾ സതിയന്നു ഭക്തയായ്.

൰൨

കരത്തിൽ വില്ലും ശരവും ധരിച്ചു തോ-
ളരയ്ക്കു പുററിപ്പുതശാന്തവക്ത്രനായ്
വരൻ തദാ വന്നതു കണ്ടു തത്ര സ-
ന്തപരം പരിഭ്രാന്തി വഹിച്ചു ജാനകി.

൧൩

ധരാധിനാഥോചിതമെങ്ങു പട്ടു ത-
ച്ചിരാശിവേഷാർഹമതെങ്ങു ചർമ്മവും;
വരാകൃതിയ്ക്കുള്ള പകപ്പു കാണ്കയാൽ
വരാൎത്ഥിയാൾ നിന്ന നിലയ്ക്കു നിന്നുപോയ്.

൧൪

വരൻ വനാന്തോചിതവേഷധാരി സ-
ത്വരം സമീപത്തണയുന്ന കാണവേ
പരന്നതാം ദുഃഖകണങ്ങൾ തൻഫലോ-
ല്ക്കരം ലഭിച്ചെന്നു നിനച്ചു സാദ്ധ്വിയാൾ.

൧൫

സുതീവ്രമായുള്ള മനോവികാരമ-
ന്നതീവ യത്നത്തൊടടക്കി മെല്ലവേ
സതീശിരോമാലിക ശാന്തവാക്ക സ-
ന്നതീശ്യനാം രാമനൊടോതി മൈഥിലി:

൧൬

ഭവാനു താതൻ മഹിതാഭമായ ഭൂ-
ധവാധികാരം തരുവാനൊരുങ്ങവേ
ദ്യുവാസവാനർഹകവേഷമീവിധം
തവാദ്യ കൈക്കൊൾവതിനെന്തു ബന്ധമോ.

൧൭

ശുചാ വിളങ്ങും പൃഥുചാമരങ്ങൾതൻ-
പ്രചാരമില്ലാതെയനാതപത്രമായ്
ദ്യുചാരിലും നിൻവരവിന്നു ഏതതിൽ വൻ-
വിചാരധാരയ്ക്കിടമേകിടുന്നു മേ.

൧൮

വരാഭിഷേകോത്സവവേളയിൽ സ്ഫുര-
ത്തരാംബരക്കോപ്പണിയേണ്ട മെയ്യിതിൽ
വിരാഗിവർഗ്ഗത്തിനു ചേർന്നിടുന്നതാം-
ചരാമിതേതാലുടചേർന്നതെങ്ങിനേ?

൧൯

യതിക്കു ചാപലോഗ്രവൃത്തി യുക്തമാ
ക്ഷിതിക്കു ദീക്ഷിതം ചർമ്മവസ്ത്രവും;
അതിന്നു രണ്ടും സ്വതരാം വിരുദ്ധമാം—
സ്ഥിതിക്കു കാണ്മു ധവ! നിന്നിലദ്യ ഞാൻ.

൨൦

അനർഹമാകും ഭവദീയവേഷവും,
ജനങ്ങളിൽ കാണ്മൊരാ തീവ്രമൗനവും,
കനത്ത ദുർല്ലക്ഷണപങ്ക്തിയും, പൊരു—
ളനർഘമെന്തോ വെളിവാക്കിടുന്നു മേ.

൨൧

തരളിതാപാംഗവിലാസമുത്സവം
നിരന്തരം പൂണ്ടിരുന്നതാകവേ
അരം നിലച്ചിന്നഗരം സമസ്തമി—
ന്നടങ്ങിടുമ്പോലിഹ തോന്നിടുന്നു മേ.

൨൨

തുടിച്ചിടും ഞെളിവുമുറയുന്ന നെ—
ഞ്ചിടിപ്പുമാകാലികമായ ദൈന്യവും
തടിച്ചൊരാപത്തിത വന്നതില്ല നിൻ—
പടിക്കലെന്നായ് പറയുന്നിതെന്നൊടായ്.

൨൩

ഭവാനെയുൾത്തീതലലക്ഷ്മി പൂകമാ—
വിവാഹവൈമുഖ്യാവസരത്തിലീവിധം
നവാസിതാംഭോധരപങ്ക്തി ചിന്തിയി—
ത്തവാന്തരീക്ഷാന്തമിതങ്ങളെന്തഹോ?

൨൪

ഒരോവിധം വൻവ്രതചര്യ ദൈവതർ—
വിരോധശാന്തിക്കിവളാചരിക്കവേ
സ്ഥിരോദയം ഭക്തരിലേകമീശ്വരൻ
സരോഷനാകാനിടയില്ല നമ്മളിൽ.

—ഫന്ഥ—

൨൫

അരുന്ധതീദേവിയനുഗ്രഹിയ്ക്കിൽ
ഘോരം വനം മേ പുരുഹൂതമന്ദിരം;
മരുപ്രദേശങ്ങളിലാവസിയ്ക്കിലും
വരും മഹൈശ്വര്യവിലാസമെപ്പൊഴും.”

൨൬

ഇടയ്ക്കു വീഴും മിഴിനീർക്കണങ്ങളെ-
ത്തുടച്ചു താനേ, തരളാത്മചിത്തയായ്
ഇടർച്ചയറ്റും മൊഴിയേവമോതി ഏ-
ന്തടങ്ങി നിന്നാളഥ ദേവി മൈഥിലി.

൨൭

അരണ്യവാസം കഥ ജീവനാഥനോ-
ടുരപ്പതെമ്മട്ടുമല്ലാതിരിപ്പതും;
കുറച്ചുനേരം പ്രിയതന്റെ മുൻപില-
മ്പരന്നു ധീരാശയനായ രാമനും.

൨൮

കടുത്തതാം തൻവനവാസവൃത്തമ-
ന്നൊടുക്കമോതീ സതിയോടു രാഘവൻ,
മൃദുകനൽക്കോര സുരദ്രുവല്ലിയിൽ-
പ്പൊടുന്നനെത്താൻ ചൊരിയുന്നപോലവേ.

൨൯

നിനയ്ക്ക നീ ജാനകി നിൻമനസ്സിലു-
ള്ളനർത്ഥശങ്കാങ്കുരമത്രയുള്ളതാൻ
അനർഘതത്ത്വം തനിയേ തെളിപ്പതാം-
മനസ്സിതൻവൃത്തപഥത്തിലായിടാം.

൩൦

പിതാവെനിയ്ക്കേകി വനാധിവാസമി-
ന്നിതാ! തയാറായതിനായി നില്പു ഞാൻ,
സ്വതാതനെന്തിഷ്ടമതാചരിപ്പു തൻ-
ഹിതാഹിതാർത്ഥം കരുതാതെ സജ്ജനം.

൩൧

ധരിച്ചു നീ മാനിനി മേൽ ധരാതലം
ഭരിച്ചു വാഴും ഭരതൻ ഭവൽപ്രഥൻ,
വരിഷ്ഠനച്ഛന്റെ ഹിതത്തിനായിതാ
തിരിച്ചിടുന്നൂ വിപിനത്തിലേക്കു ഞാൻ.

൩൨

പുരന്ദരപ്രാഭവനച്ഛനോടു തൻ-
വരങ്ങളാം കൈകേയി വരിച്ചുമൂലമായ്
കരത്തിലായ് മേ വനസൌഖ്യമുദ്ധിതൻ-
ഭരം പതിച്ചു ഭരതന്റെ തോളിലും.

൩൩

തനസ്സപിന്താദിവിഷാദമേറ്റെഴി-
ത്തനന്തരം ശാന്തിസുഖത്തിനാസ്പദം
മനഃപ്രശാന്ത്യൈകനിദാനമായ്മി-
ന്നതുഗ്രമാണെന്നെ വനാന്തസേവനം.

൩൪

ദുരന്തരാജ്യോരഗവായിൽനിന്നമീ-
ഴ്ത്തിരപ്പെട്ടകാൻ തരമിന്നു വന്നു മേ,
അരണ്യസഞ്ചാരസുഖം ലഭിച്ചു ത-
ച്ചരത്തിനാലെത്ര വിമുക്തനായി ഞാൻ!

൩൫

പ്രതിഷ്ഠിതാനേകമഹാശ്രമൌഘമായ്,
ശ്രുതിപ്രണാദോദ്ധൃതപാപപൂതമായ്,
മതിപ്രിയം ചേർപ്പൊരു കാട്ടിലേക്കിതാ
കുതിച്ചു പായുന്നു മദീയമാനസം.

൩൬

മനാഗപി സ്വേന്ദ്രിയചാപലത്തിനാൽ
വിനാശമേല്ക്കാത്ത മനസ്സു പൂകുവോൻ,
അനാദിസുഖതാല്പരസംസാരവി-
ത്തനാവിലൻ ശ്രീഭരതൻ മഹാശയൻ,

൩൭

ഭുജദ്വയോഗാധികദീർഗ്ഘപീനമാം–
ഭുജത്തിനാൽ കീർത്തിയിളക്കുന്നപ്പവൻ
വ്രജന്നിജാർത്ഥിപ്രകരത്തിലീപ്സിത–
വ്രജം പൊഴിച്ചുന്നതതൃപ്തി ചെയ്പവൻ.

൩൮

സിതാതപത്രദ്യുതി പൂണ്ടു മേൽ തപൽ–
പ്രതാപമോടീക്ഷിതി വാണു ലോകരേ
സുതാധികപ്രീതി വഹിച്ചു കാക്കകിൽ–
കൃതാർത്ഥനെല്ലാരിലുമേറെയിന്നു ഞാൻ.

൩൯

ദിനാധിപോഗ്രങ്ങളിലുഷ്ണശീതജ–
ഗദീനാശമുണ്ടാകകിലും വരട്ടെ! ഞാൻ
കിനാവിലും താതഹിതം ചരിപ്പതി–
ന്നനാസ്ഥ പൂകില്ലിതെനിയ്ക്കു നിശ്ചയം.

൪൦

കുലാചലങ്ങൾക്കു കുലുക്കമേല്ക്കിലും,
ജലാശയം പാരിളയെഗ്രസിക്കിലും,
തിലാംശവും ഞാൻ പിതൃവാക്യരേഖയെ–
ബ്ബലാദുല്ലംഘിയ്ക്കുകയില്ല നിശ്ചയം.

൪൧

സനിഷ്ഠമാം തൻപരിചര്യകൊണ്ടു നീ
ജനിത്രിമാർക്കും മഹിതൻ പിതാവിനും,
സുനിസ്തുലപ്രീതി വളർത്തി വാഴ്ക മേ–
ലനിത്യസൌഖ്യമ്മമമേദുരമെന്നിയേ.

൪൨

വനവ്രതൻ ഗേഹി തഥാഗമജ്ഞനാം–
മനസ്വി സാക്ഷാൽ ജനകൻ പിതാവു തേ
അനർഗ്ഘയാമീക്ഷണയയാ സപുത്രതാ
നിനക്കു ചാപല്യമയുക്തമോമലേ!

൪൩

ദുരന്തമാമൈഹികചിന്തയെന്നിയേ
വിരക്തനായ് ഞാൻ പതിനാലുവത്സരം
അരണ്യവാസത്തെ വരിച്ചു മേൽവരും-
വരയ്ക്കു നിയ്യിങ്ങു വസിക്കു ശാന്തയായ്.

൪൪

ഒരിക്കലും വേർപിരിയാതെയൊത്തുചേ-
ന്നിരിക്കവേ വന്ന വിയോഗസങ്കടം,
കരിച്ചിടും നിൻഹൃദയത്തെയെന്നിവൻ
ധരിച്ചിടാതല്ലരചെയ്തതൊക്കയും.

൪൫

താപത്രവും വന്ധ്യമെന്നപോലവേ
വിപത്തു സമ്പത്തിവയും നിനയ്ക്കുകിൽ
പ്രപഞ്ചസാധാരണമാണിതല്ലവും
തപസ്വികൾക്കും വിജയിക്കു ദുഃഖം.

൪൬

കരാളകാലാനലപച്യമാനമാ-
മൊരാജഗൽഭാണ്ഡകടാഹകോടിയിൽ
നരാളികൾക്കുള്ളൊരു ജീവിതക്രമം
പരാണ്മവേക്കാളതികഷ്ടമല്ലയോ?

൪൭

ദിനം തെളിഞ്ഞു നിശ പോയ് വസന്തമായ്
വനം കളർത്തു ശരല്ലസിക്കയായ്,
മനസ്സിലിമ്മട്ടു രസിച്ചു, ജീവിത-
ക്ഷണം ക്ഷയിക്കുന്നതറിഞ്ഞിടാതെ നാം.

൪൮

മദേക്ഷണാഞ്ചലചഞ്ചലങ്ങളാം-
സ്വദേഹസൌഖ്യങ്ങളിലുള്ളലച്ചു നാം
ചിദേകരൂപസ്മൃതി വിട്ടു കാപഥ-
പ്രദേശസഞ്ചാരമതേല്പു നിഷ്ഫലം.

൪൯

സ്വമാകലത്രം സകലം കളഞ്ഞു നീ
പ്രമാദമെല്ലാം കലരാതെ വിജ്ഞയായ്,
ദമാദിമാർഗ്ഗോചിതമായ വൃത്തിയെ-
സ്സമാദരിച്ചങ്ങിനെ വാഴ്ക കാമനേ.

൫൦

പരന്തപൻ ശ്രീജനകൻെറ പുത്രി നീ
പരന്തപസ്സിനിലതന്നെ പൂകി മേൽ
ഒരല്പവും ചാപലമെന്നിയേ ഗൃഹാ-
ന്തരത്തിൽ വാണീടുക ശാന്തചിത്തയായ്."

൫൧

പ്രസന്നമായർത്ഥമിയന്ന മാധുരീ-
രസം തുളുമ്പീടിന വാക്കിതിൻവിധം
നിസർഗ്ഗരമ്യം നിഗദിച്ചു നീതിമാ-
നസംശയന്നാരം നിലകൊണ്ടു രാഘവൻ.

൫൨

പുറത്തു മാധുര്യരസം പൊഴിക്കിലും
ശരം വിയോഗാത്മകമുള്ളിലേററവും
നിറഞ്ഞ രാമൻെറ വചസ്സു കേൾക്കയാൽ
ചിരം പ്രസാദക്ഷയമാർന്നു ജാനകി.

൫൩

സ്വകപ്രിയൻതൻവിരഹാർത്തിയാൽ ഭയം
തികച്ചുമേകം കുളർവാക്കു സീതയിൽ
അകത്തു പൊത്തിൽ ഭുജഗം കളിച്ചിടും-
പ്രകൃഷ്ടമാം ചന്ദനശാഖിപോലെയായ്.

൫൪

പരിഭ്രമിച്ചില്ലവളാന്ധ്യമേന്തിയി-
ല്ലെരിച്ചതില്ലുള്ളുടൽ നീററിയില്ല താൻ;
മരിച്ചപോലേ മതികെട്ടിരുന്നതാ-
വരിഷ്ഠയാവശ്യമഹോപകാരമായ്.

൨൫

ഉറക്കമല്ലാന്ധതി മോഹവേഗമ-
ല്ലുരയ്ക്കുകിൽ ജീവിതമല്ല മൃത്യുവും;
തരത്തിലേതോ പരലോകവീഥിയിൽ
ചിരം ചരിച്ചാളവളാനിലയ്ക്കുതാൻ.

൨൬

കറക്കമറ്റായവൾ പിന്നെയല്പമായ്
തുറന്ന തൻകണ്ണു മിഴിച്ചുനോക്കവേ,
കരത്തിനാൽ തന്നെയെടുത്തുതാങ്ങിയാ-
വരൻ വസിക്കുന്നതറിഞ്ഞു ജാനകി.

൨൭

സ്വവല്ലഭൻതൻപരിചര്യമൂലമ-
ന്നാദ്യമാം ഗ്ലാനിയ തെല്ലു വിട്ടവൾ
ജവം കരഞ്ഞാളെഴുന്നേറ്റ നാഥനോ-
ടിവണ്ണമോതീ മൃദുവാക്കു ശാന്തയായ്:

൨൮

"വനത്തിലേയ്ക്കുള്ള ഭവാന്റെ യാത്രയാൽ
വിനഷ്ടസന്തുഷ്ടി വഹിപ്പതില്ലിവൾ,
കനത്തതാം നിൻവിരഹോഗ്രചിന്തയാം-
കനൽക്കഴമ്പാണു കരിപ്പതെന്മനം.

൨൯

കരം പിടിച്ചീടിന നാൾ മുതല്ക്കു നാ-
മൊരുക്ഷണം വേർപിരിയാതിരിക്കവേ
അരണ്യയാത്രയ്ക്കു തനിച്ചുപോവതെ-
ന്തരച്ചു വാക്കിൻപൊരുളായതില്ല മേ.

൩൦

തദന്തികത്തിൽ ചരണം ഭജിച്ചുകൊ-
ണ്ടെളുമതാന്നാമരേണ സഹോദരി
സഖ്യേ! വേർവിട്ടു വനത്തിലേയ്ക്കു നിൻ-
പദങ്ങൾ മുൻപോട്ടിളകുന്നതെങ്ങിനെ?

൩൧

ശ്രുതീതിഹാസാദികൾതൻരഹസ്യമൊ-
ത്തിവ കണ്ടുള്ള വിശിഷ്ടനാം ഭവാൻ,
ദ്വിതീയയാമെന്നെ വെടിഞ്ഞ പാർപ്പു താൻ-
മതി നമുക്കെന്ന നിനച്ചതത്ഭുതം.

൩൨

ദമം ശമം വൻതപമെന്നിതേതിനും-
സമർത്ഥ ഞാൻ നാഥനൊത്തിരിക്കുകിൽ,
സാമർത്ഥ്യമറ്റുള്ളൊരു വാഴ്ക ജീവിത-
ക്രമം, ഭവാൻ വേർപിരിയുന്നവെങ്കിൽ മേ.

൩൩

നതാംഗികൾക്കെന്തു തപസ്സു തല്പതി-
വ്രതാവ്യയധർമ്മത്തെ വെടിഞ്ഞു ശാന്തിയും;
അതാദരിക്കാത്തവൾ തന്റെ ജീവിതം
ഹതാല്പരം ഹാ! ഹതമെന്ന തന്നെയാം.

൩൪

പുരം വനം പത്തനമംബുരാശിയി-
ത്തരത്തിലുള്ളതൊരിടത്തുപോകിലും,
സ്വരക്ത ഞാൻ നിന്നൊടുകൂടി മേവിടും
വിരക്തി തത്വത്തിനൊടെന്നപോലവേ.

൩൫

കിരീടഭാരം മുടിയിങ്കൽ വീണ ഭ്രൂ-
കുടീശതാബന്ധനമേകിടാത്തതിൽ,
നിരീഹയാം വിത്തമതീവ കയ്യിലു-
ള്ളൊരീ നമുക്കെന്തു മനസ്തപിക്കുവാൻ?

൩൬

അശാന്തമാം ജീവിതമത്സരത്തിനാൽ
നൃശംസാപരായണന്മാർതൻരണാങ്കണം
വിശാലമാകും നഗരം നിനയ്ക്കിലാ-
ക്ലേശാന്ത കാമ്യം വനഭൂമിയല്ലയോ?

൩൭

മതിയ്ക്കു തൻസ്വാസ്ഥത തെല്ലു കിട്ടുവാ-
നതിൻപരിത്യാഗമെവർക്കുമുത്തമം;
മതിപ്പൊടിന്നായതു നിഷ്പ്രയാസമായ്-
പ്പതിച്ചു നമ്മൾക്കു കരത്തിലിദ്ദിനം.

൩൮

മരത്തെ വിട്ടുള്ളൊരു വല്ലിപോലെ ഞാൻ
പുരത്തിലെൻകാന്തനകന്നനാഥയായ്,
നിരർത്ഥമാം ജീവിതമേല്പതെന്തിനാ-
ണിറങ്ങിടുന്നു വിപിനത്തിലേയ്ക്കു താൻ.

൩൯

അതോയമാം വന്മരുഭൂവിലാകിലും
ഹതോഗ്രകാന്താരതലത്തിലാകിലും,
ഇതോർക്ക നാഥന്നനുയാത്ര ഞാൻ സദാ
ശ്രുതോക്തധർമ്മത്തിനു മുക്തിപോലവേ."

൪൦

വചസ്സു താനിത്തരമർത്ഥപുഷ്ടമായ്
വിചക്ഷണൻ രാമനൊടോതി മൈഥിലി
പ്രചണ്ഡവൈവർണ്ണ്യമിയന്നു, വഹ്നിയാൽ
ധ്രുവം വഹിയ്ക്കും വനവല്ലിപോലവേ.

൪൧

സ്വതാപമിമ്മട്ടു പറഞ്ഞു മെല്ലവേ
സ്രുതാശ്രുവായ് വാണു ധരാത്മജയാൾ;
നതാംഗിമാർക്കപ്രിയരെജ്ജയിയ്ക്കുവാൻ
ശിതാഗ്രമുഖ്യായുധമാണു കണ്ണുനീർ.

൪൨

കിമദ്യ കർത്തവ്യമതെന്നറിഞ്ഞിടാൻ
സമർത്ഥനല്ലാതെ രഘൂദ്വഹൻ ക്ഷണം
ഭ്രമന്നോവൃത്തി വഹിച്ചു, ധീരനും
പ്രമത്തനാകുന്നു വധൂജനോക്തിയാൽ.

— മൂന്ന് —

൨

ആരം ചെളിക്കണ്ടത്തിൽനിന്നു ചാടി മേൽ-
കരയ്ക്കണഞ്ഞൊരാരിമരോട്ടുപോലവെ
കരംകൾ സ്വസ്ഥത പൂണ്ടു ശാന്തനി-
ത്തരം പറഞ്ഞാൻ പ്രിയയോടു രാഘവൻ:

൩

“ഗൃഹാഗ്രമാരെങ്ങു വധുക്കൾ ഹിംസ്രദുർ-
വിഹാരഭൂവെങ്ങു വനാന്തമുല്ലതാം
മഹാവിപത്തേകിന നിന്റെയീ വന-
സ്പൃഹാമതിയ്ക്കെങ്ങിനെ സമ്മതിപ്പു ഞാൻ?

൪

പ്രശസ്തകേളീവനിയിൽ ചരിയ്ക്കിലും
ദൃശം തളർന്നീടിന നിൻപദാംബുജം
അശക്തിമേകും വനചംക്രമത്തെയി-
ന്നശങ്കമെന്തു സഹിയ്ക്കുമോമനേ?

൫

അഹന്തവിട്ടോരൃഷികൾക്കിണങ്ങുമാ-
ബ്ഭൃഹദ്വനാവാസതപോവിചേഷ്ടകൾ
ഗൃഹം വിടാത്തോർ മൃദുഗാത്രിമാർക്കു ദുർ-
വഹങ്ങളല്ലാതെ വരുന്നതെങ്ങിനെ? ”

൬

പതിയുടെ മൊഴിയേവം കേട്ടു മുന്മട്ടിൽനിന്നും
മതി ചെറുതു ചലിയ്ക്കാതുന്നതസ്ഥൈര്യമോടേ,
അതിവിനയമിയന്നാദ്ദേവിയിത്ഥം പറഞ്ഞാൾ
സതികൾ കരളിളക്കം പൂകകില്ലൊന്നിനാലും.

൭

“ചരണകമലസേവാസക്തയാമെന്നൊടേവം
തരളമൊഴികളോരോന്നെന്തിനോതുന്നു നാഥ!
വിരവൊടു വനയാത്രയ്ക്കുദ്യമിച്ചീടുമിന്നെൻ-
കരളണുവുമിളക്കുന്നില്ല നിൻവാഗ്വിലാസം.

൯൯

പതി വിപിനതലത്തിൽ സങ്കടപ്പെട്ടു വൻദു-
സ്ഥിതിയൊടു നിവസിച്ചാനാം നയിച്ചീടവേ താൻ
അതിരുചിരഗൃഹത്തിൽ സൌഖ്യമാസ്വാദിക്കുകെന്നോ
സതിയുടെ കുലധൎമ്മം യുക്തമീ യുക്തിവാദം!

൱

നരനബല ബലം താനെന്തൊരാപത്തിലും, സ്ത്രീ-
നിരയുടെ ബലമപ്പോൾ പൂരുഷന്മാരുമല്ലോ;
വരതനുവെ വെടിഞ്ഞൊററയ്ക്കു താൻ ജീവിതത്തെ-
ധരയിലിഹ വഹിപ്പോരെത്ര ജീവന്മൃതന്മാർ!

൱൧

തിരുവടിയുടെ കൂടെസ്സഞ്ചരിക്കുന്നമൂലം
വരുമഴലുകളെല്ലാം സന്തതം ഞാൻ സഹിക്കാം
ഒരു നിമിഷവുമന്യനാഥ! നിന്നെപ്പിരിഞ്ഞി-
ട്ടുരുവിൽ മരുവിടാനിന്നൊട്ടുമാശിപ്പതില്ല.

൱൨

വനഭുവി മമ നാഥാ! നിന്നൊടൊന്നിച്ചിരുന്നാ-
ലനശനമമൃതം മേ ഗുല്മ കട്ടാരശേഷം
മനസി രുജ വളൎത്തും പാറതന്മേല്പുറം നൽ-
ക്കനകമണിവിരാജത്തല്പമല്ലേതരാമം.

൱൩

കരികളുടെ കടത്തെബ്ഭേദനംചെയ്തു ദൎപ്പാ-
തുരർ ഹരികൾ പൊഴിക്കും പ്രൌഢഗംഭീരനാദം
വരനരികിലിരിക്കിൽ കാതിലമ്മഞ്ജുവീണാ-
സരളരവമെനിക്കുന്നായതിൽബ്ഭീതി തോന്നാൻ?

൱൪

കുശികതനയയാഗത്രാണകൎത്താവു, നാനാ-
വശികളുടെ ഗണത്താൽ സ്തൂയമാനാപദാനൻ,
നിശിതമതി ഭവാൻതൻപത്നിയാമെന്നെ വന്നാ-
നിശിചരർ തൊടുമെന്നാൽ പാററതൻ തീററ തിണ്ണം.

൮൨

ശമദമരതർ പുറവും നിന്നു രക്ഷിച്ചുപോരും—
സ്വമഹിതകലശാബ്ധിക്കോട്ടതന്നുള്ളിലെന്നും
രമണചരണസേവാഖ്യാമൃതത്തോടിരിയ്ക്കും—
പ്രമദകരം യമണ്ടിൽക്കൂടിയും കുശലരേറോർ.

൮൩

ഖലർ ദനുജരെയത്യുഗ്രാഹവത്തിങ്കൽ വെന്നാ—
വലഹരനുടെ നാട്ടും കാപ്പവൻതൻസുതൻ നീ
കലമഹിമ വിളങ്ങും രാഘവൻ, കഷ്ടമേ ദുർ—
ബലനൊരുവളെ നോക്കാനെന്നതോ ചൊൽവു ചിത്രം!

൮൪

ഒരുവളെ നിജഗാത്രാർദ്ധത്തെ രക്ഷിച്ചുകൊള്ളാ—
നരുതുവിധമുള്ളോരാ നിനക്കൂഴിപത്വം
തരുവതിനു തുനിഞ്ഞീടാത്ത താതന്റെ ചിന്താ—
വിരുതിനു നിരൂപിച്ചാലെത്ര നാം കൂപ്പീടേണം?

൮൫

നിരുപമതരമാം തൻപൌരുഷത്തെ സ്മരിയ്ക്കാ—
തൊരുവക വിട്ടുവാക്കിന്നെന്തിനെന്നോടുരപ്പൂ;
തിരുവടിയൊടുകൂടെപ്പോരുവാനാജ്ഞ വേഗം
തരുവതിനു മടിച്ചാൽ പാശമാമാശ്രയം മേ."

൮൬

ജനകതനുജയിങ്ങിനെ പറഞ്ഞു തദശ്രുഗളൽ—
സ്തനഘൃണാർദ്രയായ് പുരുവിഷണ്ണ വസിച്ചിടവേ,
അനഘനവൻ മഹാമതി വിപിനഗമനച്ചൊല്ലു ഹിതാ—
ലനുഗമനാജ്ഞ നല്കി രമണിയ്ക്കു രഘുപ്രവരൻ.

൯൦

പീനനയം കലൻറ പതിയന്ന കുതൂഹലിയായ്
കാനനചംക്രമണമതി പാതി കൊട്ടത്തിടവേ,
ഘന നനവസ്തുവാൽ കലിതമാകെയകന്ന തെളി-
ഞ്ഞാനനമുന്നതപ്രിയമിയന്ന സതിയ്ക്കു ജവം.

൯൧

ശ്രീദേവിയോടു സമമാം തനുകാന്തി ചിന്നും-
വൈദേഹിയോടുമനുജാതനൊടും സമേതൻ
ഹാ ദേഹരാജ്യധനചിന്ത വെടിഞ്ഞരണ്യ-
ഭൂദേശവാസമതിനുദ്യതനായി രാമൻ.

൯൨

മൂന്നാളും കോസലേന്ദ്രാത്മജ മരുവിടമാ-
ഹേമഹർമ്മ്യത്തിനുള്ളിൽ-
ച്ചെന്നാത്തക്കുന്താരരറിഞ്ഞങ്ങവരതു കലശം-
ദേവിതൻ കാല്ക്കൽ വീണാർ;
നന്നായിത്താവകാരാഗൃഹമയമണിദീ-
പാംസുപുഞ്ജാൽ തമസ്സും-
ച്ചിന്നും കാന്താരമാർഗ്ഗങ്ങളിലിവർ തെളിവേ-
ല്ക്കണമെന്നായിരന്നാർ.

൯൩

നീരാളും കൺതുടച്ചപ്പൊഴുതു നിജഗളം
സ്വാസ്ഥമാക്കി പ്രയത്നാൽ,
ധീരത്വം തെല്ലുപൂണ്ടാത്മജരൊടു ഹിതമായ്-
ദ്ദേവി കൌസല്യ ചൊന്നാൾ;
‘ശൈപാരം നിങ്ങൾക്കേക ഭവ്യം രവികുലപാരദൈവ-
വങ്ങളും തുഷ്ടതേജ-
സ്സാരം വാഴ്ത്തും വസിഷ്ഠാദികൾ ഗുരുവരരും
നിത്യവും നല്കിടട്ടേ!

൯൪

ഈ വംശം വത്സ! നിന്നാലിതുമുതലധികം
    ശുദ്ധമായ്, പുത്രരാലും—
സ്ത്രീവർഗ്ഗത്തിന്നമപ്പോലിതുമുതലിവൾ നി—
    ന്നമ്മ താന്മാന്യയായി;
ജീവൻകൂടിപ്പിതാവിൻഹിതമതിന്ന ഹിതാൽ
    സന്ത്യജിയ്ക്കുന്ന പുത്രൻ
നീ വന്നണയായ്മൂലം മമ ജനനമതോ
    പുണ്യപുണ്യാഗ്രഗണ്യം.”

൯൫

നില്ക്കാതെ കണ്ണുനീരൊഴുകിന്ന വദനമിയ—
    ന്നമ്മയിമ്മട്ടരുളു—
തൃക്കാലിൽ താണു വീണ്ടും പ്രണമനമവര—
    ത്ത്യാദരത്തോടു ചെയ്താർ;
ഉൾക്കാമ്പാകെട്ടുന്നടക്കീട്ടിടറുമൊരുഗളൂ—
    ന്നൂണ്ടു മെല്ലന്നു യാത്രാ—
വാക്കോരാൽ ചൊല്ലിയാ രാഘവർ നിജജനനീ—
    വാസഗേഹം വെടിഞ്ഞാർ.

൯൬

ഏവം ചേർത്താവിശാലനഗമനമതി—
    ന്നാശ്യമിയ്ക്കുന്ന നാനാ—
പൌരന്മാരെ പ്രയത്നത്തൊടു നയവചസാ
    പിൻതിരിപ്പിച്ചുകററി,
സാരജ്ഞൻ മന്ത്രിയോടൊത്തരിയ രഥമതിൽ—
    ക്കേറിയാ രാഘവന്മാർ
ധീരത്വം പൂണ്ടു ധാത്രീസുതയൊടുമൊരുമി—
    ച്ചാസ്ഥലം വിട്ടുപോയാർ.

൯൭

സൂനത്താൽ കാന്തി ചിന്തീടിന തരുനിരയെ-
കൌതുകാൽ കണ്ടു കണ്ടും,
ഗാനത്തിൽ സക്തമാകും ഖഗതതിയുടെ പാ-
ട്ടാദരാൽ കേട്ടു കേട്ടും,
ജ്ഞാനത്താൽ സിദ്ധരാകും മുനികളുടെ മഹാ-
ശിസ്സു മേൽ പൂണ്ടു പൂണ്ടും
നാനാദേശം കടന്നായവർ സുഷമ പെരും-
ചിത്രകൂടത്തിലെത്തി.

൯൮

അനുപമവിജയശ്രീലാളിതാഭോഗരാകും-
മനുജവരകുമാരന്മാരുമാ സീതതാനും
വനനിലയനിവാസം മൂലമാപൂർണ്ണഹർഷ-
ത്തിര വശഗതരായിത്തത്ര സൌഖ്യേന വാണാർ.

ശ്രീമദ്വ്യാഘ്രാലയപുരസ്ഥമാകിന വട-
ക്കുംകൂർകുലത്തിൽ ധൃത-
ക്ഷേമം വാച്ചു ജനിച്ചു ഭൂപനൊരുവൻ
തദ്രാജരാജാഭിധൻ,
രാമൻതൻകഥയായ വീരവിജയം-
കാവ്യത്തിനെക്കൈരളീ-
പ്രേമത്തോടു രചിപ്പതിൽ ദശമമാം
സർഗ്ഗം സമാപ്തം ശുഭം.

രഘുവീരവിജയം പത്താംസർഗ്ഗം സമാപ്തം.

ശുഭം.

ശുദ്ധിപത്രം

സർഗ്ഗം.	പദ്യം.	അശുദ്ധം.	ശുദ്ധം.
൧	൨൭	കാന്ദൃകി	കാന്ദൃക്കി
൧	൭൩	തപള്യ	തവള്യ
൨	൯	വൈധതി	വൈധവതി
"	൨൧	നാസിത	ണാസിത
൪	൪൭	സ്ഫ്പ്രണീയ	സ്പൃഹണീയ
"	൫൯	സതിയഥ	സതിയതഥ
൭	൮	വരാശി	വാരാശി
"	൨൬	പൂരുഷർ	പൂരുഷർ
"	൨൪	ഭരതനാട	ഭരതനോട
"	൪൨	മഗ്ഗാം	മാഗ്ഗം
"	൪൪	ഔരത്യ	ഔരാത്യ
"	൧൧൬	കാൺ	കൺ
൯	൧	നീങ്ങി	നീങ്ങീ
"	൧൦	ഭാരാപ	ഭരാപ
"	൧൩	ശ്രീത	ശ്രിത
"	൧൮	മഗീതിഗ	മഗീതീഗ
"	൬൧	രസ്സു	റസ്സു
"	൬൬	ച്ചോര	ച്ചോര
"	൬൩	രവണി	രവിണി
"	൪൮	ശ്രീയാം	ശ്രീയാം
"	൭൨	ശാപ്പേ	ശപ്പേ
"	൭൫	സുരകാ	സൂരകാ
"	൯൦	കടലി	കടലി
"	"	ററൽ	റവൽ
"	൫൦	നാകലിൽ	നാകലിൻ
"	൫൬	ലീരി	ലീരീ

സൎഗ്ഗം.	പദ്യം.	അശുദ്ധം.	ശുദ്ധം.
൩	൨൪	പീനോ	പീനൌ
,,	൨൭	ധീരാഗ്രൻ	ധീരാഗ്ര്യൻ
൭	൫	കിന്നരൻ	കിന്നരർ
൮	൪൰	ളിങ്ങനെ	ളെങ്ങനെ
,,	൩൮	തി!	തി

കേരള സാഹിത്യ
അക്കാദമി